2022 FEBRUARY
VOL 21
ISSUE 02
PAGE 48
PRICE ₹50

# കെയ്റോസ്

കൗമാരക്കാർക്കും യുവജനങ്ങൾക്കുമായുള്ള കത്തോലിക്കാ മാസിക



**JESUS YOUTH**
A MISSIONARY MOVEMENT AT THE SERVICE OF THE CHURCH

www.jykairosmedia.org




തിരുനാൾ – ഫെബ്രുവരി 14

## രക്തസാക്ഷി വി. വാലന്റൈൻ

ക്രിസ്തുവിന്റെ രക്തസാക്ഷിയായ വി. വാലന്റൈൻ, ഏകാന്ത ജീവിതങ്ങളുടെ പരിഹാരമാണല്ലോ അങ്ങ്. അനേകരുടെ ജീവിതത്തിൽ അങ്ങ് സ്നേഹവും ഐക്യവും നിറയ്ക്കുന്നു. ഇന്ന്, എന്റെ ഹൃദയത്തിലെ ശൂന്യത നീക്കി സ്നേഹം നിറയ്ക്കാൻ ഞാൻ എന്നെ ദൈവത്തിനു സമർപ്പിക്കുകയാണ്. ദയവുചെയ്ത് എന്റെ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ അങ്ങ് ക്രിസ്തുവിനോടു പ്രാർഥിക്കണമേ.. ആമേൻ.





# എഡിറ്റേഴ്സ് റൂം




ജീസസ് യൂത്ത് ഫുൾടൈമേഴ്സ് മൂന്നാം ബാച്ചിന്റെ പരിശീലനത്തിന്റെ ദിനങ്ങൾ. ഒരു ദിവസം അപരിചിതനായ ഒരു വ്യക്തി അവിടെ കയറി വന്നു. എന്താണു കാര്യമെന്നന്വേഷിച്ചവരോട് അയാൾ ചോദിച്ചു: "സാജു ചെറിയാൻ എന്നൊരാൾ ഇവിടെയില്ലേ? ഇന്നലെ ഞാൻ അയാളെ പരിചയപ്പെട്ടിരുന്നു. അയാൾ ക്ഷണിച്ചതു കൊണ്ടാണ് ഞാനിവിടെ വന്നത്. ക്രിസ്തുവിനെ അനുഭവിച്ചതും അതയാളിൽ ഉണ്ടാക്കിയ മാറ്റങ്ങളെക്കുറിച്ചും അയാളെന്നോടു പറഞ്ഞിരുന്നു. എന്റെ ഹൃദയത്തിൽ തട്ടിയാണ് അയാൾ സംസാരിച്ചത്; അതാണ് ഞാനിവിടെ വന്നത്." ഇതുപറഞ്ഞ അക്രൈസ്തവനായ ആ മനുഷ്യന്റെ വാക്കുകൾ പലർക്കും പ്രചോദനമായിരുന്നു.

ഹൃദയത്തിന്റെ ഭാഷയിൽ സംസാരിക്കുന്നവർക്കാണ് മറ്റുള്ള മനുഷ്യരെ സ്വാധീനിക്കാൻ കഴിയുക. ഹൃദയത്തിൽ നിറഞ്ഞിരിക്കുന്നത് എന്താണോ അതാണ് അധരത്തിലൂടെ പുറത്തു വരുന്നത്. ഭാഷയിലൂടെയും, വികാരത്തിലൂടെയും, പ്രവൃത്തിയിലൂടെയും അത് തെളിഞ്ഞു വരും. "നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽ നിന്ന് നന്മ പുറപ്പെടുവിക്കുന്നു" എന്ന ദൈവവചനം ഹൃദയത്തിലെ നിക്ഷേപത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുന്നു.

ആധുനിക സാങ്കേതിക ലോകത്ത് വളരെ സുപരിചിതമായ വാക്കാണ് ക്രെഡിറ്റ് സ്കോർ (Credit Score) എന്നത്. ഒരു വ്യക്തി നടത്തുന്ന സാമ്പത്തിക ക്രയവിക്രയങ്ങളെ സാങ്കേതിക വിദ്യകളിലൂടെ വിശകലനം ചെയ്താണിത് രൂപപ്പെടുത്തുന്നത്. ഹൃദയത്തിലെ നിക്ഷേപവും ഇതുപോലെ തന്നെയാണ്. ചിന്തകൾ, ഉദ്ദേശശുദ്ധി, മനോഭാവം എന്നിവയ്ക്ക് അനുസൃതമായാണ് ഹൃദയ നിക്ഷേപങ്ങൾ രൂപപ്പെടുക.

അപരന്റെ നിസ്സഹായതയിൽ കരം നീട്ടി കൊടുക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത് അവന്റെ ഹൃദയത്തിൽ സ്വരൂപിച്ചിട്ടുള്ള ചില പുണ്യങ്ങളാണ്. ഭാര്യയും ഭർത്താവും കലഹിക്കുന്നതിനിടയിൽ ഭാര്യ പറഞ്ഞു: "നിങ്ങൾക്ക് നിങ്ങളുടെ ബിസിനസ്സാണ് ഏറ്റവും വലുത്; രാവിലെ ഉണരുന്നത് മുതൽ രാത്രി കിടക്കുന്നതു വരെ ഇതിനെക്കുറിച്ചു മാത്രമാണ് നിങ്ങളുടെ ചിന്ത; എനിക്കും കുട്ടികൾക്കും ഒരു സ്ഥാനവുമില്ല." "ഞാൻ അധ്വാനിക്കുന്നത് നിങ്ങൾക്കു വേണ്ടിയാണ്" എന്ന് ദേഷ്യപ്പെട്ട ഭർത്താവ് ഒരു നിമിഷം ചിന്തിച്ചു; തന്റെ അധ്വാനം എന്തിനു വേണ്ടിയാണ്? ഈ ചിന്ത ആ മനുഷ്യന്റെ ജീവിതത്തെ വല്ലാതെ സ്വാധീനിച്ചു. കുടുംബത്തിനു വേണ്ടി കൂടുതൽ സമയം അയാൾ നീക്കി വയ്ക്കാൻ തുടങ്ങി. ഹൃദയത്തിൽ അയാൾ സ്വരൂപിച്ചിരുന്ന നല്ല നിക്ഷേപത്തിൽ നിന്നാണ് ഇപ്രകാരം ചിന്തിക്കാൻ ഇദ്ദേഹത്തിനായത്.

മൂന്നാം നൂറ്റാണ്ടിൽ റോമിൽ നടന്ന മതപീഡനത്തിൽ രക്തസാക്ഷിയായ ഒരു പുരോഹിതൻ പിന്നീട് വിശുദ്ധനായി തീർന്നു. ആധുനിക ലോകത്ത് ഹൃദയ സംഭാഷണത്തിന്റെ പര്യായമായി ആ വിശുദ്ധന്റെ തിരുനാൾ ആഘോഷിക്കപ്പെടുന്നു. ഹൃദയത്തിൽ നിഷ്കളങ്കമായ സ്നേഹമെന്ന നിക്ഷേപം കൂട്ടിവയ്ക്കാനാണ് അദ്ദേഹം പഠിപ്പിച്ചത്. ഫെബ്രുവരി 14-ന് തിരുനാൾ ആഘോഷിക്കുന്ന ആ വിശുദ്ധന്റെ പേര് വാലന്റൈൻ എന്നാണ്. സ്നേഹമെന്ന വികാരത്തിന്റെ ചിത്രം ഹൃദയമാണെന്നും, ഹൃദയത്തിന്റെ ഭാഷ മറ്റുള്ളവന്റെ ഉയർച്ചയ്ക്കു വേണ്ടി സഹിക്കാനുള്ള കരുത്താണെന്നും ജീവിതംവഴി കാണിച്ചു തന്ന വിശുദ്ധൻ. ഹൃദയത്തിൽ ശുദ്ധമായ സ്നേഹം നിക്ഷേപിക്കാം.

വാലന്റൈൻ ദിനാശംസകൾ.

എഡിറ്റർ-ഇൻ-ചീഫ്
jjadvocatesjy@gmail.com

# ഉള്ളടക്കം


**06**
**കെട്ട കാലത്തെ കെടാത്ത കാര്യങ്ങൾ**
ശശി ഇമ്മാനുവേൽ

**12**
**ചായ, ചായ, ചൂട് ചായ**
ഫാ.ജോസഫ് പുത്തൻപുരക്കൽ


**19**
**പണം ലക്ഷ്യമല്ല ...**
സാജൻ സി.എ.

**22**
**'മണി'യടിയിൽ വീഴാത്തവർ ഭാഗ്യവാന്മാർ**
എൽസീന ജോസഫ്

**24**
**തൊപ്പിയിലെ മഞ്ഞ്**
ശശി ഇമ്മാനുവേൽ

**30**
**ജീസസ് യൂത്ത് പ്രതിമാസ വിചിന്തനം**

**09**
**മുതിർന്നവരുടെ ചുമലിലേറാൻ പ്രാപ്തരാകണം**
ഡോ. എഡ്വേർഡ് എടേഴത്ത്


**34**
**ന്യൂസ് ഹൈലൈറ്റ്സ്**
സണ്ണി കോക്കാപ്പിള്ളിൽ

**37**
**ടീൻസ്പിരിറ്റ്/ചർച്ച് & സയൻസ്**
ജൂഹി എൽസ് ജി. & സിന്റോ വി. വർഗീസ്

**38**
**നീയെന്റെ പ്രാർഥന കേട്ടു**
ചെറി പോൾ, ചങ്ങനാശേരി

**40**
**ഭീമന്റെ വഴി**
സിബിൻ ജോസ്

**42**
**വാർത്താവിചാരം**
സണ്ണി കോക്കാപ്പിള്ളിൽ

**44**
**കൂട്ട്**
വെങ്കി & സ്റ്റീവ് വർഗീസ്

**46**
**ചിരിയും ചിന്തയും**
ജോയ്സ് കെ. ജോസ്



**കെയ്റോസ്** KAIROS • 2022 FEBRUARY • VOL 21 • ISSUE 02 • PAGE 48



Bp. Mar Raphael Thattil
*(Ecclesiastical Advisor, Jesus Youth International)*

**Patrons**
His Beatitude Baselios Cardinal Cleemis
*(Patron, Jesus Youth International)*
His Grace Archbishop Christopher Charles Prowse
*(Patron, Jesus Youth International)*

**Spiritual Director**
Rev. Fr. Shoji Vechoorkarottu *(KJYC Animator)*

**Printer and Publisher**
Reji J. Karot 9447394142

**Executive Director**
John Sunny 9400686781 *(KJYC Coordinator)*

**Editor-in-Chief**
Adv. K.J. Johnson 9447245745

**Executive Editor**
Sajan C.A 9895711718 (kairosmag@jykairosmedia.org)

**Associate Editor**
Sunny Kokkappillil 9446890744

**Editorial Board**
Dr. Chackochan Njavallil 9447572513
Arun Antony 9447378547
Shaji Joseph 9895405631
Dr. Nycil Rajesh 9446123934
Joby Thomas 9995213936
Dr. Vineetha Joby 9447499439
Elseena Joseph 9497379891
Jinto John 9495630089
Alfred Wilson 8590834155
Ann Sebastian 7907203851
Chippy Theres Baby 9605895079

**Circulation Co-ordinator**
Leena Shaju +91 6238279115 circulations@jykairosmedia.org

**Associate Circulation Managers**
***Australia:*** Mintu Vijoy, Melbourne +61 452538785
***Bahrain:*** Roshan George, Manama + 973 36906995
***Cambodia:*** Sophearong Ravy, Phnom Penh +855 964265472
***Canada:*** Joby Joseph, Ontario +12899 686 074
***Germany:*** Anna Paul, Berlin +49 176 83495451
***India:*** Jackulin Sheela, Mumbai +91 9967329244
***Ireland:*** Suresh V Joy, Dublin. +35 3879630904
***Israel:*** Jaison K Thattil, Tel Aviv +972 559425308
***Kuwait:*** Anish Thomas Kappil, Salmiya +965 90063685
***Malaysia:*** Deepu James, KL Sentral +60 12649 4628
***Netherlands:*** Jojo Varghese, Utrecht +31 684974552
***New Zealand:*** Derick Daniel, Auckland +64 291270650
***Oman:*** Jino, Muscat +96895384654
***Papua New Guniea:*** Abin Michael, Port Moresby +675 74794368
***Qatar:*** Jomichan P George, Doha + 974 33688437
***Singapore:*** Jilu Nobin, Sengkang +65 93294529
***Switzerland:*** Joseph C Robert, Zurich +41 762499295
***Thailand:*** Mary Harris, Bangkok +66 843138626
***UAE:*** Seejo, Dubai + 971 502782383
***Uganda:*** Dominic Mathew, Kampala +256 757207200
***UK:*** Mathachan Madukkakuzhy Stoke on Trent + 44 7969365686
***USA:*** Denny Joseph, Houston +1 8326403106

**Finance Manager**
Rani George +91 9446563335 finance@jykairosmedia.org

**Office**
Smitha Jose: smitha.jose@jykairosmedia.org



**Mailing Address**
*INDIA:* 8/174, Navodaya Studio Complex, Thengode P.O, Kochi 682030, Kerala, India.
infoin@jykairosmedia.org +91 484 2984327

*USA:* Kairos International Inc., 3010 Mason Grove Ln, Pearland, TX 77584 USA
info@jykairosmedia.org +1 832 592 3675

www.jykairosmedia.org Facebook.com/Readkairos Twitter.com/kairosmalayalam

**Design:** Shaji Joseph Arakkal +91 98954 05631 arakkalshaji@gmail.com



# കളിമണ്ണ്

16

ഫാ. ജോയി വടക്കുംചേരി എസ്.ഡി.ബി.

സു വിശേഷത്തിന്റെ ആനന്ദം താനനുഭവിച്ചത് മറ്റുള്ളവർക്കുകൂടി കിട്ടണമെന്നത് ഗുരുവായൂർകാരനായ ആന്റോയ്ക്ക് വലിയ നിർബന്ധമുള്ള കാര്യമായിരുന്നു. പ്രവാസ ജീവിതമൊക്കെ നിറുത്തി നാട്ടിലെത്തിയ അദ്ദേഹം ഇടവകയിൽ സജീവമായി പ്രവർത്തിച്ചു വരുമ്പോ ളാണ് തന്റെ ഇടവകയിൽ പലർക്കും കെയ്റോസ് മാസിക കിട്ടുന്നില്ലാ യെന്നറിയുന്നത്. ഉടൻ തന്നെ സ്വന്തം പോക്കറ്റിൽ നിന്നും പണമെടുത്ത്, 100 കെയ്റോസ് മലയാളം, 'നിശ്ശബ്ദനായ കൊലയാളി' എന്ന കൈപ്പു സ്തകം, കെയ്റോസ് ബഡ്സ്, കെയ്റോസ് ഗ്ലോബൽ എന്നിവയെല്ലാം കെയ്റോസിന്റെ ഓഫീസിലുള്ള ലീനയെ വിളിച്ച് ഓർഡർ നൽകി. ഒരാഴ്ചക്കുള്ളിൽ എല്ലാം കിട്ടിയ അദ്ദേഹം 'കുട്ടികൾ നന്മകൾ വായിച്ചു വളരട്ടെ' എന്നപേരിൽ സൺഡേ ക്ലാസ്സിൽ വലിയൊരു ഫ്ളക്സ് ബോർഡും വച്ചു. സബ്സ്ക്രിപ്ഷൻസ് കളക്റ്റ് ചെയ്ത് ആന്റോ വീണ്ടും ലീനയെ വിളിച്ചു. പുതുവർഷത്തിൽ ആശംസകൾ നേരാൻ വിളിച്ച കൂട്ട ത്തിൽ ആന്റോ ഈ വിവരങ്ങളും പറഞ്ഞത് ലീനയ്ക്ക് ഇരട്ടിമധുരമായി.

പ്രിയ ആന്റോ, നമ്മുടെ കുട്ടികൾ കെയ്റോസ് വായിച്ച് നന്മയിൽ വളരണ മെന്ന ആന്റോയുടെ ദൃഢനിശ്ചയത്തിന് ഒരു ബിഗ് സല്യൂട്ട്. ആന്റോയുടെ ഈ പ്രവർത്തനങ്ങൾ വായനക്കാരായ അനേ കർക്ക് മാതൃകയാകട്ടെയെന്ന് പ്രാർഥിക്കുന്നു, നന്ദി.

ചീഫ് എഡിറ്റർ

## അറിയിപ്പ്

പ്രിയമുള്ളവരേ കെയ്റോസ് മാസിക യുടെ വരിക്കാരാകാനാഗ്രഹിക്കുന്ന വർക്കും കെയ്റോസിന്റെ ഈ യുവജന ശുശ്രൂഷയിൽ, സാമ്പത്തികമായി സഹാ യിക്കുവാനാഗ്രഹിക്കുന്നവർക്കും NEFT വഴിയോ, മറ്റേതെങ്കിലും രീതിയിലോ ബാങ്കിലേക്കു പണമടയ്ക്കാവുന്നതാണ്. ഇങ്ങനെ ബാങ്കിൽ പണമടയ്ക്കുന്നവർ ഈ വിവരം ദയവായി ഓഫീസിലേയ്ക്ക് അറിയിക്കുവാൻ താത്പര്യപ്പെടുന്നു.

94465 63335, 0484 2984327

**ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST, A/c No. 14690200009621
IFSC- FDRL0001469 / FEDERAL BANK,
KAKKANAD, SEAPORT - AIRPORT ROAD

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174
നവോദയ സ്റ്റുഡിയോ കോംപ്ലക്സ്
തെങ്ങോട് പി.ഒ., കാക്കനാട്
കൊച്ചി 682030

0484 2984327

kairosmag@jykairosmedia.org

www.jykairosmedia.org



32

# കാർലോസച്ചന്റെ വാക്കുകൾ

രമ്യ. പി. ജോയ്, കുവൈറ്റ്

കെയ്റോസ് മലയാളം /
കെയ്റോസ് ഗ്ലോബൽ ലഭിക്കാൻ

PRINT | ONLINE (Eng) | ONLINE (Mal)







ശശി ഇമ്മാനുവേൽ

# കെട്ട കാലത്തെ കെടാത്ത കാര്യങ്ങൾ

**അക്ഷമയും അരക്ഷിതാവസ്ഥയും അനീതിയും നിറയുന്ന അന്ധകാര ലോകത്തിൽ പ്രതീക്ഷയുടെയും പ്രത്യാശയുടെയും തിരിനാളം ഇപ്പോഴും കെടാതെ നിൽക്കുന്നുണ്ട്. കണ്ടെത്തുന്നവർക്ക് പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണത്.**

"ഈ ലോകത്തിൽ ദൈവമല്ലാതെ മറ്റൊരു വിശ്രമസ്ഥലം ഉണ്ടായിരുന്നുവെങ്കിൽ ഇതിനു മുമ്പുതന്നെ മനുഷ്യാത്മാവ് അതിന്റെ നീണ്ട ചരിത്രത്തിൽ അത് കണ്ടെത്തുമായിരുന്നു" (ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ).

ചിന്തകനായ ഫുൾട്ടൺ ജെ ഷീനിന്റെ നിരീക്ഷണത്തോട് ചേർത്തു വായിക്കാവുന്ന അനേക സങ്കീർത്തന വചനങ്ങളിൽ ഒന്നാണ് 84-ാം സങ്കീർത്തനത്തിൽ നിന്നുള്ള ഈ വചനങ്ങൾ. "എന്തെന്നാൽ, ദൈവമായ കർത്താവു സൂര്യനും പരിചയുമാണ്; അവിടന്ന് കൃപയും ബഹുമതിയും നൽകുന്നു; പരമാർഥതയോടെ വ്യാപരിക്കുന്നവർക്ക് ഒരു നൻമയും അവിടന്നു നിഷേധിക്കുകയില്ല. സൈന്യങ്ങളുടെ കർത്താവേ, അങ്ങയിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ" (സങ്കീ 84,11-12).

പ്രശസ്ത സാഹിത്യകാരനായ സുഭാഷ് ചന്ദ്രൻ 2020ലെ ക്രിസ്മസിന് തന്റെ ഫെയ്സ് ബുക്ക് പേജിൽ കുറിച്ചത് ഇങ്ങനെയാണ് "രക്ഷകനായി ഒരാൾ ഈ കെട്ട കാലത്തെങ്കിലും ഉരുവം കണ്ടിരുന്നെങ്കിൽ! എല്ലാ സുഹൃത്തുക്കൾക്കും ക്രിസ്മസ് ആശംസകൾ." പ്രതീക്ഷയുടെ എല്ലാ ദീപനാളങ്ങളും കെട്ട ഒരു ഇരുണ്ട കാലത്ത് 'മനുഷ്യന് ഒരു ആമുഖം' പോലൊരു കൃതി രചിച്ച് സാഹിത്യ ലോകത്തെ വിസ്മയിപ്പിച്ച പ്രതിഭാധനനായ ഒരാൾ വിലപിക്കുകയാണ്, ഒരു രക്ഷകനു വേണ്ടി! വിശുദ്ധ യോഹന്നാന്റെ ഈ തിരുവെഴുത്തുകൾ കാണാത്തതുകൊണ്ടോ, ആ വചനങ്ങളുടെ പൊരുൾ വെളിപ്പെടാത്തതുകൊണ്ടോ ആവണം ഒരാൾ ഇങ്ങനെയെഴുതിയത്. (സുഭാഷ് ചന്ദ്രന്റെ കാര്യത്തിൽ സാങ്കേതികമായി അതിൽ ഒരു തെറ്റുമില്ലതാനും). വിശുദ്ധ യോഹന്നാൻ എഴുതി, "അവൻ സ്വജനത്തിന്റെ അടുത്തേക്കു വന്നു; എന്നാൽ, അവർ അവനെ സ്വീകരിച്ചില്ല. തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവു നൽകി" (യോഹ 1,11-12).



രക്ഷകൻ ഉരുവാകാത്തതല്ല, രക്ഷകനെ ഹൃദയത്തിനു (ജീവിതത്തിനു) വെളിയിൽ നിറുത്തി, രക്ഷകന്റേതെന്ന മട്ടിൽ ജീവിക്കുന്ന കപടതയാണ് പ്രശ്നം. ഉറങ്ങുന്നവനെ ഉണർത്താം, ഉറക്കം നടിക്കുന്നവനെയോ! എന്തായാലും ഒരു കെട്ട കാലമാണ്. (ഒരു ദിനപത്രം വായിച്ചാൽ മതിയല്ലോ, തെളിവിന്), എങ്ങോട്ടെന്നറിയാതെ ഇടറി നീങ്ങുകയാണ് ഒമിക്രോൺ കാലത്തെ മനുഷ്യ ജീവിതം. ഹൃദയപൂർവകമായ ഒരു പുഞ്ചിരി സാധ്യമല്ലാത്ത വിധം ആകുലത പെരുകിയ കാലമാണ്. ഒ.ടി.ടി. സിനിമകളും, അൺലിമിറ്റഡ് ഡാറ്റ തരുന്ന ആനന്ദവും, ചെറിയ ട്രിപ്പുകളുമൊക്കെയായി ആഞ്ഞുപിടിക്കുമ്പോഴും ജീവിതത്തിന്റെ അനിശ്ചിതത്വത്തിന് ഇതൊന്നും ഒരു ഉത്തരമാകുന്നില്ല.

ചിന്തോദ്ദീപകമായ ഒരു ചിത്രം ഇന്ന് ആരോ അയച്ചു തന്നു. കുറേ അഴകുള്ള, എന്നാൽ ദാരിദ്ര്യത്തിന്റെ അടയാളം പേറുന്ന ബാലികാബാലന്മാരാണ് ചിത്രത്തിൽ. സെൽഫിക്ക് പോസ് ചെയ്യുകയാണ് അവരെല്ലാം; എന്നാൽ, ഫോട്ടോ എടുക്കുന്ന നിഷ്കളങ്കന്റെ കൈയിൽ ഫോണല്ല, ഒരു പഴയ കുട്ടിച്ചെരുപ്പാണ് ഉള്ളത്. ഫോൺ പിടിക്കും പോലെയാണ് പിടിച്ചിരിക്കുന്നത്, എല്ലാവരും നന്നായി പോസ് ചെയ്യുന്നുമുണ്ട്. താഴെ ഒരു

**ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മറ്റൊന്നു സംഭവിച്ചു. മരുന്നുകളോട് ശരീരം വളരെ നല്ല രീതിയിൽ പ്രതികരിക്കാൻ തുടങ്ങി. സാവധാനം അവർ പൂർണ സൗഖ്യത്തിലേക്ക് പ്രവേശിച്ചു.**

കുറിപ്പ് 'Camera is fake but the happiness is Real' ക്യാമറ വ്യാജമാണെങ്കിലും, സന്തോഷം അങ്ങനെയല്ല. ഇന്ന് നല്ല ഒന്നാന്തരം ക്യാമറകൾക്ക് മുമ്പിൽ നമ്മൾ വ്യാജമായ സന്തോഷം അഭിനയിച്ച് തകർക്കുകയാണ്. ഈ തിരുവെഴുത്ത് എത്രയോ സത്യമാണ്, ഇക്കാലത്ത്. "ചിരിക്കുമ്പോൾ പോലും ഹൃദയം ദുഃഖഭരിതമാണ്; സന്തോഷം സന്താപത്തിലാണ് അവസാനിക്കുക" (സുഭാ 14,13 ). പല സ്മാർട്ട് ടിക്-ടോക്ക്, യു ട്യൂബേഴ്സും ദുരന്ത പര്യവസായിയായി മാറുന്നതിന്റെ പിന്നിലെ കാരണമെന്താണ്?

മറക്കാതിരിക്കാം ഈ തിരുവചനത്തിന്റെ പൊരുൾ. "ദൈവമായ കർത്താവു സൂര്യനും പരിചയുമാണ്; അവിടന്നു കൃപയും ബഹുമതിയും നൽകുന്നു; പരമാർഥതയോടെ വ്യാപരിക്കുന്നവർക്ക് ഒരു നന്മയും അവിടന്നു നിഷേധിക്കുകയില്ല."

## ഭാഗം 2 - ഒരു സംഭവ കഥ

"എല്ലാ ദിവസവും കുറച്ചു സമയം ഏകാന്തമായിരിക്കുക. തിരുവചനം ധ്യാനിക്കുക. സകലതിനോടും, സർവരോടും ക്ഷമിക്കുക." തനിക്കു വേണ്ടി പ്രാർഥിച്ചിട്ട് ആ സഹോദരൻ പറഞ്ഞ മറുപടി കേട്ടിട്ട് ആ സ്ത്രീക്ക് ആശ്ചര്യമാണ് തോന്നിയത്. കഠിനമായ കാൻസർ രോഗമാണ്. ചികിത്സകളെ പരാജയപ്പെടുത്തി അർബുദം പടർന്നു തുടങ്ങിയപ്പോൾ, വേദനയിൽ സമാശ്വാസവും സൗഖ്യവും തേടിയാണ് അത്ഭുത സിദ്ധികളുണ്ടെന്ന് (രോഗശാന്തിവരം) പറയപ്പെടുന്ന ഒരാളെ തേടിയിറങ്ങിയത്. അത്ഭുതകരമായ രോഗശാന്തിതന്നെ പ്രതീക്ഷിച്ചിരുന്നു. പക്ഷേ, പ്രതീക്ഷകളെല്ലാം അസ്ഥാനത്താക്കി അദ്ദേഹം തീർത്തും നിസ്സാരമായ ചില നിർദേശങ്ങൾ നൽകി വീട്ടിലേക്ക് പറഞ്ഞയക്കുകയാണ് ചെയ്തത്.

എത്രയോ പ്രയാസകരമായ ചികിത്സകൾക്ക് ഇതിനോടകം തന്നെ അവർ വിധേയയായിരിക്കുന്നു. എന്തായാലും തിരികെ ഭവനത്തിൽ എത്തിയശേഷം വലിയ പ്രതീക്ഷയൊന്നും ഇല്ലാതെയാണെങ്കിലും ആ സ്ത്രീ അദ്ദേഹത്തിന്റെ നിർദേശങ്ങൾ അനുസരിക്കാൻ തീരുമാനിച്ചു. അല്പസമയം സ്വസ്ഥമായി ഇരിക്കുക. വചനം വായിച്ച് ധ്യാനിക്കുക. അസ്വസ്ഥതയുണ്ടാക്കിയ സാഹചര്യങ്ങളോടും വസ്തുക്കളോടും വ്യക്തികളോടും എന്നിങ്ങനെ സകലതിനോടും ക്ഷമിക്കുക. കുറച്ചുദിവസം അങ്ങനെ ചെയ്യാൻ തുടങ്ങിയപ്പോൾ ഹൃദയത്തിന് വലിയ ശാന്തത അനുഭവപ്പെടാൻ തുടങ്ങി. ഒരു തിരുവെഴുത്ത് ആ ദിവസങ്ങളിൽ അവർ ധ്യാനിക്കാനിടയായി "പകലിന്റെ മക്കളായ നമുക്കു വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം" (1 തെസ 5,8). ഈ വചനം അവരെ തെല്ലൊന്നുമല്ല സ്വാധീനിച്ചത്. അവർ അത് നിരന്തരം ഏറ്റുപറഞ്ഞു പ്രാർഥിക്കാൻ തുടങ്ങി. വിശ്വാസത്തിന്റെയും സ്നേഹത്തിന്റേയും കവചം മാറിലണിയാൻ ആ ഏറ്റുപറച്ചിൽ അവരെ സഹായിച്ചു. ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മറ്റൊന്നു സംഭവിച്ചു. മരുന്നുകളോട് ശരീരം വളരെ നല്ല രീതിയിൽ പ്രതികരിക്കാൻ തുടങ്ങി. സാവധാനം അവർ പൂർണ സൗഖ്യത്തിലേക്ക് പ്രവേശിച്ചു. യുഎസിൽ നിന്നും ഒരു സ്ത്രീ സാക്ഷ്യപ്പെടുത്തിയ ജീവിതാനുഭവമാണ് ഫാ. ടോബിൻ പങ്കുവച്ചത്.

ജീവിതത്തിൽ വലിയ പ്രതിസന്ധികൾ വലയം ചെയ്യുന്ന ആർക്കും പിന്തുടരാവുന്ന ചില ചെറിയ കാര്യങ്ങളാണ് രോഗിയായ ആ വനിതയ്ക്ക് കിട്ടിയ നിർദേശങ്ങൾ. കുറച്ചു സമയം ഏകാന്തതയിൽ ആയിരിക്കുക, ക്രിസ്തുവിന്റെ ഒരു ജീവിത ശൈലി ഇവിടെ കാണാം. "അതിരാവിലെ അവൻ ഉണർന്ന് ഒരു വിജനസ്ഥലത്തേക്കു പോയി. അവിടെ അവൻ പ്രാർഥിച്ചുകൊണ്ടിരുന്നു" (മർക്കോ 1,35).

നവീകരണത്തിലേക്ക് കടന്നുവന്ന തൊണ്ണൂറുകളിൽ കാണാമായിരുന്ന ഒരു കാഴ്ചയുണ്ട്. ഒഴിഞ്ഞ ദേവാലയത്തിലെ ഒരു കോണിൽ ഉപയോഗിച്ച് മുഷിഞ്ഞ തന്റെ ബൈബിളും, ചൊല്ലി ചൊല്ലി മുത്തുകൾ തേഞ്ഞുപൊട്ടാറായ ജപമാലയും, ഒരു കുപ്പിയിൽ ഇത്തിരി വെള്ളവുമായി മണിക്കൂറുകൾ മുട്ടുകുത്തി നിൽക്കുന്ന വിശ്വാസ വീരന്മാരായ മനുഷ്യർ. എത്രയോ യുദ്ധങ്ങളാണ് അവരങ്ങനെ പ്രാർഥിച്ച് ഒറ്റയ്ക്ക് നേരിട്ടത്.

ശാന്തമായ വിജനസ്ഥലം മറന്ന്, പ്രാർഥന വെടിഞ്ഞ്, സാമൂഹ്യമാധ്യമ ലോകത്ത് അലഞ്ഞുതിരിഞ്ഞ്, ആശ്വാസം തേടുന്ന ആത്മീയ മനുഷ്യരാണ് ഇന്നിന്റെ ദുരന്തം. സർവരോടും സകലതിനോടും ഹൃദയപൂർവം ക്ഷമിക്കാനുള്ള കൃപ പരിശുദ്ധാത്മാവിന്റെ ഒരു സമ്മാനമാണ്. തിരുവചന ധ്യാനം കൂടി ചേർന്നപ്പോൾ അർബുദ രോഗബാധിതയിൽ, അത്ഭുതം സംഭവിക്കാൻ അത് കാരണമായി.

ദൈവമല്ലാതെ മറ്റൊരു വിശ്രമ സങ്കേതം തനിക്കില്ലെന്ന തിരിച്ചറിവിനോളം വലുതെന്താണുള്ളത്! ഈ വർഷം ഒരു ശുഭ വത്സരമാകട്ടെ. "എന്നാൽ, അങ്ങേക്കു മാറ്റമില്ല; അങ്ങയുടെ സംവത്സരങ്ങൾക്ക് അവസാനമില്ല" (സങ്കീ 102,27).



ഡോ. എഡ്വേർഡ് എടേഴത്ത്

# മുതിർന്നവരുടെ ചുമലിലേറാൻ പ്രാപ്തരാക്കണം

“ഇന്നത്തെ യുവ നേതൃത്വത്തിന്റെ പ്രധാന പ്രതിസന്ധി എന്താണ്?' അത്താഴത്തിന് ശേഷമുള്ള സ്വതന്ത്ര ചർച്ചയ്ക്കിടെ ഒരു യുവാവ് ചോദ്യവുമായി എഴുന്നേറ്റു. വിവിധ സർവകലാശാലകളിൽ നിന്നുള്ള ജീസസ് യൂത്ത് വിദ്യാർഥി നേതാക്കൾക്കുള്ള വാരാന്ത്യ പരിശീലനത്തിനിടെ ആയിരുന്നു അത്. ഒരു ചൊല്ല് കടമെടുത്താൽ 'ഭീമന്മാരുടെ തോളിൽ നിൽക്കാൻ' ഇവരിൽ മിക്കവർക്കും കഴിയാതെ പോകുന്നു. അതിനാൽതന്നെ, പലർക്കും ഒന്നുകിൽ തീരെ വളർച്ചയില്ലാതാകുന്നു, അതല്ലെങ്കിൽ വലുതായി തുടങ്ങി പിന്നീട് വീണുപോകുകയും ചെയ്യുന്നു.”

## പക്വതയില്ലാത്ത അമിത ആത്മവിശ്വാസം

ഓർമയിൽ തങ്ങിനിൽക്കുന്ന അത്തരം ഒരു കഥ പീറ്ററിന്റേതാണ്. ഒരു യുവജന സെമിനാറിൽ ഞങ്ങൾ പരിചയപ്പെട്ടു. ആ പരിപാടി അയാൾക്ക് നല്ലൊരു അനുഭവമായിരുന്നു. ഉത്സാഹപൂർവം തുടർകൂട്ടായ്മയിലും അയാളെത്തി. പക്ഷേ, രണ്ടാഴ്ചകൾക്കു ശേഷം പിന്നെ പീറ്ററിനെ കണ്ടില്ല, 'സുവിശേഷ ദൗത്യം' എന്ന തിരക്കിന്റെ പേരിൽ അയാൾ ബന്ധങ്ങളും കൂട്ടായ്മയും ഒക്കെ മറന്നു. എന്നാൽ, പീറ്ററിന്റെ കൂട്ടുകാർ തുടർച്ചയായി ഒത്തുചേരുന്നുമുണ്ടായിരുന്നു. പിന്നെ അയാളെ കാണുന്നത് ഏതാനും വർഷങ്ങൾക്കു ശേഷമാണ്; അപ്പോൾ ആത്മീയമായി ഏറെ മോശം അവസ്ഥയിലും. ഒന്ന് ഞാൻ മനസ്സിലാക്കി, തന്റെ കഴിവിനും അപ്പുറം വെല്ലുവിളികൾ സ്വയം ഏറ്റെടുത്ത്, മറ്റുള്ളവരുമായി കൈകോർക്കാൻ കൂട്ടാക്കാതെ അയാൾ സ്വയം നഷ്ടപ്പെടുത്തി. തീർച്ചയായും, ബന്ധങ്ങൾ വിച്ഛേദിച്ചതാണ് അയാളുടെ വളർച്ചയ്ക്ക് വിഘാതമായത്.

ഒരു നവക്രൈസ്തവൻ അഭിമുഖീകരിച്ചേക്കാവുന്ന ഒരു പ്രശ്നം, ക്രിസ്തുവിനെ പുതുതായി അനുഭവിക്കാൻ അവസരം ലഭിച്ച ശേഷം, ഏറെ പെട്ടെന്ന് തിരക്കിലായി, കുറേ പ്രവർത്തനങ്ങളിൽ മുഴുകി, വളർച്ചയുടെ പാതയിൽ ചരിക്കാൻ അയാൾ വിട്ടുപോകുന്നു എന്നതാകാം. മറിച്ച്, നല്ല ക്രിസ്തീയ ജീവിതം ഒരു ശിഷ്യത്വ യാത്രയാണല്ലോ. യേശുവിനെ അനുഗമിക്കുകയും, അതോടൊപ്പം യേശുവിൽ നിന്ന് പഠിക്കാൻ അവിടത്തെ കാൽക്കൽ ഇരിക്കുന്ന വിശ്വസ്തരായ ശിഷ്യരോട് ഒത്തുനടക്കുകയും ചെയ്യുന്ന ഒരു നിരന്തര യാത്ര.

സ്വന്തമായി ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും ആരംഭിക്കാൻ തത്രപ്പെടുന്ന ചിലരുടെ 'ആത്മീയ കുടിൽ വ്യവസായ' പ്രവണതയെക്കുറിച്ച് ഒരു വൈദികൻ നർമഭാവത്തിൽ സംസാരിക്കുന്നത് കേട്ടു. സ്വന്തമായി സ്വതന്ത്രമായ സംരംഭങ്ങൾ അപക്വമായി കെട്ടിപ്പടുക്കുന്നതിനോ ഗ്രൂപ്പുകളിൽ നിന്ന് സ്വയം വേർപെടുത്താനോ ഒക്കെ ഉത്സുകരായ നേതാക്കളെയാണ് അദ്ദേഹം പരാമർശിച്ചത്. മാതൃ കൂട്ടായ്മകളും പ്രസ്ഥാനങ്ങളുമായി നീണ്ട സജീവ ബന്ധമില്ലെങ്കിൽ, ഈ നവജാതശിശുക്കൾക്ക് അവരുടെ പ്രചോദന സ്രോതസ്സുകളുടെ പക്വതയുടെ യാത്രയിൽ ഒരു പങ്കും ഉണ്ടാകാതെ പോകും എന്നതാണ് ഒരു വലിയ ദുരന്തം. മുൻപ് സൂചിപ്പിച്ച പീറ്ററിനെ പോലെ സമയമെടുത്ത് പക്വതയിൽ പങ്കുചേരാൻ പരാജയപ്പെടുന്നവർ ഒന്നുകിൽ



വളർച്ചയില്ലാതെ തുടരുകയോ അല്ലെങ്കിൽ വളരെ വേഗം കൊഴിഞ്ഞുപോകുകയോ ഒക്കെ ചെയ്യും.

## ഉയരമുള്ള ദൂരക്കാഴ്ചയുള്ളവർ

പ്രശസ്ത ഇംഗ്ലീഷ് ശാസ്ത്രജ്ഞൻ ഐസക് ന്യൂട്ടന്റെ പ്രസിദ്ധമായ വാക്കുകൾ: മറ്റുള്ളവരെക്കാൾ കൂടുതലായി എനിക്ക് കാണാനായിട്ടുണ്ടെങ്കിൽ അത് ഭീമന്മാരുടെ ചുമലിൽ നിൽക്കാൻ സാധിച്ചതിനാലാണ്. 'ഓരോ മഹത് വ്യക്തിയും മറ്റ് അനുഭവ സ്ഥരുടെ വൈദഗ്ധ്യത്തെ അടിസ്ഥാനമാക്കി കൂടെയാണ് ഔന്നത്യം നേടുന്നത്. 'ഒരു കുള്ളൻ ഭീമന്റെ തോളിൽ കയറുമ്പോൾ ഭീമനെക്കാൾ ദൂരെ കാണുന്നു' എന്ന് ഒരു ഇംഗ്ലീഷ് കവി കുറച്ചു കൂടെ രസകരമായി അത് പറഞ്ഞുവച്ചു. അങ്ങനെ അനുഭവപരിചയമുള്ള മുതിർന്നവരോടൊപ്പം നടക്കുമ്പോൾ, ചിലപ്പോഴെങ്കിലും നമ്മൾ അവരെയും മറികടക്കുന്നു.

മുതിർന്നവരുടെ തോളിൽ ഇരുന്ന് 'എനിക്ക് കൂടുതൽ പൊക്കമുണ്ടല്ലോ' എന്ന് വീമ്പിളക്കുന്ന കുട്ടികളെ കണ്ടിട്ടില്ലേ? തിരക്കിനിടെ, മറ്റുള്ളവരുടെ തോളിൽ ഇരുന്ന് കുട്ടികൾ ദൂരക്കാഴ്ചകൾ കാണാറുണ്ടല്ലോ. വ്യക്തിപരമായും കൂട്ടായ്മയിലും വളർച്ചയുടെ യാത്രയും ഏതാണ്ട് ഇതുപോലെയാണ്. ഏറെ ദൂരേ വ്യക്തമായി കാണാൻ നമ്മളും ശക്തനായ ഒരാളുടെ ചുമലിൽ കയറണം. ഒരാളുടെ വിശ്വാസ പക്വതയുടെയും ആധ്യാത്മിക സുസ്ഥിരതയുടെയും രഹസ്യമെന്താണ്? വ്യക്തവും ഉന്നതവുമായ ഒരു ദർശനം അയാൾക്ക് ലഭിക്കുന്നതല്ലേ? നിങ്ങളുടെ വിശ്വാസജീവിതം നന്നായി കെട്ടിപ്പടുക്കാൻ ഉറച്ച വ്യക്തികളെയും പാരമ്പര്യങ്ങളെയും കണ്ടെത്തി അതിൽ പണിതുയർത്തുക സുപ്രധാനമാണ്. ഇങ്ങനെ സമതുലിതവും പക്വവുമായ വ്യക്തി ജീവിതവും കൂട്ടായ്മയിലെ പങ്കാളിത്തവും കെട്ടിപ്പടുക്കാൻ നിങ്ങൾക്കാകും.

## ഉയർന്നു നിൽക്കാൻ പോരുന്ന തോളുകൾ കണ്ടെത്തണ്ടേ?

നമുക്ക് കയറാനും നിൽക്കാനും കഴിയുന്ന ഈ ഭീമന്മാർ ആരാണ്? ജീസസ് യൂത്തിന്റെ സുപ്രധാന ആദ്യകാല അനുഭവങ്ങളിലൊന്ന് വർഷംതോറും ഞങ്ങൾ പങ്കെടുത്തിരുന്ന രണ്ടോ മൂന്നോ ആഴ്ച നീളുന്ന ബാംഗ്ലൂരിലെ ദേശീയ വേനൽക്കാല ക്യാമ്പുകളായിരുന്നു. ആ ക്യാമ്പുകളിൽ ഉടനീളം പ്രഗത്ഭരായ ദേശീയ നേതാക്കൾ ഉണ്ടാകുമായിരുന്നു. ഞങ്ങളുടെ ആനിമേറ്റർമാരിൽ ഒരാളായ ആലീസ്കുട്ടി, എല്ലാ യുവ നേതാക്കളെയും നിർബന്ധിക്കുമായിരുന്ന ഒരു കാര്യമുണ്ടായിരുന്നു, അവരുമായി അടുത്തിടപഴകാനുള്ള ഈ അസുലഭാവസരം ഒരിക്കലും പാഴാക്കരുത്. എന്റെ ചിന്തയിൽ ഇക്കാലത്തെ ഒരു വലിയ ദുരന്തം ഇതാണ്, ഭൂരിഭാഗം ആളുകളും ഭീമന്മാരെ ഒരിക്കലും കണ്ടുമുട്ടുന്നില്ല. അതായത് ഉയർന്ന മാനസികവും ആത്മീയവുമായ സിദ്ധികളുള്ളവരുമായി അടുത്തിടപഴകാൻ അവർക്ക് അവസരമേ ലഭിക്കുന്നില്ല. വളർന്നവരെ കണ്ടുമുട്ടിയാലേ നമ്മളും വളരൂ!

ബൗദ്ധികവും ആത്മീയവുമായ നിലവാരമുള്ള ആളുകളുമായി അടുത്തിടപഴകാൻ യുവാക്കളെ സഹായിക്കുന്ന സംവിധാനങ്ങളാണ് ജീസസ് യൂത്ത് മുന്നേറ്റ ശൈലിയുടെ ഒരു നല്ല വശം. മിക്ക ജീസസ് യൂത്ത് ഗ്രൂപ്പുകളും ശുശ്രൂഷകളും വൈദികർ, സമർപ്പിതർ, പക്വതയുള്ള മറ്റു മുതിർന്നവർ എന്നിവരുമായി ഒരു തുടർബന്ധം സാധ്യമാകുന്നതിന് വേണ്ട സൗകര്യവും പ്രോത്സാഹനവും നൽകാറുണ്ട്. മുതിർന്ന വ്യക്തികളുമായി ഒരു 'എൽഡറിങ്ങ്' ബന്ധം വളർത്താനും യുവജനങ്ങളെ സഹായിക്കാറുണ്ട്.

നല്ല സമൂഹങ്ങൾ കെട്ടിപ്പടുക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നതിനിടെ, പൗലോസ് അപ്പസ്തോലൻ 'അപ്പസ്തോലന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ, ക്രിസ്തു തന്നെ മൂലക്കല്ലായി' പണിതുയർത്തേണ്ടതിന്റെ പ്രാധാന്യത്തെ പറ്റി പരാമർശിക്കുന്നു (എഫേ 2,20). നല്ല നേതാക്കൾ ഉണ്ടായിരിക്കുകയും അവരോട് സുദൃഢവും വിശ്വസ്തതാപൂർണവുമായ ഒരു ബന്ധം വളർത്തിയെടുക്കുകയും ചെയ്യുകയാണ് ശക്തമായ ഒരു ക്രിസ്തീയ കൂട്ടായ്മ കെട്ടിപ്പടുക്കുന്നതിന്റെ അടിസ്ഥാനം.

## യുവാക്കളെ തോളിൽ നിൽക്കാൻ സഹായിക്കുന്നു

'ക്രിസ്തു ജീവിക്കുന്നു' എന്ന പ്രബോധനത്തിൽ ഫ്രാൻസിസ് പാപ്പ യുവാക്കളോട് പക്വതയുള്ള ഒരു പൈതൃക ബന്ധം വളർത്തിയെടുക്കാൻ ആവശ്യപ്പെടുന്നുണ്ട്. 'പ്രായമായവരോട് അടുത്ത് നിൽക്കാൻ ദൈവവചനം നമ്മെ പ്രോത്സാഹിപ്പിക്കുന്നു, അങ്ങനെ അവരുടെ അനുഭവത്തിൽ നിന്ന് നമുക്ക് പ്രയോജനം നേടാനാകും.. അവരുടെ വർഷങ്ങൾ നീണ്ട ജീവിതവും അനുഭവ പരിചയവും അവരെ ആദരവോടെ കാണാൻ നമ്മെ പ്രേരിപ്പിക്കണം" (188). എന്നാൽ, "മുതിർന്നവർ പറയുന്ന എല്ലാ കാര്യങ്ങളും സ്വീകരിക്കണമെന്നോ അവരുടെ എല്ലാ പ്രവൃത്തികളും അംഗീകരിക്കണമെന്നോ ഇതിനർത്ഥമില്ല. തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ഒരു ജ്ഞാനം സ്വീകരിക്കാൻ തുറവി ഉണ്ടാകുക എന്നതാണ് പ്രധാനം, മനുഷ്യന്റെ ബലഹീനതയെക്കുറിച്ച് അവബോധമുള്ളതും ഉപഭോക്തൃ സമൂഹത്തിന്റെയും വിപണിയുടെയും പുതുമകൾക്ക് മുന്നിൽ അപ്രത്യക്ഷമാകാൻ ഇടവരാത്തതുമായ ഒരു ജ്ഞാനം" (190).

മുതിർന്നവരുടെ ചുമലിൽ നിൽക്കാൻ യുവാക്കളെ എങ്ങനെ സഹായിക്കാനാകും? സ്വയാശ്രയത്തിനും സ്വാതന്ത്ര്യബോധത്തിനും മുൻഗണന നൽകുന്ന ഒരു സംസ്കാരത്തിൽ, "സ്ഥാപിക്കപ്പെട്ടു കഴിഞ്ഞ" അടിത്തറയിൽ (1 കോറി 3,11) കെട്ടിപ്പടുക്കുന്നതിനുപകരം, 'എന്റെ ഗ്രൂപ്പ്' രൂപീകരിക്കാൻ സ്വതവേ ഒരു പ്രലോഭനമുണ്ട്. അതിനാൽ, ഒരു പ്രതിസംസ്കാര ബോധവും തത്ഫലമായുള്ള നവ സമീപനങ്ങളും രൂപപ്പെട്ടു വരേണ്ടതുണ്ട്. യുവാക്കൾക്ക് ബന്ധപ്പെട്ട് വളരാൻ പോന്ന പക്വതയും ലഭ്യതയുമുള്ള ധാരാളം മുതിർന്നർ ഉണ്ടാകേണ്ടതുണ്ട്; അവരുമായുള്ള ബന്ധത്തിന്റെ തുടർച്ച ഉറപ്പാക്കാൻ നിരന്തരമായ പ്രോത്സാഹനവും വേണം. ഒപ്പം നേതൃത്വ മേഖലയിൽ വിനയത്തിനും ലാളിത്യത്തിനും ഏറെ ഊന്നലുണ്ടാകണം; പിന്നെ, നേതാക്കൾക്കിടയിലും വിശാല സമൂഹത്തിലും ഐക്യം വളർത്തുന്ന ശൈലിയും നല്ല ആശയവിനിമയത്തിന്റെ സംസ്കാരവും വളരണം. ഇങ്ങനെയെല്ലാം മുതിർന്നവരുടെ ചുമലിൽ നിൽക്കാൻ നമ്മുടെ യുവാക്കളെ നമുക്ക് ഏറെ സഹായിക്കാനാവും. അങ്ങനെ നാളെ അവരും മറ്റുള്ളവർക്ക് ഉയർന്നുനിൽക്കാൻ അവരുടെ തോളുകൾ ഒരുക്കുകയും ചെയ്യും.

ലൈറ്റ് ഹൗസ്

ഫാ.ജോസഫ് പുത്തൻപുരക്കൽ



# ചായ ചായ ചൂട് ചായ

കെയ്റോസ് മീഡിയയുടെ ഫാമിലി കൂട്ടായ്മയിൽ, മുഖ്യാഥിതിയായെത്തിയ ജോസഫ് പുത്തൻപുരക്കലച്ചന്റെ സന്ദേശത്തിന്റെ പ്രസക്ത ഭാഗങ്ങൾ. 'ഒക്കെ ശരിയാ, പക്ഷേ ഒരൽപം കൂടെ വലത്തോട്ട് മാറണം' എന്ന തലക്കെട്ടിൽ കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ച പുത്തൻ പുരക്കലച്ചന്റെ സന്ദേശത്തിന്റെ രണ്ടാം ഭാഗം.

ദൈവം നമ്മെ നാല് വഴികളിലൂടെ നയിക്കുമെന്ന കാര്യം കഴിഞ്ഞ ലക്കത്തിൽ നമ്മൾ കണ്ടു. അങ്ങനെ അത്തരം വഴികളിലൂടെ ദൈവം നമ്മെ നടത്തുമ്പോൾ സത്യത്തിൽ, സുരക്ഷിതമായ അവസ്ഥയിൽനിന്ന് സുരക്ഷിതമല്ലാത്ത ഒരവസ്ഥയിലേക്ക് ദൈവം നമ്മളെ നയിക്കുകയാണ്. അതുവഴിയാണ് ദൈവം ശിഷ്യത്വത്തിൽ ഒരാളെ വളർത്തുന്നത്. ഒരു കാരണവശാലും നമ്മൾ ഭയക്കരുത്, പരാജയം കണ്ടു പരിഭ്രമിക്കുകയുമരുത്. ഏൽപിച്ച ശുശ്രൂഷകൾ ധൈര്യത്തോടുകൂടി, മനോഹരമായി പൂർത്തിയാക്കുക. അതിനായി മൂന്നു സ്ഥലങ്ങളിൽ ഇരിക്കാൻ നമ്മൾ പഠിക്കേണ്ടതുണ്ട്. ഒന്ന്: പരിശുദ്ധ കുർബാനയുടെ മുമ്പിൽ. രണ്ട്: വിശുദ്ധ കുരിശിന്റെ മുമ്പിൽ. മൂന്ന്: വിശുദ്ധ വേദപുസ്തകത്തിന്റെ മുമ്പിൽ. അങ്ങനെ ഇരുന്നു പഠിക്കുമ്പോൾ നമ്മുടെ ശുശ്രൂഷകൾക്ക് അഭിഷേകമുണ്ടാകും. പ്രവൃത്തികൾക്ക് കൃപയുണ്ടാകും. ഈ മൂന്ന് സ്ഥലങ്ങളിലും നമ്മളിരുന്ന് പ്രാർഥിച്ച്, പഠിച്ചു ശക്തി സംഭരിക്കണം.

ആരെങ്കിലും എന്തെങ്കിലും പറയുന്നത് കേൾക്കുമ്പോൾ നമ്മൾ വാടിപ്പോകരുത്. വിശ്വസിക്കുന്നവരുടെ കൂടെ അടയാളങ്ങളുണ്ടാകുമെന്നും മാരകമായ വിഷം കുടിച്ചാൽ അതവരെ ബാധിക്കില്ലായെന്നും കർത്താവ് പറയുന്നു. വിശ്വസിക്കുന്നു എന്നു പറഞ്ഞ് വിഷം എടുത്തു കുടിച്ചാൽ അത് ബാധിക്കില്ലായെന്നല്ല അതിനർഥം. നിങ്ങളുടെയും എന്റെയും ജീവിതത്തിൽ മാരകമായ വിഷം തുപ്പുന്ന കമന്റുകൾ നമ്മൾ ധാരാളമായി കേൾക്കേണ്ടിവന്നേക്കാം. പ്രാർഥിക്കാനായി സമയം കണ്ടെത്തുമ്പോൾ, കർത്താവിനു വേണ്ടി ഒരാൾ ജീവിക്കുമ്പോൾ, തളർന്നു പോകരുത് അവസാനശ്വാസം വരെ നമ്മൾ ഓട്ടം തുടരണം.

ഒരു ദിവസം തിരുവനന്തപുരത്തുള്ള ഞങ്ങളുടെ ആശ്രമത്തിലെ മുഴുത്ത ഒരുപട്ടി ഒരു രാത്രിയിൽ എട്ടരയായപ്പോൾ വാഴത്തോട്ടത്തിൽ നോക്കി ഭയങ്കരമായി കുരയ്ക്കുന്നുണ്ടായിരുന്നു. എട്ടേമുക്കാൽ ആയപ്പോൾ തൊട്ടടുത്ത മഠത്തിലെ പട്ടിയും കുരയ്ക്കാൻ തുടങ്ങി. പിന്നെ വീടുകളിലെ പട്ടികളും കുരച്ചു. ഒമ്പത് മണിയായപ്പോൾ ഗ്രാമത്തിലെ എല്ലാ പട്ടികളും കുരയ്ക്കാൻ തുടങ്ങി, കൂട്ട ഓർക്കസ്ട്ര. പക്ഷേ, ഒമ്പതര ആയപ്പോൾ അവസാനംവരെ കുരച്ചു നിന്ന പട്ടികളെല്ലാം ക്ഷീണിച്ചു. പക്ഷേ ഒമ്പതര കഴിഞ്ഞിട്ടും ആശ്രമത്തിലെ പട്ടി നെഞ്ചുപൊട്ടി കുരച്ചു. കാരണം ആശ്രമത്തിലെ പട്ടി വാഴത്തോട്ടത്തിൽ എന്തോ കണ്ടിട്ട് കുരച്ചു, നാട്ടിലെ പട്ടികൾ ആശ്രമത്തിലെ പട്ടി കുരയ്ക്കുന്നത് കേട്ട് കുരച്ചു. കേട്ടേച്ച് കുരച്ചാൽ കുര തീരും തളരും. കണ്ടിട്ട് കുരച്ചാൽ അവസാനശ്വാസംവരെ കുര തുടരും. കുരിശിൽ, കുർബാനയിൽ, ബൈബിളിൽ ഇപ്പറഞ്ഞതിനേക്കാളുമൊക്കെ കൂടുതൽ കണ്ടിട്ട് നമ്മൾ കുരയ്ക്കണം. അങ്ങനെയെങ്കിൽ നമ്മുടെ സാക്ഷ്യത്തിന് ഒരു ബലവും ശക്തിയും ഒക്കെ വരും.

നിങ്ങളും, വൈദികനായ ഞാനും ശുശ്രൂഷയ്ക്ക് ഇറങ്ങുമ്പോൾ ചില യോഗ്യതകൾ നമുക്കുണ്ടായിരിക്കണം. അതിലൊന്ന് പരിശുദ്ധാത്മ അഭിഷേകം ഉണ്ടായിരിക്കുക എന്നതാണ്. നമ്മുടെ വാക്കുകൾക്ക് ബലം കിട്ടാൻ, ദൈവത്തിലേക്ക് മനുഷ്യരെ അടുപ്പിക്കുവാൻ ഓരോരുത്തർക്കും ഓരോ വരമാണ് ദൈവം നൽകുന്നത്. ആ നിറവോടുകൂടി മാധ്യമങ്ങളിൽ നമ്മൾ വരണം, ശുശ്രൂഷകളിൽ നമ്മൾ നിറയണം. ജോയേൽ പ്രവാചകനിലൂടെ കർത്താവ് പറഞ്ഞു: 'എല്ലാ ദാസന്മാരുടെ മേലും ദാസിമാരുടെ മേലും പരിശുദ്ധാത്മാവിനെ ഞാൻ വർഷിക്കും.'

പരിശുദ്ധ മറിയം പറഞ്ഞു: 'ഇതാ കർത്താവിന്റെ ദാസി.' ആ നിമിഷത്തിൽ ദൈവത്തിന്റെ ആത്മാവ് മറിയത്തിന്റെ ഉദരത്തിൽ കൂടാരമടിച്ചു. ഞാൻ ഒന്നുമല്ല എനിക്കൊന്നുമില്ല, എല്ലാം ദൈവം എന്ന ചിന്തയിൽ ജീവിക്കുന്നവരിൽ ദൈവത്തിന്റെ ആത്മാവ് നിറയും. പ്രഭാതത്തിൽ ഉണരുമ്പോഴും രാത്രിയിൽ ഉറങ്ങാൻ പോകുമ്പോഴും ഈ ആത്മാവിന്റെ ശക്തിക്കായി നമ്മൾ പ്രാർഥിക്കണം.

മറ്റൊന്ന്, ഞാൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്, തെരഞ്ഞെടുക്കപ്പെട്ടവളാണ് എന്ന ചിന്തയാണ്. എഫേസൂസുകാരുടെ ലേഖനത്തിൽ ആവർത്തിച്ചു പറയുന്ന ഒരു ചിന്തയാണ് ലോക സ്ഥാപനത്തിന് മുമ്പേ തന്നെ യേശുക്രിസ്തുവിൽ നിർമലരും പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ദൈവം എന്നെ മുൻകൂട്ടി തെരഞ്ഞെടുത്തു എന്നത്. മൂന്നോ പത്തോ പേരോ നാമുള്ളുവെങ്കിലും അതുമതി. പുളിമാവ് അൽപം മാത്രം മതി. തെരഞ്ഞെടുക്കപ്പെട്ടവനാണ്, തെരഞ്ഞെടുക്കപ്പെട്ടവളാണ് എന്നുള്ള അഭിമാനം എല്ലാവർക്കും വേണം. ശുശ്രൂഷകളിൽ കുറേനാൾ ജീവിക്കുമ്പോൾ രണ്ട് ചിന്തകൾ വരാം. ഒന്ന്, തെരഞ്ഞെടുക്കപ്പെട്ടവർ. രണ്ട്, പെട്ടുപോയവർ. ചൈതന്യമില്ലാതെയാണ് ചിലർ ശുശ്രൂഷ ചെയ്യുന്നത്. ആളുകളെ കണ്ടാൽ പ്രസന്നമായ ഒരു മുഖഭാവമില്ല. എപ്പോൾ കണ്ടാലും മോർച്ചറിയിൽ നിന്ന് ഈവനിംഗ് വോക്കിന് പോകുന്ന പ്രേതം പോലെയാണ്. അയക്കപ്പെട്ടവന്റെ മനസ്സാണ് ഞാൻ പറയേണ്ടതെന്നുള്ള ഒരേയൊരു ചിന്തയേ അയക്കപ്പെട്ടവനു പാടുള്ളൂ.

> ആശ്രമത്തിലെ പട്ടി വാഴത്തോട്ടത്തിൽ എന്തോ കണ്ടിട്ട് കുരച്ചു, നാട്ടിലെ പട്ടികൾ ആശ്രമത്തിലെ പട്ടി കുരയ്ക്കുന്നത് കേട്ട് കുരച്ചു. കേട്ടേച്ച് കുരച്ചാൽ കുര തീരും തളരും. കണ്ടിട്ട് കുരച്ചാൽ അവസാന ശ്വാസം വരെ കുര തുടരും.

അമേരിക്കയിലെ ഇന്ത്യൻ അംബാസിഡറിന് സ്വന്തം ഇഷ്ടം പറയാൻ പറ്റത്തില്ല. ഇന്ത്യയിലെ നരേന്ദ്രമോദിയുടെ മനസ്സാണ് പറയേണ്ടത്. നമ്മൾ സഭയുടെ മുഖമാണ്. സഭയോടുചേർന്ന് സഭയുടെ പാരമ്പര്യം അനുസരിച്ച് വിശ്വാസത്തോടെ ചേർന്നുനിൽക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ മനസ്സിനെ സൂക്ഷിക്കണം. എഴുതാൻ ആയാലും വാട്ട്സാപ്പിലും ഫേയ്സ്ബുക്കിലും യൂട്യൂബിലായാലും എപ്പോഴും മനസ്സിൽ വേണ്ട ഒരു ചിന്ത എന്ന് പറയുന്നത് ഞാൻ ദൈവത്താൽ അയക്കപ്പെട്ടവനാണ് എന്നുള്ളതാണ്. പിന്നെ വേണ്ടത് ഒരു ദൗത്യ ബോധമാണ്. അതിന്റെ ഭാഗമാണ് ഞാനിതുപോലെ കെയ്റോസിനോട് ഇപ്പോൾ സംസാരിക്കുന്നതും. ഇതെന്റെ മിഷനാണ്.

ഒരിക്കൽ ഞാൻ തൃശ്നാപ്പള്ളിയിൽ നിന്നും കേരളത്തിലേക്ക് ട്രെയിനിൽ യാത്ര ചെയ്തു വരുന്നതിനിടയിൽ അതിരാവിലെ ചായക്കാരൻ വന്നു; ചായ, ചായ, ചൂട് ചായ എന്ന് പറഞ്ഞു. ഞാനത് കേട്ടെങ്കിലും നല്ല ഉറക്ക ക്ഷീണത്തിൽ അവിടെത്തന്നെ കിടന്നുറങ്ങി, ചായക്കാരൻ പോയിട്ട് കുറച്ചു കഴിഞ്ഞപ്പോൾ പിന്നെയും വന്നു; ചായ, ചൂട് ചായ അവന്റെ ഒരു ചായ കച്ചവടം മനുഷ്യന്റെ ഉറക്കം കെടുത്താൻ വേണ്ടി എന്ന് പറഞ്ഞ് ഞാൻ തിരിഞ്ഞു കിടന്നു. അവൻ പോയി. വീണ്ടും കുറേ കഴിഞ്ഞപ്പോഴേക്കും വീണ്ടും വന്നു ചായ ചൂടുചായ. എന്റെ മുകളിലത്തെ ബെഡ്ഡിലും താഴെ ബെഡ്ഡിലും കിടന്നിരുന്ന ആളുകൾ ചൂട് ചായ വാങ്ങി കുടിച്ചു. പിന്നെ ഞാൻ മാത്രം എന്തിനെന്ന് വിചാരിച്ച് ഞാനും പറഞ്ഞു ഒരു ചായ. ആ ചായ കച്ചവടക്കാരന് നന്നായി അറിയാം അവന്റെ ബിസിനസ് എങ്ങനെ ചെയ്യണമെന്ന്. ഇതുപോലെ നമുക്കും ഒരു സുവിശേഷ കണ്ണുണ്ടായിരിക്കണം.

നാട്ടിൽ പുതിയ വീടിന്റെ പാലുകാച്ചൽ. അതുമായി ബന്ധപ്പെട്ട് പട്ടാള ക്യാമ്പിൽ ലീവ് ചോദിച്ച പട്ടാളക്കാരനോട് മേലധികാരി പറഞ്ഞു: പാകിസ്ഥാനിലെ ഒരു പാറ്റേൺ ടാങ്ക് ഇവിടെ പിടിച്ചുകൊണ്ടുവന്നാൽ ഒരു മാസത്തെ ലീവ് തരാമെന്ന്. നടക്കില്ല എന്നറിയാം എങ്കിലും അദ്ദേഹം അങ്ങനെ പറഞ്ഞു. പറഞ്ഞ സമയമായപ്പോഴേക്കും വൈകിട്ട് അഞ്ചുമണിയോടെ ഈ പട്ടാളക്കാരൻ പാകിസ്ഥാനിന്റെ ടാങ്കുമായി വന്നു. പറഞ്ഞതുപോലെ ലീവ് കൊടുത്തു. എങ്കിലും ചോദിച്ചു, നാട്ടിൽ പോകുന്ന കാര്യം ഓർത്തപ്പോൾ ധൈര്യം വന്നല്ലേ; എങ്കിലും ഇതെങ്ങനെ സാധിച്ചു. അയാൾ മറുപടി പറഞ്ഞു, സാറേ അതിർത്തിയിൽ ചെന്നപ്പോൾ പാകിസ്ഥാനിലെ ഒരു പട്ടാളക്കാരന് റാവൽപിണ്ടിയിൽ ഭാര്യയെയും മക്കളെയും കാണാനായിട്ട് പോകണം. ഞാൻ അവനോട് പാറ്റേൺ ടാങ്കിന്റെ കാര്യം പറഞ്ഞു. അവൻ ഒരെണ്ണം ഇങ്ങോട്ടും തന്നു, നമ്മുടേത് ഒരെണ്ണം അങ്ങോട്ടും കൊടുത്തു. അങ്ങനെ തരപ്പെടുത്തിയതാണ് ഈ സാധനം. ഇത്തരത്തിൽ നമുക്കും വേണം ഒരു ദൗത്യ ബോധം. എവിടെ എന്ത് എങ്ങനെ എന്നൊരു ചിന്ത സുവിശേഷ പ്രഘോഷണത്തിലും നമുക്ക് വേണം.

നമ്മെ പ്രത്യേകം വേർതിരിച്ചു നിറുത്തിയിരിക്കുകയാണ് എന്നൊരു ചിന്തയാണ് മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഒരു വൈദികനായിട്ട് വേർതിരിച്ചതല്ല, മെത്രാനായിട്ട് വേർതിരിച്ചതല്ല, മറ്റൊരു തരത്തിലും വേർതിരിക്കപ്പെട്ടില്ല. പക്ഷേ, സുവിശേഷ വേലയ്ക്ക് വേണ്ടി ദൈവം എന്നെ വേർതിരിച്ചു. മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെടാൻ വേണ്ടിയാണ് എന്റെ ജീവിതം. നമ്മുടെ ശരീരം, നമ്മുടെ സമയം, കഴിവ്, സമ്പത്ത് ഇവയെല്ലാം മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെടാനുള്ളതാണ്. മറ്റുള്ളവർക്ക് ഭാരമാകാതെ അവർക്കുവേണ്ടി ജീവിക്കാനുള്ളതാണ് നമ്മുടെ ജീവിതം. ലോകം മുഴുവനും ശ്രദ്ധിക്കുന്നത് അതുതന്നെയല്ലേ. മറ്റുള്ളവർക്ക് വേണ്ടി ജീവിക്കുക, സ്വാർഥത എന്ന് പറയുന്നത് മനുഷ്യർക്ക് മാത്രം പറഞ്ഞിട്ടുള്ള കാര്യമാണ്. ഒരിക്കൽ ഒരു പള്ളിപ്രസംഗത്തിനായിട്ട് ഒരു സ്ഥലത്ത് ചെന്നു. പ്രസംഗവും ചോറൂണും കഴിഞ്ഞ് ഒരു കസേരയിൽ കാലുനീട്ടി അങ്ങനെയിരിക്കുമ്പോൾ അലങ്കരിച്ച അടയ്ക്കാമരം ചുമന്നുകൊണ്ട് കുറച്ച് ചെറുപ്പക്കാർ പോകുന്നത് കണ്ടു. പത്തുപതിനഞ്ചു പേരുണ്ടാകും. ഞാൻ നോക്കുമ്പോൾ അതിൽ അഞ്ചു വിരുതന്മാരുടെ കാലുകൾ താഴെ മുട്ടിയിട്ടില്ല. അവന്മാർ അടക്കാ മരത്തടിയിൽ തൂങ്ങിക്കിടക്കുകയാണ്. ബാക്കി പത്ത് പേർ അവന്മാരെ ചുമന്നു കൊള്ളണം. ഇതാണ് നമ്മുടെ ലോകം.

ആർക്കും ഭാരമാകാതെ എല്ലാവർക്കും വേണ്ടി ജീവിക്കാനും എല്ലാവർക്കും സുവിശേഷം പങ്കുവയ്ക്കാനും നമുക്ക് ശ്രദ്ധിക്കാം. എല്ലാ പ്രവർത്തന മേഖലകളേയും മാധ്യമങ്ങളേയും നമുക്ക് കർത്താവിന് നൽകാം. ഉള്ളു കാണുന്ന ദൈവം ഉള്ളു നിറയെ നമ്മുടെ പ്രവർത്തന മേഖലകളിൽ നിങ്ങളെയും എന്നെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.




ശ്രുതിമധുരം...
സുന്ദരം...
ഭക്തി നിർഭരം

# Praise Adonai

കെയ്റോസ് മീഡിയയുടെ
ആഭിമുഖ്യത്തിൽ നടക്കുന്ന വാരാന്ത്യ പ്രെയ്സ് & വർഷിപ്

ശനിയാഴ്ചകളിൽ 7:00 PM (IST) **YouTube Search:** Praise & Worship – Jibson Bivera

*ഏറ്റവും പുതിയ 4 എപ്പിസോഡുകൾക്കായി QR കോഡ് സ്കാൻ ചെയ്യുക:*

കണ്ണിനും കാതിനും ഇമ്പമേറുന്ന ദൈവസ്തുതികളുടെ സമയം..

ഹൃദയം തൊടുന്ന മനസ്സ് നിറയ്ക്കുന്ന പ്രാർഥനയുടെയും സ്തുതിയുടെയും അനുഭവങ്ങൾ




ആദരാഞ്ജലികൾ

## ജിമ്മി ജേക്കബ് തറയിൽ

ഖത്തർ ജീസസ് യൂത്തിൽ സജീവ സാന്നിധ്യമായിരുന്നു. ഹൃദയാഘാതം മൂലം ഖത്തറിൽ വച്ചായിരുന്നു നിര്യാണം. ചങ്ങനാശ്ശേരി അതിരൂപത രാജമറ്റം തിരുഹൃദയ ഇടവകാംഗമാണ്. ജിമ്മിയുടെ ആത്മശാന്തിക്കായി പ്രാർഥിക്കുന്നതോടൊപ്പം കുടുംബത്തെയും നമുക്ക് പ്രാർഥനയിൽ ഓർക്കാം.







ഫാ. ജോയി വടക്കുംചേരി എസ്.ഡി.ബി.



# കള

Photo by Quino Al on Unsplash

# ളിമണ്ണ്

തിരിഞ്ഞു നോക്കുമ്പോൾ, "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടത്തെ നാമം പരിശുദ്ധമാണ്." എന്ന് പരിശുദ്ധ അമ്മ പറഞ്ഞ വചനം എന്റെ ജീവിതത്തിൽ അക്ഷരംപ്രതി അന്വർഥമാകുന്നതായി എനിക്ക് കാണാൻ സാധിക്കുന്നുണ്ട്. ദൈവം നമ്മുടെ എല്ലാവരുടെയും ജീവിതത്തിൽ വൻകാര്യങ്ങൾ ചെയ്യുന്നുണ്ട്. അവയ്ക്ക് നന്ദി പറയേണ്ടതും അവ പ്രഘോഷിക്കേണ്ടതും നമ്മുടെ കടമയാണ്.

ഞാൻ സലേഷ്യൻ സഭയിലെ ഒരു വൈദികനാണ്. തിരുപ്പട്ടം സ്വീകരിച്ചിട്ട് ഇപ്പോൾ 16 വർഷമായി. ഈശോയുടെ അത്ഭുതകരമായ ഒരു ഇടപെടലിലൂടെയാണ് പൗരോഹിത്യത്തിലേക്ക് പ്രവേശിച്ചത്. 1988-ൽ മെക്കാനിക്കൽ എഞ്ചിനിയറിംഗിൽ ബി.ടെക് പാസ്സായി. അതിന് ശേഷം അഞ്ച് വർഷം കേരളത്തിലും മുംബൈയിലുമായി ജോലി ചെയ്തു. 1995-ൽ മുരിങ്ങൂർ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ ഒരാഴ്ചത്തെ ഒരു ധ്യാനത്തിൽ സംബന്ധിക്കാനുള്ള കൃപ ദൈവം എനിക്ക് നൽകി. ആ ധ്യാനത്തിൽവച്ച് ഈശോ എന്റെ ജീവിതത്തിൽ പ്രത്യേകമായ രീതിയിൽ ഇടപെട്ടു. ആ ധ്യാനകേന്ദ്രത്തിന്റെ അന്നത്തെ ഡയറക്ടറായിരുന്ന റവ. ഫാ. ജോർജ് പനയ്ക്കലിന്റെ ഒരു ടോക്കിലൂടെയാണ് ദൈവം എന്നോട് സംസാരിച്ചത്. ആ ടോക്ക് വൈദികരുടെയും സന്യാസിമാരുടെയും ജീവിതത്തെക്കുറിച്ചായിരുന്നു. അവസാനം അച്ചൻ ഇങ്ങനെ പറഞ്ഞു: "നിങ്ങൾക്ക് ആർക്കെങ്കിലും വൈദികനോ സന്യാസിയോ ആകാൻ താത്പര്യമുണ്ടെങ്കിൽ ഞങ്ങളെ അറിയിക്കണം. നിങ്ങളുടെ അഡ്രസ് തരണം. ഞങ്ങൾക്ക് നിങ്ങളെ സഹായിക്കാൻ സാധിക്കും." അത് കേട്ടത് മുതൽ എന്റെ ഹൃദയത്തിൽ ഒരു വൈദികനാകാനുള്ള ശക്തമായ ഒരാഗ്രഹമുണ്ടായി. ആഗ്രഹത്തേക്കാളുപരി അതൊരു ദൈവിക പ്രേരണയായിരുന്നു.

എന്റെ 27-ാം വയസ്സിലാണ് ഇത് സംഭവിച്ചത്, അതും ജീവിതത്തിലാദ്യമായി. അതുകൊണ്ട് തന്നെ മനസ്സ് വളരെ അസ്വസ്ഥമായി, ഭാവിയെപ്പറ്റിയുള്ള ഒരു അനിശ്ചിതത്വം. പക്ഷേ, അവിടെയും ദൈവത്തിന്റെ കരം എന്നെ നയിക്കുന്നുണ്ടായിരുന്നു. ആ കരുതൽ എനിക്ക് മനസ്സിലാക്കാൻ സാധിച്ചില്ല എന്ന് മാത്രം. അതുകൊണ്ട് അസ്വസ്ഥമായ മനസ്സോടെയാണെങ്കിലും എനിക്ക് വൈദികനാകാനുള്ള തീരുമാനം എടുക്കേണ്ടി വന്നു. ദൈവം എന്നേക്കൊണ്ട് അത് എടുപ്പിച്ചു എന്ന് പറയാം. അങ്ങനെ അഡ്രസ് ഞാൻ അവർക്ക് കൊടുത്തു.

ധ്യാനം കഴിഞ്ഞ് വീട്ടിൽ വന്നതിനുശേഷം ഞാൻ ഈ ആഗ്രഹത്തെപ്പറ്റി എന്റെ ബന്ധത്തിലുള്ള ഒരു വൈദികനുമായി സംസാരിച്ചു. ഒരു വർഷം കൂടി ജോലി ചെയ്യാൻ ആ വൈദികൻ എന്നോട് പറഞ്ഞു. അതിന് ശേഷവും ഈ ആഗ്രഹം തീവ്രമായിട്ടുണ്ടെങ്കിൽ സെമിനാരിയിൽ ചേരാമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അങ്ങനെ ഞാൻ മുംബൈയിൽ ഒരു വർഷം കൂടി ജോലി ചെയ്തു. ആ വർഷത്തിൽ ചെറിയ മാറ്റങ്ങൾ എന്റെ ജീവിതത്തിൽ വന്നു. എല്ലാ ദിവസവും കുർബാനയിൽ സംബന്ധിക്കാനുള്ള കൃപ ദൈവം എനിക്ക് തന്നു. ആ വർഷം അവസാനവും വൈദികനാകാനുള്ള ആഗ്രഹം എന്നിൽ ശക്തമായുണ്ടായിരുന്നു. അങ്ങനെ ഞാൻ ജോലി രാജിവച്ച് തിരിച്ചു വന്നു. എന്റെ ആഗ്രഹം വീട്ടിൽ പറഞ്ഞപ്പോൾ ആദ്യമത് സമ്മതിച്ചില്ലെങ്കിലും എന്റെ നിർബന്ധത്തിന് വഴങ്ങി അനുവാദം തന്നു. അങ്ങനെ വൈദികപഠനത്തിനുള്ള തടസ്സങ്ങളെല്ലാം നീങ്ങി. 1995-ൽ സലേഷ്യൻ സഭയുടെ സെമിനാരിയിൽ വൈദികനാകാൻ ചേർന്നു. പ്രായക്കൂടുതലിന്റെ ചെറിയ ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും ദൈവകൃപ എന്നെ പരിശീലന കാലഘട്ടം വിജയകരമായി പൂർത്തിയാക്കാൻ സഹായിച്ചു. അങ്ങനെ 2005 ഡിസംബർ 31-ാം തിയതി ഒരു വൈദികനായി അഭിഷേകം ചെയ്യപ്പെട്ടു. തിരുപ്പട്ട സ്വീകരണം എറണാകുളം അങ്കമാലി അതിരൂപതയുടെ എടനാട് സെന്റ് മേരീസ് പള്ളിയിൽ വച്ചായിരുന്നു. ഞാനിപ്പോൾ വൈദികനായിട്ട് 16 വർഷമായി. തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിൽ ദൈവകൃപയുടെ വഴികൾ വ്യക്തമായി കാണാൻ എനിക്ക് സാധിക്കുന്നുണ്ട്.

ഞാൻ ബി.ടെക് പാസ്സായ ശേഷം ജോലി ചെയ്തു കൊണ്ടിരുന്നപ്പോൾ ഒരു പ്രത്യേക രോഗം എന്നെ അലട്ടിക്കൊണ്ടിരുന്നു. എന്റെ ഔദ്യോഗിക ജീവിതത്തെ അത് സാരമായി ബാധിച്ചു. പല ഡോക്ടർമാരെ കണ്ടെങ്കിലും അവർക്കൊന്നും രോഗം കണ്ടുപിടിക്കാൻ പോലും സാധിച്ചില്ല. അഞ്ച് വർഷം ഈ നില തുടർന്നു. ഔദ്യോഗിക ജീവിതം മുന്നോട്ട് കൊണ്ടുപോകാൻ തന്നെ എനിക്ക് വിഷമമായി. ഒരു ഭാഗത്ത് രോഗത്തിന്റെ അസ്വസ്ഥതകൾ, മറുഭാഗത്ത് ഒരു നല്ല ജോലി ലഭിക്കാത്തതിന്റെ നിരാശ. എന്റെ ഈ അവസ്ഥയിൽ ഒരു സ്നേഹിതൻ ഒരു

പരിഹാരം പറഞ്ഞു തന്നു. ചാലക്കുടി മുരിങ്ങൂർ ഡിവൈൻ റിട്രീറ്റ് സെന്ററിൽ ഒരു ധ്യാനം കൂടുക, അത്ഭുതം നടക്കുമെന്നും പറഞ്ഞു. അവന്റെ സ്നേഹപൂർവമായ നിർബന്ധത്തിന് വഴങ്ങി ഞാൻ ധ്യാനത്തിന് പോയി. അത് 1995-ലായിരുന്നു. ധ്യാനദിവസങ്ങളിൽ പ്രത്യേകിച്ച് ഒന്നും ഉണ്ടായില്ല. ധ്യാനത്തിന് ശേഷം ഉടനെതന്നെ ഞാനൊരു ഡോക്ടറെ കാണാൻ പോയി. എന്റെ രോഗലക്ഷണങ്ങൾ പറഞ്ഞു. ഡോക്ടർ ആദ്യം പറഞ്ഞത് ഇത് തൈറോയിഡ് ആയിരിക്കുമെന്നാണ്. ബ്ലഡ് ടെസ്റ്റ് ചെയ്തപ്പോൾ ഹൈപ്പർ തൈറോയിഡിസം ആണെന്ന് സ്ഥിരീകരിച്ചു. രോഗം കണ്ടുപിടിക്കുക എന്നതായിരുന്നു ഞാൻ കാത്തിരുന്ന അത്ഭുതം. ദൈവം അത് നടത്തിത്തന്നു. ധ്യാനം കൂടിയതുകൊണ്ട് ദൈവം എന്റെ ജീവിതത്തിൽ പ്രത്യേകമായ വിധത്തിൽ ഇടപെട്ടുവെന്ന് ഉറച്ച ഒരു ബോധ്യം എനിക്കുണ്ടായി. ഇതിനുള്ള പ്രതിനന്ദി എങ്ങനെ ചെയ്യണമെന്ന് ഡോക്ടറുടെ മുറിയിൽ നിന്ന് പുറത്തിറങ്ങിയപ്പോൾത്തന്നെ ഞാൻ ആലോചിച്ചു. ഉത്തരമായിട്ട് എനിക്ക് ലഭിച്ചത് രണ്ടാമതൊരു ധ്യാനം കൂടുക എന്നതായിരുന്നു. ഈ രണ്ടാമത്തെ ധ്യാനത്തിൽ വച്ചാണ് പൗരോഹിത്യത്തിലേക്കുള്ള വിളി ദൈവം എനിക്ക് നൽകിയത്. അതിനെക്കുറിച്ചാണ് ആദ്യമേ ഞാൻ പങ്കുവച്ചത്.

ഇതിന് പുറമെ പല ദുഃശ്ശീലങ്ങളിൽ നിന്നും ദൈവം എന്നെ മോചിപ്പിച്ചു. ധ്യാനം കൂടുന്നതിന് മുമ്പ് എന്റെ അവസ്ഥ വളരെ ദയനീയമായിരുന്നു. വളരെയധികം സഹനത്തിലൂടെ ഞാൻ കടന്നു പോയി. പക്ഷേ, നല്ല ദൈവം എന്നെ കൈവിട്ടില്ല. സഹനത്തിലൂടെ ശുദ്ധീകരിച്ച് ഒരു പുതിയ സൃഷ്ടിയാക്കി. പടിപടിയായി കൈപിടിച്ചുയർത്തി യേശുവിന്റെ പുരോഹിതനാക്കി. എന്റെ പൗരോഹിത്യ സ്വീകരണത്തിന്റെ സുവനീർ കാർഡിൽ ചേർക്കേണ്ട ദൈവവചനത്തെപ്പറ്റി ചിന്തിച്ചപ്പോൾ ഈ വചനമാണ് എനിക്ക് ലഭിച്ചത്. "ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. അവിടത്തെ നാമം പരിശുദ്ധമാണ്" (ലൂക്ക 1,49). ശക്തനായ ദൈവത്തെ, എനിക്കുവേണ്ടി വൻകാര്യങ്ങൾ ചെയ്ത ദൈവത്തെ സ്തുതിക്കാൻ അവിടന്നെന്നെ പ്രാപ്തനാക്കി, അവിടത്തെ പുരോഹിതനാക്കി. ദൈവത്തിന്റെ അനന്തകൃപയിൽ ആശ്രയിച്ച് സന്തോഷത്തോടെ, സംതൃപ്തിയോടെ പൗരോഹിത്യ ജീവിതത്തിൽ ഞാൻ മുന്നോട്ടു പോകുന്നു.

**പുരോഹിതനാകുക എന്നതുതന്നെ മഹത്തായ കാര്യം. സമർപ്പണത്തിന്റെ ഈ പാതയിൽ നിലനിൽക്കാനും തുടരാനും ആവുകയെന്നത് ദൈവം നൽകുന്ന കൃപയൊന്നു മാത്രം. ഇത് പൗരോഹിത്യപാതയിലെ ഒരു തിരിഞ്ഞുനോട്ടം.**

കുശവന്റെ കൈയിലെ കളിമണ്ണുപോലെ അവിടന്നെന്നെ രൂപപ്പെടുത്തുന്നു, ശുദ്ധീകരിക്കുന്നു. നാളിതുവരെയുള്ള അനുഭവങ്ങൾ ഓർക്കുമ്പോൾ അങ്ങനെയാണെനിക്ക് തോന്നുന്നത്. ഓരോ മനുഷ്യനെക്കുറിച്ചും അവനെ രൂപപ്പെടുത്തുന്നതിന് ദൈവത്തിന് ഇപ്രകാരമൊരു പ്ലാനുണ്ട്. തിരിച്ചൊന്നും പറയാതെ ദൈവകരങ്ങളിൽ നിൽക്കുന്ന കളിമണ്ണു പോലെ നമുക്ക് നമ്മെ ദൈവത്തിന് സമർപ്പിക്കാം. അദ്ഭുതകരമായ അനുഭവങ്ങളിലൂടെ നടക്കാൻ നമുക്കിടവരട്ടെ.

ഞാൻ ഇപ്പോൾ ശുശ്രൂഷ ചെയ്യുന്നത് പുനലൂർ രൂപതയിലെ ആറ്റുവാശ്ശേരി സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയിലാണ്. ആ ഇടവകയ്ക്ക് നാല് ഉപ ഇടവകകളുണ്ട്. ഞങ്ങൾ ഇവിടെ മൂന്ന് സലേഷ്യൻ വൈദികരാണ് സേവനം ചെയ്യുന്നത്. നിങ്ങളെല്ലാവരും ഞങ്ങൾക്ക് വേണ്ടി പ്രാർഥിക്കണം.

# കവർ സ്റ്റോറി



സാജൻ സി.എ.



Photo by Thought Catalog on Unsplash

> "നിങ്ങളെത്രത്തോളം സന്തോഷിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് യഥാർഥ വിജയം അളക്കേണ്ടത്. പണമാണ് ഓരോ സംരംഭകന്റെയും വിജയത്തിന്റെ മാനദണ്ഡമെന്നത് ഒരു പൊതു തെറ്റിദ്ധാരണയാണ്"
>
> – റിച്ചാർഡ് ബ്രാൻസൺ



# പണം

## ലക്ഷ്യമല്ല; ജീവിതവിജയത്തിന്റെ അനന്തരഫലമാണത്.

ഒരിക്കലും ശരിയാവില്ല, പണമാണ് ജീവിതവിജയത്തിന്റെ അടിസ്ഥാനമെന്ന് പറഞ്ഞാൽ. ജീവിതത്തിൽ ഏതെങ്കിലും വിധത്തിലൊക്കെ വിജയിക്കണമെങ്കിൽ പണം വേണ്ടേ എന്നു ചോദിച്ചാൽ വേണമെന്നു തന്നെയാണ് ഉത്തരം. പണമുണ്ടെങ്കിൽ ജീവിതത്തിൽ വിജയിക്കാം എന്നു പറഞ്ഞാൽ അതു ശരിയുമല്ല. കാരണം പണമുണ്ടായിട്ട് ജീവിതത്തിൽ വിജയം പോയിട്ട്, മനഃസമാധാനം പോലും നഷ്ടപ്പെട്ട അനേകരുണ്ട്. അപ്പോൾ സ്വാഭാവികമായും ഒരു ചോദ്യമുയരും. എന്താണ് വിജയത്തിന്റെ നിർവചനം. ഒരൽപം ഭേദപ്പെട്ട രീതിയിൽ നമുക്ക് അതിനെ നിർവചിക്കാനാകുമോ? ആകുമെങ്കിൽ എന്താണ് അതിന്റെ മാനദണ്ഡം?!

പണമുണ്ടെങ്കിൽ ജീവിതത്തിൽ എല്ലാം നേടാനാകുമെന്നും അതുവഴി സന്തോഷം ലഭിക്കുമെന്നതും യുക്തിസഹജമായി പലരും ചിന്തിക്കുന്നുണ്ടാകാം. പക്ഷേ, സന്തോഷമെന്നതും ജീവിതവിജയമെന്നതും നൂറുശതമാനവും നമ്മുടെ മനോഭാവത്തെ ആശ്രയിച്ചുനിൽക്കുന്ന കാര്യമല്ലേ? ദരിദ്രനായ ഒരാൾ സത്യസന്ധത, പ്രതിബദ്ധത, ആത്മാർഥത, ജീവിത ലാളിത്യം തുടങ്ങിയ ഉന്നതമായ ജീവിതമൂല്യങ്ങളെ മുറുകെപ്പിടിക്കുകയും എല്ലാ കാലത്തും അതിൽ നിലനിൽക്കാൻ സാധിക്കുകയും ചെയ്യുന്നുവെന്നിരിക്കട്ടെ. ഇതയാളുടെ ജീവിതത്തിലെ വിജയമാണെന്നും ഇതിനു കാരണം താൻ കാത്തു പോരുന്ന ജീവിതമൂല്യങ്ങളാണെന്നും അയാൾ പറയുമ്പോൾ പണം വെറും പിണം ആയിത്തീരുകയല്ലേ ഇവിടെ.

സ്റ്റീവ് ജോബ്സും റിച്ചാർഡ് ബ്രാൻസണും മറ്റു പ്രശസ്തരായ പല വ്യക്തികളും അവരുടെ ടെസ്റ്റിമോണിയിൽ പറഞ്ഞിട്ടുള്ള കാര്യവും, പണമാകരുത് നമ്മുടെ ജീവിത ലക്ഷ്യമെന്നാണ്. 'നിങ്ങളെത്രത്തോളം സന്തോഷിക്കുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ് യഥാർഥ വിജയം അളക്കേണ്ടത്. പണമാണ് ഓരോ സംരംഭകന്റെയും വിജയത്തിന്റെ മാനദണ്ഡമെന്നത് ഒരു പൊതു തെറ്റിദ്ധാരണയാണ്' റിച്ചാർഡ് ബ്രാൻസന്റെ വാക്കുകൾ. കഠിനാധ്വാനത്തിന്റെയും കയ്പ് നിറഞ്ഞ അനുഭവങ്ങളുടെയും പടവുകൾ താണ്ടി ഉയരങ്ങളിലെത്തിയിട്ടുള്ള എല്ലാവർക്കും പറയാനുള്ളതും പണമല്ല അവരുടെ ജീവിതത്തെ നിയന്ത്രിച്ചതെന്നാണ്. ഏതു പ്രൊഫഷനിലുള്ളവരായിരുന്നാലും പ്രൊഫഷന്റെ ലക്ഷ്യം തങ്ങളുടെയും ലക്ഷ്യമാക്കുന്നവർക്ക് പറയാനുള്ളത്, പണം പിന്നാലെയെത്തുന്ന അനുഭവമാണ്.

പണസമ്പാദനം ലക്ഷ്യമാക്കി പറന്ന് വിദേശ രാജ്യങ്ങളിലേക്ക് ചേക്കേറുന്നവർ എത്രയോ പേർ നാട്ടിലെ തങ്ങളുടെ ഇരുനില വീടുകളും ഫ്ളാറ്റുകളും വർഷങ്ങളായി പൂട്ടിയിട്ട് പ്രയോജനശൂന്യ ഇടങ്ങളായി ക്ഷുദ്രജീവികളുടെ സങ്കേതമായും ഇരുട്ടിന്റെ മറവിലെ ലഹരികേന്ദ്രങ്ങളായും മാറ്റിയിരിക്കുന്നു. ഒരുവശത്ത് ലക്ഷങ്ങൾ സമ്പാദിക്കുമ്പോൾ മറുവശത്ത് ജീവിതം ചിതലരിച്ചു തീരുന്നത് അവരറിയുന്നില്ല. ഇവരോട് ദൈവം പൊറുക്കട്ടെ, എന്നേ പറയാനുള്ളൂ.

ഈയിടെ ഞങ്ങളുടെ ഒരു സൗഹൃദ സംഭാഷണങ്ങൾക്കിടയിൽ ഒരു കാര്യം പറഞ്ഞു കേട്ടു. ലക്ഷങ്ങളും കോടികളും ലോട്ടറിയടിച്ച പലരുടെയും ജീവിതത്തിൽ പിന്നീട് വന്ന തകർച്ചകളും പരാജയങ്ങളുമാണ് ചർച്ചയായത്. വന്നുചേർന്ന പണത്തെ ഒരു കണക്കുമില്ലാതെ കൈകാര്യം ചെയ്തതും കൃത്യമായ രീതിയിൽ വിനിയോഗിക്കാൻ അറിവില്ലാതെ പോയതുമാണ് തകർച്ചയ്ക്ക് കാരണമായതെന്നാണ് പറഞ്ഞത്. ഇക്കാര്യത്തിലെ ശരിതെറ്റുകൾ മാറ്റിവച്ച് ചിന്തിച്ചാൽ മനസ്സിലാകും വിജയം എന്നതിന്റെ അടിസ്ഥാനം ഒരാളുടെ ജീവിതത്തെക്കുറിച്ചുള്ള ദർശനങ്ങളും മൂല്യങ്ങളുമാണെന്ന്.

ദരിദ്രരായ ആളുകൾക്ക് അവർ ആഗ്രഹിക്കുന്ന ഒരു മിനിമം സന്തോഷവും വിജയവും സ്വന്തമാക്കാൻ പണം വേണ്ടേ? പണംകൊണ്ടു നേടേണ്ട പലതിനും പണം

**നിശ്ചയിച്ചുറപ്പിച്ച നിലപാടുകളിൽ നിലനിൽക്കാനായാൽ വിജയം സുനിശ്ചയം. പണത്തേക്കാൾ മൂല്യം മറ്റുപലതിനുമുണ്ട് എന്ന തിരിച്ചറിവുതന്നെ വിജയത്തിന്റെ ആദ്യപടിയാണ്. വ്യഗ്രതയല്ല ജാഗ്രതയാണാവശ്യം.**

തന്നെ വേണമെന്നിരിക്കേ, പണമില്ലാത്ത ദരിദ്രൻ എന്ത് ചെയ്യും? ഗൗരവതരമായ മറ്റു ചില കാര്യങ്ങളിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സമ്പന്നനാകാൻ പണം അന്വേഷിക്കുന്നവരും ദാരിദ്ര്യം മാറ്റാൻ പണം അന്വേഷിക്കുന്നവരും ജീവിക്കുന്ന ലോകത്താണ് നമ്മളും ജീവിക്കുന്നത്. ഈ കൂട്ടത്തിൽ നമ്മളെവിടെയാണെന്നുള്ളത് നമ്മൾ തന്നെ കണ്ടുപിടിക്കണം. ജീവിക്കുവാൻ പണം ഒഴിച്ചുകൂടാനാവാത്തതാണ് എന്നിരിക്കേ പണം ഒന്നുമല്ല എന്ന് പറയാൻ നമുക്ക് കഴിയില്ല. ആഹാരത്തിനും വസ്ത്രത്തിനും താമസിക്കാൻ ഒരിടത്തിനുമായി വലിയൊരു ജനത വലയുമ്പോൾ അവർക്കതു നിഷേധിക്കുന്ന സാമൂഹ്യവ്യവസ്ഥിതികളും ഭരണസംവിധാനങ്ങളും നിയമങ്ങളും ഒക്കെ പ്രതിക്കൂട്ടിലാകുമെന്ന കാര്യം ആരോടു പറഞ്ഞാൽ പരിഹാരമുണ്ടാകും? എല്ലാ മേഖലകളിലും സമത്വവും തുല്യനീതിയുമൊക്കെ നിയമംമൂലം ഉണ്ടാക്കി അതിവേഗം ബഹുദൂരം സഞ്ചരിച്ച് വീണ്ടും വീണ്ടും അധികാരത്തിലെത്തുന്ന ജനനേതാക്കൾ ഭരണം കയ്യാളുന്ന കാലത്ത് എല്ലാം ശരിയാകും എന്ന് വിശ്വസിക്കാൻ നമുക്ക് എത്രനാൾ കഴിയും? പാവപ്പെട്ടവന്റെയും പണക്കാരന്റെയും ജീവിതങ്ങൾ തമ്മിലുള്ള അന്തരം വലുതായിക്കൊണ്ടിരിക്കുമ്പോൾ ജീവിത വിജയമെന്നു പറഞ്ഞ് വരച്ചുകാട്ടുന്നതൊക്കെ വെറും പ്രഹസനം മാത്രമാകില്ലേ?

കള്ളന്മാരും കവർച്ചക്കാരുമൊക്കെ ഉണ്ടാകുന്നതിനു പിന്നിലെ കാരണം എന്തെന്നറിയാൻ ഒരു കമ്മീഷന്റെയും റിപ്പോർട്ടുകളോ ശാസ്ത്രീയമായ അന്വേഷണങ്ങളോ വേണമെന്നില്ല. സാധാരണക്കാരന്റെ സാമാന്യ ബുദ്ധിയിൽ മനസ്സിലാകുന്ന കാര്യമാണ് ഉള്ളവനും ഇല്ലാത്തവനും എന്ന 'അത്ഭുതപ്രതിഭാസ'മാണ് കാരണമെന്ന്. അങ്ങനെയാകുമ്പോൾ കള്ളന്മാരെയും കവർച്ചക്കാരെയും സൃഷ്ടിക്കുന്നത് നമ്മുടെ തന്നെ സാമൂഹ്യ വ്യവസ്ഥിതികളും ഭരണസംവിധാനങ്ങളുമാണെന്ന് പറയേണ്ടി വരും.

ഭയപ്പെടേണ്ട, സമാധാനിക്കുവിൻ, സന്തോഷിക്കുവിൻ എന്നൊക്കെ ദൈവം പറയുമ്പോഴും, അത് നടപ്പാക്കാൻ സർവാധികാരവും ലഭിച്ചിട്ടുള്ളവർ ഇപ്പറഞ്ഞതൊന്നുമറിയാതെ, ഒരുപക്ഷേ തീരെ ഗൗനിക്കാതെ അവരവരുടെ സ്വന്തം ലോകത്തിലേക്ക് സൗകര്യപൂർവം ചുരുങ്ങുമ്പോൾ, ഏൽപിക്കപ്പെട്ട ധാർമികമായ ഉത്തരവാദിത്വങ്ങളാണ് അവർ കാറ്റിൽ പറത്തുന്നത്. താലന്ത് ഏൽപിക്കപെട്ടവർ കണക്ക് ബോധിപ്പിക്കേണ്ടിവരുമെന്നുള്ളത് തർക്കമില്ലാത്ത സത്യമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക, രണ്ടുള്ളവൻ ഒന്ന് കൊടുക്കട്ടെ എന്നൊക്കെയുള്ള ക്രിസ്തുവിന്റെ വാക്കുകളായിരിക്കും ഈ കാലത്തിൽ പ്രായോഗികമാക്കാൻ പറ്റുന്ന പരിഹാരമാർഗം.


ജീവിത വിജയത്തിന്റെ സുവർണ സോപാനങ്ങളിലെത്തിയവർ തങ്ങളുടെ വിജയഗാഥയ്ക്ക് പിന്നിൽ പണം ഒന്നുമല്ലായെന്ന് പറയുമ്പോഴും അവർ പിന്നിട്ട വഴികളെയും കേട്ട പഴികളെയുമൊക്കെ കഠിനാധ്വാനം, പരിശ്രമം എന്നൊക്കെയുള്ള വാക്കുകളിൽ കാച്ചിക്കുറുക്കി അവർ പറയുമ്പോഴും നമ്മളോർക്കണം, ദാരിദ്ര്യത്തിന്റെ പുതപ്പിനുള്ളിൽ വിറങ്ങലിച്ചു ചുരുണ്ടുകൂടി, സ്വന്തമായുള്ള നിസ്സഹായതകൾ മാത്രം പ്രാർഥനകളാക്കി കഴിയുന്ന വലിയൊരു ജനവിഭാഗം നമുക്കു ചുറ്റുമുണ്ടെന്ന്.

പണസമ്പാദനം വേണ്ടതുതന്നെ; പക്ഷേ, ലക്ഷ്യമതാകരുത്. പണത്തോളം ഒരുപക്ഷേ പണത്തേക്കാളും മൂല്യമുള്ള എന്തുമാത്രം കാര്യങ്ങളാണ് നമുക്കുള്ളത്. സന്തോഷപ്രദമായ കുടുംബം, സമാധാന പൂർണമായ ജീവിതം, ആശങ്കകളിൽ ആടിയുലയാത്ത മനോധൈര്യം, സാമൂഹ്യ പ്രതിബദ്ധത തുടങ്ങിയ, ജീവിതവിജയത്തിനു കാരണമാകുന്ന കാര്യങ്ങളെല്ലാം തന്നെ ആകാശത്തോളമുയരുന്ന മനുഷ്യമനസ്സിന്, പണത്തിനു മീതെയും പറക്കാൻ കഴിയുമെന്ന് നമ്മെ യോർമപ്പെടുത്തുന്ന കാര്യങ്ങളാണ്. വളരുന്ന തലമുറയ്ക്കും വരുന്ന തലമുറയ്ക്കും പറഞ്ഞുകൊടുക്കാം, പകർന്നുകൊടുക്കാം; 'ജീവിതവിജയത്തിന്, പണമല്ല പ്രധാനം.'



എൽസീന ജോസഫ്

# ‘മണി’യടിയിൽ വീഴാത്തവർ ഭാഗ്യവാന്മാർ



**പണമല്ല ജീവിത വിജയത്തിന് കാരണമാകുന്നത്. പണത്തേക്കാൾ മൂല്യമുള്ള എന്തൊക്കെയോ കാര്യങ്ങൾ നമ്മൾ മിസ് ചെയ്യുന്നുണ്ടോ? ഹൃദയലാളിത്യം, ജീവിതനിഷ്ഠ, സ്നേഹബന്ധങ്ങൾ എന്നിങ്ങനെ ജീവിതത്തിന് സുഗന്ധം പരത്തുന്ന പലതും വിജയത്തിന് കാരണമാകുന്നുണ്ട്.**

ചുറ്റുമുള്ളവരൊക്കെ ഓട്ടത്തിലാണ്. എന്തിനാണെന്ന് ചോദിച്ചപ്പോൾ നല്ലൊരു ജോലി അന്വേഷിച്ചുള്ള ഓട്ടമാണെന്നു പറഞ്ഞു. നല്ല ജോലിയോ എന്ന് എടുത്തു ചോദിച്ചപ്പോൾ അവരിലൊരാൾ പറഞ്ഞു: ആ നല്ലൊരു ജോലിയേ.. ഇപ്പോഴത്തെ ജോലികൊണ്ടൊന്നും ജീവിക്കാൻ ഒക്കില്ലന്നേ.. കാറിന്റെ ലോൺ, ഫ്ളാറ്റ് വാടക, വീട്ടുജോലിക്കാരുടെ ശമ്പളം, കുട്ടികളുടെ സ്കൂൾ ഫീസ്, കൂടാതെ വരുന്ന ട്യൂഷൻ ഫീസ്, ഡ്രൈവറുടെ മാസപ്പടി, പിന്നെ കൂട്ടുകാരുടെ വക കല്യാണം, കാതുകുത്തൽ, പേരിടൽ, ചോറൂണ്, പിറന്നാൾ എന്നിങ്ങനെ ഒക്കെകൂടി ഒരു മാസം തീരുമ്പോഴേക്കും ലോൺ എടുത്താലും തികയാത്ത അവസ്ഥയാണ്.

ഇതിൽ ഏതെങ്കിലുമൊക്കെ ഒഴിവാക്കാൻ പറ്റുന്നതാണെങ്കിൽ അങ്ങനെ ചിന്തിച്ചു കൂടെയെന്ന് എന്റെയുള്ളിലെ സഹൃദയൻ ചോദിച്ചു പോയി. പിന്നെ കിട്ടിയ മറുപടിയാണ് അപാരം. അതെങ്ങനെ ഒഴിവാക്കും? ഒരൽപം പുറകോട്ട് കാൽ ചവിട്ടിയാൽ അവരുടെ മുന്നിൽ ഞാൻ വെറും ദരിദ്രവാസിയായി ഔട്ട് ഓഫ് ഗാങ്ങാകും. വീട്ടുകാരും കൂട്ടുകാരും കൂടി സൈര്യവും സ്വസ്ഥതയും തരില്ലപിന്നെ. ഇത്രയും രഹസ്യം വെളിപ്പെടുത്തിയ ആ പാവത്തോട് പിന്നെ എന്ത് പറയാനാ. ഒന്നും മിണ്ടിയില്ല. ഇങ്ങനെ എത്രയെത്ര ആളുകൾ നമുക്ക് ചുറ്റിലും നിന്ന് നട്ടം കറങ്ങുന്നുണ്ട്.

ആഡംബരത്തിന്റെ വേഷം കെട്ടലുകൾ കൊണ്ടു ജീവിതത്തെ ബന്ധിച്ചവർക്ക് നാണയം ഒരു തികയാ വസ്തുവായി. പിന്നെ പുറംമോടി മിനുക്കാൻ കൂടുതൽ മണികിലുക്കം തേടിയുള്ള പരക്കം പാച്ചിലായി. പഠിപ്പിച്ചു ഇത്രയും കാലമായിട്ടും നാലുപേർ ജീവിക്കുന്ന പോലെ ജീവിക്കാൻ നിനക്ക് ഇനിയും ആയില്ലല്ലേ എന്ന ചോദ്യം കുറച്ചൊന്നുമല്ല ചെറുപ്പക്കാരെ പ്രതിസന്ധിയിലാക്കുന്നത്. ഈ 'നാലു പേര്' ആരൊക്കെയെന്ന് ചോദിച്ചാൽ തീർന്നു, അതിൽ നാട്ടിലെ യുവ സെലിബ്രിറ്റികളും പിന്നെ പ്രദേശത്തെ ഏതെങ്കിലും കോടിശ്വരന്റെ മക്കളും കാണും. ജീവിക്കാൻ പണം വേണം. പക്ഷേ, പണസഞ്ചിക്ക് സ്വന്തം തൂക്കത്തെക്കാൾ കനം വേണം എന്ന നിലപാട് അത്ര നല്ലതല്ലെന്നാണ് എന്റെ പക്ഷം.

വായാട്ടുപറമ്പ (കണ്ണൂർ ജില്ലയിൽ) യു.പി. സ്കൂളിൽ നിന്നും വിരമിച്ച അധ്യാപികയാണ് അമ്മുക്കുട്ടി ടീച്ചർ, ഹൈന്ദവ വിശ്വാസി. പ്രകൃതിയെയും മനുഷ്യനെയും ഒരുപോലെ കരുതിയിരുന്നയാൾ. സഹപ്രവർത്തകരും ടീച്ചറുടെ ശിഷ്യഗണങ്ങളും ഇന്നും ഓർക്കുന്ന കാര്യം ടീച്ചറുടെ വസ്ത്രധാരണമാണ്. വളരെ ലൈറ്റ് കളർ കുഞ്ഞു പൂക്കളുള്ള കോട്ടൺ സാരി. വൃത്തിയായി അലക്കി കഞ്ഞിവെള്ളം മുക്കി ഭംഗിയാക്കി സൂക്ഷിക്കും, ടീച്ചറിനെ ശരിക്കും നിരീക്ഷിച്ചിട്ടുള്ളവർ പറയും, വെറും രണ്ടു സാരി മാത്രമാണ് ഒരേ സമയം അവർക്ക് ഉണ്ടായിരുന്നത്. ഒന്ന് തീർത്തും ഉപയോഗശൂന്യമാകുമ്പോൾ മാത്രം മറ്റൊന്ന് വാങ്ങും. അപ്പോഴും ടോട്ടൽ സാരി രണ്ട് തന്നെ. പ്രകൃതിയോട് ചേർന്ന ഭക്ഷണരീതി. അരവയർ ആഹാരം. അതു കൃത്യമായി പാലിച്ചു. ചിട്ടയായ ഭക്ഷണരീതിയും സാധനങ്ങൾ കൈകാര്യം ചെയ്യുന്നതിലെ കണിശതയും കൊണ്ട് ടീച്ചറിലെ സാത്വികയെ ആരും അത്രവേഗം മനസ്സിലാക്കിയില്ല. കുളിക്കാൻ ഉപയോഗിച്ചിരുന്നതും തുണി കഴുകുന്നതും അലക്കുന്ന സോപ്പ് ഉപയോഗിച്ച്. ടീച്ചറിന്റെ വലിയ കുടുംബം പുലർന്നിരുന്നത് അവരുടെ മാത്രം സ്ഥിര വരുമാനത്തിൽ നിന്നാണ്. രോഗിയായ ജീവിതപങ്കാളിയും സ്വന്തം കുട്ടിയുടെയും കൂടാതെ സഹോദരങ്ങളുടെ മക്കളുടെ വിദ്യാഭ്യാസവും വീട്ടുചെലവു മടക്കം എല്ലാ കാര്യങ്ങളും പഴയ ഏഴാംക്ലാസുകാരി ടീച്ചറുടെ നിശ്ചിത വരുമാനത്തിൽ നിന്നും കണ്ടെത്തി എന്ന് പറഞ്ഞാൽ ആരും അതിശയിക്കും. സാമ്പത്തിക അവസ്ഥയെ വരുതിയിൽ നിറുത്താൻ ടീച്ചർ തേടിയ കുറുക്കുവഴികൾ വെറും ത്യാഗത്തിന്റെയാണെന്ന് കരുതി വിമർശിക്കാൻ വരട്ടെ.. ടീച്ചറുടെ ജീവിത ദർശനം അതിനുള്ള മറുപടിയാണ്.


**ടീച്ചറിനേക്കാൾ വേതനം മേടിക്കുന്നവരും ഉത്തരവാദിത്വങ്ങൾ കുറവുള്ളവരും സാമ്പത്തിക ക്ലേശം പറയുമ്പോൾ ടീച്ചറിനെ ഇതൊന്നും ബാധിക്കാറേയില്ല. മരിക്കുന്ന കാലത്തോളം എല്ലാവർക്കും ടീച്ചർ ഒരത്ഭുതമായിരുന്നു.**

'അത്യാവശ്യത്തിനു വേണ്ടുന്ന കാര്യങ്ങൾ ചെയ്യുക എന്നതാണ് പരമ പ്രധാനം. ആവശ്യങ്ങൾ പ്രധാനം. അനാവശ്യം അപ്രധാനം. അത്യാവശ്യങ്ങൾക്ക് പ്രഥമ പരിഗണന കൊടുത്താൽ ബാക്കിയുള്ളതൊക്കെ ഒരു കല്ലേറ് ദൂരെ മാറിനിന്നോളും. അതോടെ ബാക്കിയെല്ലാം ക്രമീകരിക്കപ്പെടും.' ടീച്ചറിനേക്കാൾ വേതനം മേടിക്കുന്നവരും ഉത്തരവാദിത്വങ്ങൾ കുറവുള്ളവരും സാമ്പത്തിക ക്ലേശം പറയുമ്പോൾ ടീച്ചറിനെ ഇതൊന്നും ബാധിക്കാറേയില്ല. മരിക്കുന്ന കാലത്തോളം എല്ലാവർക്കും ടീച്ചർ ഒരത്ഭുതമായിരുന്നു. ടീച്ചറിനെ ഞാൻ അറിഞ്ഞത് അമ്മയെന്ന സഹപ്രവർത്തകയുടെയും ടീച്ചറുടെ ശിഷ്യരായിരുന്ന എന്റെ സഹോദരങ്ങളുടെയും സാക്ഷ്യത്തിൽ നിന്നാണ്. അമ്മയോടൊപ്പം ചുരുക്കം ചില അവസരത്തിൽ ഞാനും അവരെ അടുത്തു കണ്ടിട്ടുണ്ട്. കുഞ്ഞു കണ്ണിൽ അന്നേ അവരൊരു പിടികിട്ടാതാരമായി തോന്നിയിരുന്നു. രണ്ടുവർഷം മുൻപ് മണ്മറഞ്ഞു പോയ അവരെ ഇന്നും പരിചയക്കാർ ഓർക്കുന്നത് അതിഭാവുകത്വങ്ങളോ ആഡംബരമോ ഇല്ലാതെ ലളിതവും സംതൃപ്തവുമായ ജീവിതമാതൃകയുടെ പേരിലാണ്.

പറഞ്ഞു വരുന്നത് നമുക്ക് വേണ്ടത് സാമ്പത്തിക അടിച്ചമർത്തൽ എന്ന് ഇതു വായിക്കുന്നവർ തെറ്റിദ്ധരിക്കരുത്. വേണ്ടത് അത്യാവശ്യത്തിനും ആവശ്യത്തിനും ഇടയിലുള്ള പ്രാധാന്യത്തിന്റെ ദൂരം കണക്കാക്കലാണ്. കുറച്ചുകൂടി ലളിതമാക്കിയാൽ ഇതൊക്കെ എന്തിന് വേണ്ടി എന്ന ചോദ്യമാണ്. മറ്റുള്ളവരുടെ മുന്നിൽ സ്റ്റാറാവാൻ ആണോ അതോ മനഃസാക്ഷിയെ ബോധിപ്പിക്കാനാണോ എന്ന വീണ്ടുവിചാരമാണ്. കേൾക്കുന്നുണ്ടോ 'ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു' എന്ന് പറഞ്ഞ ക്രിസ്തുവിന്റെ വാക്കുകൾ. മരണത്തിനു മുകളിൽ വിജയം നേടിയതുകൊണ്ടു മാത്രമാണ് അവനൊരു വിജയിയായി പ്രഖ്യാപിച്ചതെന്ന് കരുതിയാൽ തെറ്റി. അവൻ വിജയിച്ചത് ലോകമോഹങ്ങൾക്ക് എതിരെയുള്ള യുദ്ധത്തെയായിരുന്നു. അനശ്വരതക്കുവേണ്ടിയുള്ള പ്രയത്നത്തിൽ ചുറ്റുമുള്ളതൊന്നും കണ്ണിൽ പെടാതെ പോയാൽ അവർക്കൊക്കെ അവനോടൊപ്പം ലോകത്തെ ജയിക്കാം. അടുത്തത് ആരെന്ന ചോദ്യവുമായി ഒരു ബോർഡ് മുന്നിലുണ്ട്. ഇനി കാര്യങ്ങൾ നിങ്ങളുടെയും എന്റെയും കൈയിലാണ്. ഒടുവിൽ ഫലം എങ്ങനെയായാലും പൂർണ ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കണം. വിജയാശംസകൾ.



ശശി ഇമ്മാനുവേൽ



കനേഡിയൻ ഓർമകൾ

# തൊപ്പിയിലെ മഞ്ഞ്

പണത്തിനു മീതെ പറക്കാൻ നമ്മുടെ തീരുമാനങ്ങൾക്കും അനുഭവങ്ങൾക്കുമാകും എന്നതാണ് തികച്ചും വ്യക്തിപരമായ ഈയനുഭവത്തിൽ പറയാൻ ശ്രമിക്കുന്നത്. വളരെ പ്രധാനപ്പെട്ടതാണ് നമ്മുടെ ജീവിതത്തിലെ ദർശനങ്ങളും എടുക്കുന്ന നിലപാടുകളും. ഓരോരുത്തർക്കുമുണ്ടാകും ഇത്തരത്തിൽ ചില കാഴ്ചപ്പാടുകൾ; അതുതന്നെയാണ് നമ്മെ നയിക്കുന്നതും.

പലരും നിരന്തരം ആവർത്തിക്കുന്ന ഒരു ചോദ്യമാണ്, എന്തിനായിരുന്നു കനേഡിയൻ പെർമനന്റ് വിസ നഷ്ടപ്പെടുത്തി നാട്ടിലേക്ക് തിരിച്ചു വന്നത്? ഒരാൾ പറഞ്ഞു, ഒരു വിദേശ രാജ്യത്തേക്കുള്ള വിസ കിട്ടാൻ ആൾക്കാർ കൊല്ലാനും, ചാവാനും മടിക്കാത്ത കാലത്ത് നിങ്ങളെന്ത് മനുഷ്യനാണ് ഹേ! ഇങ്ങനെ ഒരു തീരുമാനമെടുക്കാൻ? ശരിയാണ്, എന്ത് ഉത്തരമാണ് പറയുക! ഇനി എന്തുത്തരമാണ് ശരിയായിട്ടുള്ളത്! പിന്നിലുപേക്ഷിച്ചു പോന്ന രാജ്യത്തെ, അവിടത്തെ നല്ല മനുഷ്യരെ ഓർക്കാത്ത ഒരൊറ്റ ദിവസവും കഴിഞ്ഞ പത്തു വർഷത്തിനിടെ ഉണ്ടായിട്ടില്ലെന്നു വേണം പറയാൻ. എന്നിട്ടും അങ്ങനെ തീരുമാനിച്ചതെന്തുകൊണ്ടാണ്? ഒഴിഞ്ഞ ദേവാലയങ്ങളിലും, ദിവ്യകാരുണ്യ ആരാധനാലയത്തിലെ തണുത്ത പുലരികളിലും ഒരുപാട് മുട്ടുകുത്തി നിന്നിട്ടുണ്ട്, തിരിച്ചു പോരണം എന്ന് മനസ്സ് പറഞ്ഞ അക്കാലത്ത്. വ്യക്തമായ ഒരുത്തരം ആർക്കും തരാനാകാത്ത അക്കാലത്ത് വിശുദ്ധ ഗ്രന്ഥം ഒന്നിലധികം തവണ പ്രാർഥനാപൂർവം തുറന്നപ്പോൾ കിട്ടിയ ഒരു തിരുവെഴുത്ത് ഇതായിരുന്നു, "പാപത്തിന്റെ നൈമിഷിക സുഖങ്ങൾ ആസ്വദിക്കുന്നതിനെക്കാൾ ദൈവജനത്തിന്റെ കഷ്ടപ്പാടുകളിൽ പങ്കു ചേരുന്നതിനാണ് അവൻ ഇഷ്ടപ്പെട്ടത്. ക്രിസ്തുവിനെ പ്രതി സഹിക്കുന്ന നിന്ദനങ്ങൾ ഈജിപ്തിലെ നിധികളെക്കാൾ വിലയേറിയ സമ്പത്തായി അവൻ കരുതി. തനിക്കു ലഭിക്കാനിരുന്ന പ്രതിഫലത്തിലാണ് അവൻ ദൃഷ്ടിപതിച്ചത് (ഹെബ്രാ 11,25-26). മോശയെക്കുറിച്ചുള്ള ഈ തിരുവെഴുത്തുകൾ എന്തിനാവണം അക്കാലത്ത് പ്രാർഥനാപൂർവം തുറന്ന വിശുദ്ധ ഗ്രന്ഥത്തിൽ നിരന്തരം കാണാനിടയായത്!

കൃത്യമായി പറഞ്ഞാൽ ജീസസ് യൂത്ത് യുവജന മുന്നേറ്റത്തിന്റെ 2010ലെ ജൂബിലി കോൺഫറൻസിന് പോകുന്ന വഴിക്കാണ് എല്ലാ ഡോക്യുമെന്റ്സും കൂടെ അത്ര ഉറച്ച പ്രതീക്ഷയൊന്നുമില്ലാതെ ഒരു വിദേശ റിക്രൂട്ടിങ് ഏജൻസി ഓഫീസിൽ ഏൽപിക്കുന്നത്. വിവാഹം കഴിഞ്ഞ് രണ്ടു വർഷം തികയുന്നതേയുള്ളു. ആദ്യത്തെ കുഞ്ഞിന്റെ ജനനശേഷമാണ് MSWക്കാരിയായ ഭാര്യക്ക് നാട്ടിലുള്ളതിനേക്കാൾ വിദേശത്ത് ധാരാളം ജോലി സാധ്യതയുണ്ടെന്നും, അത്

ഭൗതികമായ സമൃദ്ധിയുടെയും ഉയർന്ന ജീവിത നിലവാരത്തിന്റെയുമൊക്കെ നടുവിലും മനസ്സ് ശൂന്യമായിരുന്നു. ഇത് തന്നെയാണോ ദൈവം ആഗ്രഹിക്കുന്ന ഇടം, കുഞ്ഞുങ്ങളുടെ നാളെകളിൽ ഇന്ന് നമ്മൾ വിലകൽപ്പിക്കുന്ന പല മൂല്യങ്ങളും നാളെ ഉണ്ടാകുമോ..?

നിഷേധിക്കുന്നത് അത്ര ശരിയായ തീരുമാനമല്ല എന്ന തോന്നലുണ്ടാവുന്നത്. മാത്രമല്ല, സാമ്പത്തികമായി കഷ്ടിച്ച് പിടിച്ചു നിൽക്കാവുന്ന ഒരു സാഹചര്യമേയുള്ളു. അങ്ങനെ ഒരു പരീക്ഷണമെന്ന മട്ടിൽ അപേക്ഷ തയ്യാറാക്കി ഒരു ഏജൻസിയെ ഏൽപിച്ചു. എന്നാൽ, കാര്യങ്ങൾ ഞങ്ങൾ വിചാരിച്ചതിനേക്കാൾ വേഗത്തിൽ നടക്കാൻ തുടങ്ങി. ഇടയ്ക്ക് രണ്ടാമത്തെ കുഞ്ഞ് പിറന്നു. അവനെ അപേക്ഷയിൽ ചേർക്കുന്നു വിവിധങ്ങളായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്നു; ഒടുവിൽ ഓരോരോ ഘട്ടങ്ങൾ പിന്നിട്ട് മാസങ്ങളുടെ വ്യത്യാസത്തിൽ മെഡിക്കലും, വിസ വരലും ഒക്കെ സംഭവിക്കുന്നു. 2012 മാർച്ച് മാസം അവസാനത്തിൽ ഞങ്ങൾ കാനഡയിലെത്തുന്നു. പുതിയതായി ചേക്കേറിയ ഞങ്ങളുടെ കുടുംബത്തെ ആ രാജ്യത്ത് സ്വയം മറന്ന് സഹായിച്ചവർ നിരവധിയാണ്. മറ്റാർക്കും കിട്ടാത്ത കരുതലും സ്നേഹവും തന്ന് ചേർത്തു പിടിച്ച നല്ല മനുഷ്യരുടെ നീണ്ട നിരയുണ്ട്. ജീസസ് യൂത്ത് കുടുംബത്തിന്റെ സ്നേഹലാളനകൾ ആവശ്യത്തിലധികം കിട്ടിയിരുന്നു. എന്റെ അനുദിന ബലിയർപ്പണം മുടങ്ങാതിരിക്കാൻ ജോലി ചെയ്യുന്ന കമ്പനി വാതിൽക്കൽ ഓരോ ചൊവ്വാഴ്ചയും സായാഹ്നത്തിൽ കാറുമായി കാത്ത് നിന്ന് ദേവാലയത്തിലെത്തിക്കുമായിരുന്ന ഒരു ജീസസ് യൂത്ത് സുഹൃത്തിനെക്കുറിച്ച് എന്ത് പറയാൻ (ഇന്നും ചൊവ്വാഴ്ച വി. ബലികളിൽ ഞാനാ സുഹൃത്തിനെ മറക്കാതെ ഓർത്ത് പ്രാർഥിക്കാറുണ്ട്).

ഇടയ്ക്ക് ചുമ്മാ ഒന്ന് കണക്കുകൂട്ടി നോക്കിയപ്പോൾ, ചൈൽഡ് ബനഫിറ്റ് ടാക്സ് എന്ന വകുപ്പിൽ മാസംതോറും സൗജന്യമായി കിട്ടുമായിരുന്ന ഏകദേശം ആയിരത്തിനടുത്ത ഡോളർ, കഴിഞ്ഞ അഞ്ചു വർഷം നഷ്ടപ്പെടുത്തിയ വകുപ്പിൽ (12 × 5 = 60 × 1000 = 60,000 × ...) മാത്രം, ഒരു ഭീമമായ തുക, അതും ഒരു ജീവിതകാലം മുഴുവൻ ഇവിടെ നാട്ടിൽ കിടന്ന് അധ്വാനിച്ചാലും നേടാനാവാത്ത തുകയാണ് പാഴാക്കി കളഞ്ഞത്. അവിടെത്തന്നെ തുടർന്നിരുന്നെങ്കിൽ ജീവിതം മറ്റൊന്നാകുമായിരുന്നു എന്ന യാഥാർഥ്യം നിലനിൽക്കുമ്പോൾതന്നെ പിന്നിലുപേക്ഷിച്ച സൗഭാഗ്യങ്ങളൊന്നും നഷ്ടധൈര്യനാക്കുന്നില്ല എന്നതാണ് സത്യം. “യേശുക്രിസ്തുവിനെ മറ്റുള്ളവരിലും, മറ്റുള്ളവരെ ക്രിസ്തുവിലും എത്തിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായി മറ്റെന്താണുള്ളത്” എന്ന ജോൺപോൾ പാപ്പയുടെ വാക്കുകളുടെ ആഴം പോലെ, ദൈവരാജ്യ ശുശ്രൂഷയിൽ വ്യാപരിക്കുന്നതിന്റെ ആനന്ദം മറ്റെന്തിനാണ് നൽകാനാകുക? എന്നെ സംബന്ധിച്ചുള്ള ദൈവഹിതം മറ്റൊന്നായതുകൊണ്ടാകണം, മനോഹരമായ ആ രാജ്യത്ത് ജീവിതം തുടരാനാവാതെ പോയത്. (ലോക ദൃഷ്ടിയിൽ വലിയ ഭോഷത്തം) എന്നിട്ടും (പൊറുക്കാനാകാത്ത അപരാധം പോലൊന്ന് ചെയ്തിട്ടും) ഞങ്ങളെ ഇന്നും മറക്കാതെ, ഇടയ്ക്കൊക്കെ വിളിക്കുന്ന വാട്ട്സാപ്പിലൂടെ നിരന്തരം സന്ദേശമയക്കുന്ന, പ്രാർഥിക്കുകയും, കരുതുകയും ചേർത്തു പിടിക്കുകയും ചെയ്യുന്ന ഒരു പാട് നല്ല കുടുംബങ്ങൾ, വ്യക്തികൾ, സൗഹൃദങ്ങൾ ഇന്നും അവിടെയുണ്ട്. എന്നെങ്കിലുമൊരിക്കൽ അവരെയൊക്കെ കണ്ടുമുട്ടാനും, ഒരുമിച്ച് പ്രാർഥിക്കാനുമൊക്കെയായി അവിടെ പോകാൻ ഒരു ദിവസം ദൈവം അനുവദിക്കുമായിരിക്കും.

ഇനിയും ഒരു പാട് നല്ല അനുഭവങ്ങൾ, ഓർമകൾ എല്ലാമുണ്ട്. എന്നാൽ ഒരിക്കലും ആ പുതിയ വ്യവസ്ഥിതിയുമായി, ജീവിത ശൈലിയുമായി പൊരുത്തപ്പെടാനാകാത്ത ഒരു വീർപ്പുമുട്ടൽ ആരംഭം മുതലേ അനുഭവപ്പെട്ടിരുന്നു. സാമ്പത്തിക നേട്ടത്തിന്റെ കാര്യത്തിൽ ഒരിക്കലും താരതമ്യപ്പെടുത്താനാകാത്ത അന്തരം നാടുമായിട്ടുണ്ടായിരിന്നിട്ടും, എന്തോ മനസ്സ് ആശിച്ചത് നാടിന്റെ പ്രശാന്തതയും, പരിശുദ്ധിയുമൊക്കെയായിരുന്നു.

അവിചാരിതമായാണ് വിവാഹശേഷം ഒരു പറിച്ചുനടൽ അനിവാര്യമായി മാറുന്നത്. തിരക്കിട്ട ആത്മീയ ശുശ്രൂഷകളുടെ (എഴുത്ത്, പ്രസംഗം, അധ്യാപനം) ലോകത്ത് നിന്ന് മറ്റൊരു രാജ്യത്തിന്റെ വേറൊരു ലൈഫ് സ്റ്റൈലിലേക്ക്, അവിടത്തെ മറ്റൊരു തൊഴിൽ സംസ്കാരത്തിലേക്ക് മാറിയപ്പോൾ ശരിക്കും ഉള്ളിന്റെ ഉള്ളിലിരുന്ന് ഞെരുങ്ങിയിരുന്നത് ആത്മാവാകണം. ഭൗതികമായ സമൃദ്ധിയുടേയും (പ്രാരംഭക്കാരന്റെ) ഉയർന്ന ജീവിത നിലവാരത്തിന്റെയുമൊക്കെ നടുവിലും മനസ്സ് ശൂന്യമായിരുന്നു. ഇത് തന്നെയാണോ ദൈവം ആഗ്രഹിക്കുന്ന ഇടം, കുഞ്ഞുങ്ങളുടെ നാളെകളിൽ ഇന്ന് നമ്മൾ വില കൽപിക്കുന്ന പല മൂല്യങ്ങളും (കുടുംബം, വിശുദ്ധി, ദൈവ വിശ്വാസം, ദൈവവിളി) നാളെ ഉണ്ടാകുമോ എന്ന ആശങ്കകൾ. ആ രാജ്യത്ത് ഒരു നല്ല തൊഴിൽ കിട്ടുന്നതിന് പിന്നിടേണ്ടുന്ന ദുർഘട പാതകൾ, തൊഴിൽപരമായ അനിശ്ചിതത്വങ്ങൾ കുടുംബ ജീവിതത്തിലുണ്ടാക്കുന്ന ഉലച്ചിലുകൾ, ഇവയ്ക്കു നടുവിൽ കുഞ്ഞുങ്ങൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങൾ, പുഞ്ചിരി നഷ്ടപ്പെട്ട അവരുടെ പകലുകൾ.

ഒരു മത വിശ്വാസം വിട്ട് ക്രിസ്തുവിനെ ഏക രക്ഷകനായി സ്വീകരിച്ച ഒരാളെന്ന നിലയിൽ, സുവിശേഷത്തിന്റെ പ്രകാശം കാത്തിരിക്കുന്ന അനേകരെക്കുറിച്ചുള്ള വേവലാതികൾ മറുഭാഗത്ത്. പതിമൂന്ന് മാസാദ്യ ശനിയാഴ്ചകളെങ്കിലും മാതാവിനു മുമ്പിൽ സങ്കടം പറഞ്ഞ് ബലിയർപ്പിച്ചിട്ടാണ് തീരുമാനമെടുക്കുന്നത്. എടുക്കുന്ന മണ്ടൻ തീരുമാനത്തിനൊപ്പം അമ്മയെങ്കിലും കൂടെയുണ്ടാവണേ എന്നായിരുന്നു അപേക്ഷ (മാതാവിന് ഒഴിഞ്ഞു മാറാൻ പറ്റില്ലല്ലോ) ഒടുവിൽ നാട്ടിൽ മടങ്ങിയെത്തേണ്ട ചില അത്യാവശ്യങ്ങൾ വന്നു. 2014ൽ തിരിച്ചു വരാൻ ഇടയായി. അടുത്ത മൂന്നുവർഷത്തിനുള്ളിൽ തിരിച്ചു ചെല്ലാവുന്ന സാധ്യതകൾ അവശേഷിച്ചിരുന്നുവെങ്കിലും പോയില്ല.. അങ്ങനെ ആ ഒരു ‘രക്ഷപ്പെടാനുള്ള’ സാധ്യത പാഴാക്കിയ മണ്ടത്തരം കാണിച്ചവരായി ‘റേഷനരിയൊക്കെ’ വാങ്ങിച്ച് ഒരു പ്രൈവറ്റ് സ്കൂളിൽ നിന്ന് കിട്ടുന്ന ഒരാളുടെ ശമ്പളത്തിൽ അഞ്ചംഗ കുടുംബം ഒരു ചെറിയ അപ്പാർട്ട്മെന്റിൽ അത്യാവശ്യം സംതൃപ്തിയോടെ അങ്ങ് ജീവിക്കുന്നു.




# ബുക്ക്ഷെൽഫ്



അനിതാ ബാബു

# Seven Secrets of Confession




Every time you go to confession immerse yourself entirely in My mercy, with great trust, so that I may pour the bounty of My grace upon your soul... Tell souls that from this found of mercy souls draw graces solely with the vessel of trust. If their trust is great, there is no limit to My generosity - *(Diary of St. Faustina)*

ഡോ. സിബി മാത്യൂസ് ഐ.പി.എസ്. എഴുതിയ 'മലയാളി ഇങ്ങനെ മരിക്കണോ' എന്ന പുസ്തകം കുറേ വർഷങ്ങൾക്ക് മുൻപ് വായിച്ചതാണ്. മലയാളികൾ ഏറെ പ്രബുദ്ധരും വിദ്യാസമ്പന്നരും ആയിരുന്നിട്ടും ആത്മഹത്യാ കണക്കിൽ മറ്റു സംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിട്ടു നിൽക്കുന്നതിന്റെ കാര്യകാരണങ്ങളും സ്ഥിതിവിവരക്കണക്കുകളും ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥന്റെ ആധികാരികതയോടെ പങ്കുവയ്ക്കുന്ന ഈ പുസ്തകം ഏറെ സമകാലിക പ്രാധാന്യം ഉള്ളതാണ്. ഇതിൽ എന്റെ ഓർമയിൽ ഏറ്റവും തങ്ങിനിൽക്കുന്ന അദ്ദേഹത്തിന്റെ ഒരു നിരീക്ഷണം, കേരളത്തിൽ ഏറ്റവും കുറഞ്ഞ ആത്മഹത്യാ നിരക്ക് കത്തോലിക്കർക്കിടയിലാണെന്നുള്ളതാണ്. അതിന് കാരണമായി അദ്ദേഹം പറഞ്ഞിരിക്കുന്നത് കുമ്പസാരക്കൂടുകൾ നൽകുന്ന സാന്ത്വനവും ആശ്വാസവുമാണ്. 'മനഃശാന്തി വീണ്ടെടുക്കുവാൻ കുറ്റബോധമൊഴിവാക്കുവാൻ' മറ്റ് മതസ്ഥർക്ക് കുമ്പസാരം എന്ന അനുഗ്രഹം ഇല്ല എന്ന് പുസ്തകത്തിന്റെ അവതാരികയിൽ ശ്രീമതി സുഗതകുമാരിയും പരാമർശിച്ചിട്ടുണ്ട്. നമ്മുടെ കൂദാശകളിൽ ഏറ്റവും അധികം ആക്രമിക്കപ്പെടുന്നതും അപകീർത്തിക്കപ്പെടുന്നതും നിരോധിക്കപ്പെടേണ്ടതാണെന്ന് വരെയുള്ള വാദങ്ങൾ നേരിട്ടിട്ടുള്ളതുമായ കൂദാശയാണ് കുമ്പസാരം. കുമ്പസാരക്കൂടുകൾ നൽകുന്ന ഹൃദയ ശാന്തിയും ദൈവസ്നേഹാനുഭവവും ഒരിക്കലെങ്കിലും അനുഭവിച്ച ഒരാൾ ഈ വാദങ്ങൾക്ക് അൽപംപോലും വില കൊടുക്കുകയില്ല.

ദൈവകരുണയുടെ മൂർത്തരൂപമാണ് കുമ്പസാരം. പക്ഷേ, ഈ കൂദാശയെക്കുറിച്ചുള്ള നമ്മുടെ അറിവ് വളരെ പരിമിതമാണോ, അതിന് അർഹമായ പ്രാധാന്യം നാം കൊടുക്കുന്നുണ്ടോ എന്ന ഒരു ആത്മപരിശോധന നടത്തേണ്ടതുണ്ട്. ബോധ്യങ്ങളും അനുഭവങ്ങളും ഒട്ടേറെ ഉണ്ടെങ്കിലും നമുക്ക് കുമ്പസാരം ആണ്ടിലൊരിക്കലെങ്കിലും നടത്തിയെടുക്കേണ്ട ഒരു ബാധ്യതയായി മാറിയിട്ടുണ്ടോ? ജീവിതത്തിലെ തിരക്കുകളും, ചിലപ്പോഴൊക്കെ മടിയും, ഭയപ്പാടുമെക്കെ നമ്മെ ഈ കൂദാശയിൽ നിന്ന് അകറ്റാറുണ്ടോ? ഒരേ പാപം തന്നെ ആവർത്തിച്ച് ഏറ്റുപറയുമ്പോൾ (the same list syndrome) ദൈവം തമ്പുരാനും, പിന്നെ കേൾക്കുന്ന അച്ചനും എന്നെക്കുറിച്ച് എന്തുവിചാരിക്കും എന്ന് കരുതി മടിച്ചിട്ടുണ്ടോ? ദൈവത്തിന്റെ അനന്തമായ കരുണയെക്കുറിച്ച് ശങ്കിച്ചിട്ടുണ്ടോ? എന്റെ കുമ്പസാരം കൂടുതൽ അർഥവത്താകണമെന്ന് ആഗ്രഹിച്ചിട്ടുണ്ടോ? എങ്കിൽ ഇതിനൊക്കെ മറുപടി നൽകുന്ന മനോഹരമായ ഒരു പുസ്തകമാണ് Vinny Flynn-ന്റെ Seven Secrets of Confession. ദിവ്യകാരുണ്യ സ്വീകരണത്തിനുള്ള യോഗ്യത നേടാനായി ചെയ്ത പാപങ്ങൾ ഏറ്റുപറയുന്ന ഒരു സാധാരണ ക്രിസ്ത്യാനിയുടെ കുമ്പസാരത്തെ അദ്ദേഹം വിളിക്കുന്നത് Grocery list confession എന്നാണ്. ഇത് അതിൽതന്നെ കൃപാദായകമെങ്കിലും, നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ സ്വീകരിക്കുവാൻ കൈവിരിച്ച്, കരുണയോടെ നിൽക്കുന്ന സ്നേഹപിതാവിനെ കണ്ണിൽ നിന്ന് മറയ്ക്കുന്ന സങ്കുചിതമായ കാഴ്ചപ്പാടാണ്. As Pope Francis tells us, Confession is much more than "going to the dry cleaner." It is "an encounter with Jesus, who waits for us as we are." Flynn Vinny-യുടെ ഈ പുസ്തകത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഇതാണ്: help us to rediscover the full beauty of this sacrament... to abandon ourselves to the mercy of God... and with his grace set out again on our journey to holiness. കുമ്പസാരം എന്നാൽ പാപം ഏറ്റുപറച്ചിൽ എന്ന നമ്മുടെ അടിസ്ഥാന സങ്കൽപം മാറ്റി കരുണാമയനായ ദൈവപിതാവിനെ വീണ്ടും വീണ്ടും കണ്ടുമുട്ടാനുള്ള 'സ്നേഹ ഇടം' എന്നതാക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം. Confession is not about sin but about love and mercy.

ക്രിസ്തുമതത്തെക്കുറിച്ചും കൂദാശകളെക്കുറിച്ചുമുള്ള നമ്മുടെ ഓരോരുത്തരുടെയും അറിവും അവബോധവും വിലയിരുത്തപ്പെടേണ്ടതുണ്ട്. ഒരു ക്രിസ്തു അനുയായിക്ക് ഒന്നിനെക്കുറിച്ചും സംശയമുണ്ടാകേണ്ടതില്ല. വേണ്ട അറിവുകളും ബോധ്യങ്ങളും അവനു മുൻപിൽ വളരെ കൃത്യതയോടും വ്യക്തതയോടും കൂടിയുണ്ട്. അന്വേഷിച്ച് അറിയേണ്ടത് ഓരോരുത്തരുടെയും വ്യക്തിപരമായ ഉത്തരവാദിത്വമാണ്. Seven Secrets of Confession പോലെയുള്ള പുസ്തകങ്ങൾ നമ്മെ അതിനായി സഹായിക്കും.

# കെയ്റോസ് മീഡിയ പ്രസിദ്ധീകരിച്ച

# പുസ്തകങ്ങൾ

## ഉഗ്രൻ, വണ്ടർഫുൾ

"കഴിഞ്ഞ ദിവസം ആന്റണിച്ചേട്ടൻ പുസ്തകം തന്നു. വായിച്ചു തീർത്തു. ഉഗ്രൻ, വണ്ടർഫുൾ, വെരിഗുഡ് എന്നൊക്കെ പറയാതെ വയ്യ. ജീവിതകാലത്തു തന്നെ ഇപ്രകാരമൊരു പുസ്തകം കാണാൻ കഴിഞ്ഞതിൽ ആലീസ് ചേച്ചി ഭാഗ്യവതിയാണ്. വായനക്കാർക്ക് പ്രചോദനവുമാണ്. മരിച്ചിട്ട് റീത്തു വയ്ക്കുന്നതിനേക്കാൾ എത്രയോ നല്ലതാണ് ജീവിച്ചിരിക്കുമ്പോൾ ഒരു പൂച്ചെണ്ട്. ഇതൊരു ഒന്നൊന്നര പൂച്ചെണ്ടു തന്നെ. അഭിനന്ദനങ്ങൾ; എഴുതിയവർക്കും സുജമോൾ ജോസിനും അതിനു വിഷയമായ ചേച്ചിക്കും. ഉപരി നന്മകൾ ഉണ്ടാകട്ടെ." - ***ഷാജി മാലിപ്പാറ***




**ആലീസ്കുട്ടിയും അത്ഭുതലോകവും**

കേരളത്തിലെ കരിസ്മാറ്റിക് മുന്നേറ്റത്തിന്റെ വളർച്ചയിലും യുവജന മുന്നേറ്റമായ ജീസസ് യൂത്തിന്റെ രൂപീകരണത്തിലും നിർണായക പങ്കുവഹിച്ച പ്രൊഫ. സി സി ആലിസ്കുട്ടിയുടെ ജീവിതവും ദർശനങ്ങളും.

**സുജമോൾ ജോസ്**

പേജ് 138 / വില ₹ 150

## നല്ലൊരു കൈപ്പുസ്തകം

"ദൈവത്തിന്റെ മൗനം എന്ന പുസ്തകം കിട്ടി വായിച്ചപ്പോൾ തോന്നിയത്, ആത്മീയമായി വളരാൻ എല്ലാ ദിവസവും ധ്യാനിക്കാൻ പറ്റിയ നല്ലൊരു കൈപ്പുസ്തകമാണെന്നാണ്. ശശി ഇമ്മാനുവേലിന്റെ ലേഖനങ്ങളെല്ലാം അത്തരത്തിൽ ആത്മീയ ഉണർവേകുന്നതാണ് എന്നതിൽ ഒട്ടും സംശയമില്ല. ഞങ്ങളുടെ ഇടവകയിലെ അച്ചന്മാർക്ക് ഓരോ കോപ്പി നൽകി. അടുത്തുള്ള കോൺവെന്റിലെ സിസ്റ്റേഴ്സിനും കൊടുത്തു. ജന്മദിനത്തിനും മറ്റും സമ്മാനമായി കൊടുക്കാനും പറ്റിയ പുസ്തകമാണെന്നു മനസ്സിലായപ്പോൾ പരിചയമുള്ള ഒരു കുട്ടിക്ക് ഗിഫ്റ്റായും നൽകാൻ സാധിച്ചു. ഇത്തരത്തിലെ പുസ്തകങ്ങൾ കെയ്റോസ് ഇനിയും പ്രസിദ്ധീകരിക്കണം എന്നാണ് ആഗ്രഹിക്കുന്നത്. അഭിനന്ദനങ്ങൾ അറിയിക്കുന്നു." - ***റോസമ്മ ജേക്കബ്***





**ദൈവത്തിന്റെ മൗനം**

ആത്മീയവളർച്ചയുടെ ആഴങ്ങളിലേക്കിറങ്ങാനും വായിച്ചു ധ്യാനിക്കാനുമുള്ള ചില നനവുള്ള ചിന്തകൾ.

**ശശി ഇമ്മാനുവേൽ**

പേജ് 178 / വില ₹ 200



**കുളിർമയുള്ള തീച്ചൂള**

കാൽനൂറ്റാണ്ട് മുമ്പ്, അക്ഷരപ്പിറവിയെടുത്ത യുവജന മാധ്യമ ശുശ്രൂഷയായ കെയ്റോസിന്റെ നാൾവഴികൾ.

**സണ്ണി കോക്കാപ്പിള്ളിൽ**

പേജ് 128 / വില ₹ 140





**കാറ്റ് വീശുന്ന വഴികൾ (2019)**

ആഗോള സഭയുടെ അംഗീകാരവുമായി ദൗത്യവഴികളിൽ യാത്രതുടരുന്ന ജീസസ് യൂത്തിന്റെ ജീവിതശൈലിയും വീക്ഷണങ്ങളും രൂപംകൊണ്ട വഴികൾ.

**ഡോ. എഡ്വേർഡ് എടേഴത്ത്**

പേജ് 194 / വില ₹ 140





**റിവേഴ്സ് ഓഫ് ലിവിങ് വാട്ടർ (ഇംഗ്ലീഷ്)**

ജീസസ് യൂത്ത് ആധ്യാത്മികതയും സൗഹൃദങ്ങളും ദൗത്യവും പ്രതിഫലിപ്പിക്കുന്ന, അനുഭവങ്ങളുടെ വെളിച്ചത്തിലെ പങ്കുവയ്ക്കലുകൾ.

**ഡോ. എഡ്വേർഡ് എടേഴത്ത്**

പേജ് 148 / വില ₹ 200



**ഞങ്ങടെ സ്വന്തം പള്ളിയച്ചൻ (2020)**

വിശ്വാസവഴിയിൽ തലമുറകൾക്കു കൂട്ടായി നടന്ന ഒരു വൈദികനെക്കുറിച്ചുള്ള അനുഭവക്കുറിപ്പുകൾ.

**ഡോ. ചാക്കോച്ചൻ ഞാവള്ളിൽ, സാജൻ സി.എ, ജിന്റോ ജോൺ കോക്കാപ്പിള്ളിൽ**

പേജ് 204 / വില ₹ 199




**ഒലേല**

കുട്ടികൾക്ക് വായിച്ചുരസിക്കാനും മനസ്സിൽ സൂക്ഷിക്കാനും. കുഞ്ഞു ഭാവനകളെ അതിരുകൾക്കപ്പുറത്തേക്ക് നയിക്കുന്ന കഥക്കൂട്ട്.

**ആൽഡ്രിൻ ജോസഫ്, സി. ജിയാ എം.എസ്.ജെ, ജോസി ആലഞ്ചേരി / ചിത്രീകരണം: വെങ്കി**

പേജ് 62 / വില ₹ 130




**ബാങ്കുവഴി പണമടയ്ക്കുവാൻ:**

KAIROSE TRUST,
A/c No. 14690200009621
IFSC- FDRL0001469
FEDERAL BANK, KAKKANAD,
SEAPORT-AIRPORT ROAD

G Pay

**ഓഫീസ് വിലാസം:**

കെയ്റോസ് മീഡിയ, 8/174, നവോദയ സ്റ്റുഡിയോ കോംപ്ലക്സ്, തെങ്ങോട് പി.ഒ., കാക്കനാട്, കൊച്ചി 682 030

**ഫോൺ:** 0484 2984327 / **ഇ-മെയിൽ:** kairosmag@jykairosmedia.org

**കോപ്പികൾക്ക്:** www.jykairosmedia.org

**വിശദവിവരങ്ങൾക്ക് ഫോൺ:** 6238 27 9115

# ജീസസ് യൂത്ത് വിചിന്തനം




നാം ശ്വസിക്കുന്നു, നിശ്വസിക്കുന്നു. വീണ്ടും ശ്വസിക്കുന്നു, വീണ്ടും നിശ്വസിക്കുന്നു. ശ്വസനം നടക്കുന്നുണ്ടോ എന്ന് പരിശോധിച്ചറിയാൻ ആരും തുനിയാറില്ല. സാധാരണഗതിയിൽ ശ്വസനം ഇടതടവില്ലാതെ നടക്കുന്ന ഒരു പ്രക്രിയയാണ്. അത് എന്നും അങ്ങനെയായിരുന്നു. അങ്ങനെ തന്നെ തുടരുമെന്നും നാം വിചാരിച്ചിരുന്നു. എന്നാൽ, ഏതാനും വർഷങ്ങളായി ശ്വസനമെന്ന ഈ സ്വാഭാവിക പ്രക്രിയപോലും പലർക്കും വലിയ വെല്ലുവിളിയായി മാറിയിട്ടുണ്ട്. മാസ്കിലൂടെയുള്ള ശ്വസനം ചിലർക്ക് വിഷമകരമാണ്. മറ്റുചിലർക്കാകട്ടെ, കൊറോണ വൈറസ് ബാധമൂലം ശ്വസന പ്രക്രിയ തന്നെ തടസ്സപ്പെടുന്നു. നാം ഒന്നും ചെയ്യാതെതന്നെ എന്നത്തെയും പോലെ ശാരീരികമായ ശ്വസനം നടന്നുപോകുമെന്ന നമ്മുടെ വിചാരം ഇവിടെ തെറ്റിപ്പോകുകയാണ്. എന്നുവച്ചാൽ ശ്വസനമെന്ന ശാരീരിക പ്രതിഭാസത്തിന് ഇനി നമ്മൾ കൂടുതൽ ശ്രദ്ധ നൽകേണ്ടിവരുമെന്നർഥം. അങ്ങനെയാണെങ്കിൽ, ദൈവത്തിൽനിന്നു നമ്മുടെ ആത്മാവിലേക്കെത്തുന്ന ജീവവായുവിനെക്കുറിച്ച് നാം എത്രയോ ശ്രദ്ധയുള്ളവരായിരിക്കണം? കാരണം, നമ്മെ ജീവിപ്പിക്കുന്നതും നമ്മുടെ ജീവിതത്തിന് അർഥം നൽകുന്നതും ദൈവത്തിന്റെ ഈ നിശ്വാസമാണല്ലോ!

ദൈവം ആദത്തിന്റെ നാസാരന്ധ്രങ്ങളിലേക്ക് നിശ്വസിച്ച് അവനു ജീവൻ പകരുന്ന സംഭവം ബൈബിളിന്റെ ആരംഭഭാഗത്ത് നാം കാണുന്നുണ്ട്. ജീവശ്വാസവുമായി ബന്ധപ്പെട്ട മറ്റൊരു സംഭവം വിവരിക്കുന്നത് എസെക്കിയേലിന്റെ പുസ്തകത്തിലാണ്. താഴ്‌വരയിൽ കുന്നുകൂടിയിരുന്ന വരണ്ട അസ്ഥികൾക്ക് അതു ജീവൻ പകരുന്നു. നമ്മുടെ ജീവിതങ്ങളുമായി ബന്ധപ്പെട്ട മൂന്നു യാഥാർഥ്യങ്ങളെ ഈ സംഭവം വരച്ചുകാണിക്കുന്നുണ്ട്. വരണ്ട അസ്ഥികളോട് എസെക്കിയേൽ നടത്തിയ മൂന്നു പ്രവചനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ആ യാഥാർഥ്യങ്ങൾ ഇവയാണ് - ജീവിക്കുക, ശ്വസിക്കുക, പുനഃസ്ഥാപിക്കപ്പെടുക.

ഒന്നുചിന്തിച്ചാൽ വരണ്ട അസ്ഥികൾ നിറഞ്ഞ താഴ്‌വരകൾ നമ്മുടെ ഹൃദയങ്ങളിൽതന്നെയില്ലേ? നമ്മുടെയോ മറ്റുള്ളവരുടെയോ പാപങ്ങളാൽ മുറിവേൽക്കുകയും തീരാദുഖങ്ങളിൽ വീഴുകയും ചെയ്ത അനുഭവങ്ങൾ. പ്രത്യാശയറ്റതും ലക്ഷ്യംനഷ്ടപ്പെട്ടതുമായ സമയങ്ങൾ. ഇങ്ങനെ ജീവനിൽനിന്നു വേർപെട്ടതും പരിത്യജിക്കപ്പെട്ടതുമായ അസ്ഥികൾ നമ്മുടെ ഹൃദയങ്ങളുടെ ഏതൊക്കെയോ ഇരുണ്ട താഴ്‌വരകളിൽ നിറഞ്ഞുകിടക്കുകയാണ്. വീണ്ടും ജീവിക്കുക എന്ന പ്രവാചക ശബ്ദം നമ്മുടെ ജീവിതത്തെ സംബന്ധിച്ചും ഒരു യാഥാർഥ്യമാകുന്നത് ഇങ്ങനെയാണ്.

രണ്ടാമതായി, ദൈവത്തിൽനിന്നു പുറപ്പെടുന്ന ജീവശ്വാസത്തെ അസ്ഥികളിലേക്കു പ്രവേശിപ്പിക്കാൻ എസെക്കിയേലിനോടു ദൈവം ആവശ്യപ്പെടുകയാണ്. കാരണം, അസ്ഥികൾ മാംസമണിഞ്ഞപ്പോഴും അവയ്ക്കു ജീവൻ ലഭിച്ചിരുന്നില്ല. നമ്മുടെ ബന്ധങ്ങളിലും ശുശ്രൂഷകളിലുമെല്ലാം ഇങ്ങനെ സംഭവിക്കാൻ സാധ്യതയുണ്ട്. തിരക്കേറിയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുമ്പോഴും യഥാർഥ ജീവനും തീക്ഷ്ണതയും നമ്മിൽ ഇല്ലാതെ വന്നേക്കാം. നമ്മുടെ ശരീരത്തിൽ ജീവനുണ്ടാകാം. ജീവിക്കാൻ ആവശ്യമായതെല്ലാം സുലഭമായിരിക്കാം. എന്നാൽ, ക്രിസ്ത്യാനിയെന്ന നിലയിൽ നമുക്കു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ആനന്ദം നിറഞ്ഞതും ലക്ഷ്യോന്മുഖവുമായ ജീവന്റെ നിറവ് നാം അനുഭവിക്കുന്നുണ്ടോ എന്നതാണു ചോദ്യം. നിർഭാഗ്യവശാൽ, ഭാരമേറിയ ഉത്തരവാദിത്വങ്ങളാൽ എരിഞ്ഞുതീരുന്ന ജീസസ് യൂത്ത് ലീഡറെയും ക്ഷീണിച്ചുപോകുന്ന മാതാവിനെയും പിതാവിനെയുമൊക്കെയാണ് നാം നമ്മിൽത്തന്നെയും മറ്റുള്ളവരിലും സാധാരണയായി കാണുന്നത്.

മാംസവും ചർമവും പൊതിഞ്ഞ അസ്ഥികളിലേക്ക് ജീവൻ പ്രവേശിച്ചിട്ടും എസെക്കിയേലിന്റെ ജോലി പൂർത്തിയാകുന്നില്ല. മൂന്നാമത്തെ പ്രവചനത്തിനായി ദൈവം അദ്ദേഹത്തെ ക്ഷണിക്കുകയാണ്. പുനഃസ്ഥാപനത്തിന്റെയും പ്രതീക്ഷയുടെയും ജീവവായുവാണ് അവരിലേക്ക് എസെക്കിയേൽ എത്തിക്കുന്നത്. ഈ ശരീരങ്ങൾ വീണ്ടും ജീവിക്കണമെന്നു മാത്രമല്ല ദൈവം ആഗ്രഹിക്കുന്നത്. മറിച്ച് അവരുടെ ജീവൻ പൂർണതയിൽ പുനഃസ്ഥാപിക്കപ്പെടണമെന്നുകൂടിയാണ്. വരണ്ടുണങ്ങിയ അസ്ഥികളെ എസെക്കിയേലിന്റെ പ്രവചനങ്ങളിലൂടെ

ജീവനിലേക്കു മടക്കിക്കൊണ്ടുവരുകയും ജീവവായു പ്രവഹിപ്പിക്കുകയും നഷ്ടമഹത്വത്തെ പുനഃസ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ തന്റെ ജനതയോടുള്ള അവിടത്തെ അനശ്വരവും അഗാധവുമായ സ്നേഹമാണു വെളിപ്പെടുന്നത്.

ആദ്യത്തെ രണ്ടു യാഥാർഥ്യങ്ങളും വേദനാജനകമാണ്. അവസാനം എന്താകുമെന്ന് ഒരു ധാരണയുമില്ലാതെ നാം മുന്നോട്ടു നീങ്ങേണ്ടിവരും. പക്ഷേ, സ്വന്തം ജനത്തെ ഒരിക്കലും പരിത്യജിക്കാതെ വിശ്വസ്തത പുലർത്തുന്ന ഒരു ദൈവത്തെയാണ് നാം ഇവിടെ കാണുന്നത്. സാധാരണക്കാരായ പ്രവാചകരിലൂടെ നമ്മുടെ ജീവിതങ്ങളിലും ദൈവം പുതുജീവനും ചൈതന്യവും നിറയ്ക്കുന്നുണ്ടെന്നതിൽ സംശയമില്ല. ഇത് നാം നമ്മുടെ വ്യക്തിജീവിതങ്ങളിൽ ഉറപ്പായും അനുഭവിച്ചിട്ടുണ്ടാകും. കൃത്യസമയത്ത് സുഹൃത്തിന്റെ ഒരു ഫോൺ വിളി, റേഡിയോയിൽ കേൾക്കുന്ന ഒരു ഗാനം - ഇങ്ങനെ എന്തെല്ലാം മാർഗങ്ങളിലൂടെയാണ് ദൈവത്തിന്റെ സ്വരം നാം കേൾക്കുന്നത്! ആകുലതകളുടെ സമയത്തുള്ള ഈ ഇടപെടലുകളിലൂടെ ഏതു ദുരന്തമുഖത്തും നമ്മെ കൈവിടില്ലെന്ന് അവിടന്ന് വീണ്ടും ഓർമപ്പെടുത്തുകയാണ്. നമ്മുടെ ജീവിതവും ലക്ഷ്യവും വീണ്ടെടുക്കാൻ ദൈവം നമ്മുടെ സഹജീവികളിലൂടെയും പ്രവർത്തിക്കുന്നുണ്ടെന്നതാണു സത്യം. അതിനാൽ മൂന്നാമത്തെ യാഥാർഥ്യം മറ്റുള്ളവരുടെ ജീവിതങ്ങളിൽ പ്രവാചകശബ്ദമാകാൻ നമുക്കുള്ള ക്ഷണമാണ്. കുടുംബങ്ങളിൽ, ജോലിസ്ഥലങ്ങളിൽ, ശുശ്രൂഷാ മേഖലകളിൽ എന്നുവേണ്ട എല്ലായിടത്തും സത്യത്തിന്റെയും പ്രത്യാശയുടെയും വാഹകരാകുക എന്നാണ് ഇതിനർഥം. ആത്യന്തികമായി ദൈവമാണു ജീവൻ പകരുന്നത്. എന്നാൽ, അതിനായി നമ്മുടെ സന്നദ്ധതയും സത്യത്തോടൊപ്പം നിൽക്കാനുള്ള ധൈര്യവും അവിടന്ന് ആവശ്യപ്പെടുന്നു. നാം തയ്യാറെങ്കിൽ ഏതുതകർച്ചയിലും ജീവന്റെ നിറവ് പുനഃസ്ഥാപിക്കാൻ അവിടത്തേക്കു സാധിക്കും.

ജീസസ് യൂത്ത് എന്ന നിലയിൽ ഈ മൂന്നു യഥാർഥ്യങ്ങളെയും ജീവിതത്തിന്റെ പല വേദികളിലും നാം കണ്ടുമുട്ടിയിട്ടുണ്ടാകും. നമ്മുടെ അനുദിനജീവിതത്തിൽ പ്രത്യാശ നിറയ്ക്കാനായി ദൈവം അയയ്ക്കുന്ന പ്രവാചകൻമാരെ നാം എങ്ങനെ സ്വീകരിക്കുന്നു എന്നു നമുക്കു പരിശോധിക്കാം. പുതുജീവനുവേണ്ടി ദാഹിക്കുന്ന അനേകരുടെ മുന്നിൽ സത്യം സംസാരിക്കാനുള്ള കർത്താവിന്റെ വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്നും ചിന്തിക്കാം. ഈ രണ്ടുചിന്തകളും നമ്മിൽ ആഴപ്പെടണം. കാരണം, നാം എടുക്കുന്ന ഓരോ ശ്വാസവും ദൈവത്തിന്റെ ജീവശ്വാസമായി രൂപാന്തരപ്പെടേണ്ടതാണ്.

## എന്റെ ഉത്തരവാദിത്വം

എസക്കിയേൽ പ്രവാചകനിലൂടെ ദൈവം പറയുന്നത് വ്യക്തിപരമായി ഓരോരുത്തരുടെയും ഉത്തരവാദിത്വത്തെക്കുറിച്ചാണ്. വിചിന്തനം വായിക്കുമ്പോൾ എനിക്ക്അങ്ങനെയാണ് തോന്നുന്നത്. കാരണം, ഈ കാലഘട്ടം പല രീതിയിൽ അസ്വസ്ഥമാണല്ലോ. കൊറോണയുടെ അനന്തര ഫലങ്ങൾ തീവ്രമായി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിക്കാനായി പാടുപെടുന്നവരെയും രോഗത്താൽ വലയുന്നവരെയും ബന്ധങ്ങൾ ശിഥിലമാകുന്ന കുടുംബങ്ങളെയുമൊക്കെ നമ്മൾ കാണുന്നുണ്ട്. ഈ അസാധാരണ കാലഘട്ടത്തിൽ ചുറ്റുമുള്ളവർക്ക് പ്രത്യാശ പകർന്നുനൽകാനും ജീവിതത്തിന്റെ സന്തോഷങ്ങളിലേയ്ക്ക് അവരെ തിരികെ കൊണ്ടുവരാനും, ഒഴിഞ്ഞുമാറാനാകാത്തതും വ്യക്തിപരവുമായ ഉത്തരവാദിത്വമുണ്ട് എന്നതാണ് എന്നെ സംബന്ധിച്ചിടത്തോളം എനിക്ക് കിട്ടുന്ന ഉൾക്കാഴ്ച.

പ്രത്യാശ നൽകുക എന്നു പറയുമ്പോൾ എപ്പോഴും കേൾക്കുന്ന കാര്യം പോലെ അതിനെ ശ്രദ്ധിക്കാതെ പോകരുതെന്നാണ് എനിക്ക് തോന്നുന്നത്. കാരണം പ്രിയപ്പെട്ടവർ മരിച്ചുപോയ കുടുംബങ്ങളും ജീവിതപങ്കാളി നഷ്ടപ്പെട്ട് വിധവയായി തീർന്ന സ്ത്രീകളും അനാഥരായി തീർന്ന കുട്ടികളും നമുക്കു ചുറ്റുമുണ്ട്. എന്റെ പ്രാർത്ഥനയും അതിലുപരി സാന്നിധ്യവും ജീവിക്കാനുള്ള പ്രത്യാശയും അവർക്കു നൽകേണ്ടതുണ്ട്. കൂടുതൽ ലഭിച്ചവനിൽ നിന്ന് കൂടുതൽ പ്രതീക്ഷിക്കുമല്ലോ. അതുകൊണ്ട് ജീസസ്‌യൂത്തായ എനിക്ക് ഇക്കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വമുണ്ടെന്നുള്ളതാണ് വിചിന്തനത്തിലൂടെ കടന്നു പോകുമ്പോൾ മനസ്സിലാകുന്നത്.

ആനി ജോൺ, എറണാകുളം

## പ്രവാചക ദൗത്യം

പരിശുദ്ധാത്മാവ് നൽകുന്ന ഒരു സ്വാതന്ത്ര്യത്തോടെ ഇടപെടാനും ദൈവിക പ്രചോദനങ്ങൾ അനുസരിച്ച് മുന്നോട്ടു പോകാനും എന്റെ ആത്മീയ ജീവിതശൈലി എനിക്ക് പ്രയോജനപ്രദമാകണം എന്നു തോന്നുന്നു. ജീവിതത്തിലെ ദൈവത്തിന്റെ ഇടപെടലുകളെ തിരിച്ചറിയാനും മറ്റുള്ളവരുടെ ജീവിതത്തിൽ ഒരനുഗ്രഹമായി തീരാനും ശ്രമിക്കുമ്പോൾ ദൈവത്തിന്റെ ജീവശ്വാസം ആകാനുള്ള എന്റെ വിളിക്ക് ഞാൻ ഉത്തരമായി മാറുകയാണ്. മറ്റുള്ളവർക്ക് നന്മ ചെയ്ത് ജീവിക്കണമെന്ന് വിചാരിച്ച് ഞാൻ ചെയ്യുന്ന എല്ലാ കാര്യങ്ങളിലൂടെയും എന്റെ പരിശ്രമങ്ങളിലൂടെയും ഒരു വിധത്തിൽ പറഞ്ഞാൽ പ്രവാചക ദൗത്യം തന്നെയാണ് ഞാൻ നിർവഹിക്കുന്നത്.

ഒരു ഫോൺ വിളിയായും സന്ദർശനമായും ചില സാന്ത്വനങ്ങളായുമൊക്കെ എന്റെ ജീവിതത്തിൽ മറ്റുള്ളവരിലൂടെ ഇത്തരത്തിൽ ലഭിച്ച അനുഗ്രഹങ്ങൾ നിരവധിയാണ്. അതൊക്കെ കർത്താവിന്റെ സ്നേഹം രുചിച്ചറിയാൻ പറ്റിയ സന്ദർഭങ്ങളായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. പ്രവാചക തുല്യമായ പ്രവർത്തനങ്ങൾക്ക് സാധ്യതകളേറെയാണ് ചുറ്റിനുമുളളത്. അത് മനസ്സിലാക്കി നമ്മൾ പ്രവർത്തനനിരതരാകേണ്ടതുണ്ട്. കാഴ്ചക്കാരായി നിൽക്കാതെ ആത്മാവ് നൽകുന്ന ഉൾവിളി സ്വീകരിച്ച് ദൈവരാജ്യ പ്രവർത്തനങ്ങളിൽ നമ്മൾ വ്യാപൃതരാകേണ്ടിയിരിക്കുന്നു. എന്റെ ഈ ദൗത്യത്തെ വിചിന്തനം ഓർമപ്പെടുത്തുന്നതായിട്ടാണ് എനിക്ക് തോന്നുന്നത്.

ജോമാത്യു, എറണാകുളം



രമ്യ. പി. ജോയ്, കുവൈറ്റ്

അഭിനവ ഫെമിനിസ്റ്റുകളും ബുദ്ധിജീവികളും ഗർഭധാരണത്തെയും കുഞ്ഞുങ്ങളെ സ്വീകരിക്കുന്നതിനെയുമെല്ലാം വളരെ എതിർപ്പോടെ കാണുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്.



# കാർലോസ

# ച്ചന്റെ വാക്കുകൾ

Courage... Courage... കുമ്പസാരത്തിനിരിക്കുമ്പോൾ നമ്മളെ ഇങ്ങനെ പറഞ്ഞു ധൈര്യപ്പെടുത്തുന്ന വൈദികർ വളരെ വിരളമാണ്. ലെബനോൻകാരനായ കാർലോസ് അച്ചന്റെ അപ്പോയിന്മെന്റ് എടുത്തിട്ടാണ് കുമ്പസാരിക്കാൻ ചെന്നത്. അച്ചൻ വളരെ സ്നേഹത്തോടെ കസേരയിട്ട് ഇരിക്കാൻ പറഞ്ഞു. എല്ലാ പ്രാവശ്യവും വളരെ ഒരുക്കത്തോടെയാണ് കുമ്പസാരത്തിന് പോകാറുള്ളത്. എന്നാൽ, പ്രഗ്നൻസിയുടെ ശാരീരിക അസ്വസ്ഥതകളും ബുദ്ധിമുട്ടും മൂലം കലുഷിതമായ മനസ്സോടും ഒരുക്കം ഒട്ടും ഇല്ലാതെയുമാണ് അന്ന് പോയത്. ആദ്യം കുമ്പസാരിച്ചിറങ്ങിയ ഭർത്താവ് അച്ചനോട് പറഞ്ഞിരുന്നു, അവൾ കുറച്ച് ഡിസ്റ്റർബ്ഡാണ് അച്ചനൊന്ന് ടേക് കെയർ ചെയ്യണമെന്ന്. ഞാനത് അറിഞ്ഞിരുന്നില്ല.

Courage... Courage കാർലോസ് അച്ചൻ ധൈര്യപ്പെടുത്തിക്കൊണ്ടിരുന്നു. പിന്നീട് ഇങ്ങനെ പറയാൻ തുടങ്ങി.. വർഷങ്ങൾക്കു മുൻപ് ലെബനോൻ എന്ന രാജ്യം സാമ്പത്തികമായി അസ്ഥിരപെട്ടിരുന്ന കാലഘട്ടം. ഗർഭിണിയായ തന്റെ ഭാര്യയെയുംകൊണ്ട് ഒരു ഭർത്താവ് അടുത്തുള്ള അബോർഷൻ ക്ലിനിക്കിനെ സമീപിക്കുന്നു. വളരെ ദീർഘമായ ചിന്തയ്ക്കു ശേഷം എടുത്ത ഒരു തീരുമാനം. കുടുംബം സാമ്പത്തികമായി തകർന്നു നിൽക്കുന്ന ഈ സമയത്ത് ഇനി ഒരു കുഞ്ഞിനെ കൂടി നമുക്ക് വേണ്ട. അബോർട്ട് ചെയ്യാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളോടും കൂടിയാണ് അവർ ക്ലിനിക്കിൽ എത്തിയത്. അബോർഷൻ ടേബിളിൽ കിടക്കുമ്പോൾ ആ അമ്മയുടെ ചെവികളിൽ ഇങ്ങനെ ഒരു സ്വരം കേട്ടു 'ഞാൻ തന്ന കുഞ്ഞാണെങ്കിൽ പരിപാലിക്കാനും എനിക്കറിയില്ലേ, നീ അസ്വസ്ഥപ്പെടേണ്ട, ആകുലചിത്തയാവുകയും വേണ്ട.' ആ അമ്മ അത് ദൈവത്തിന്റ സ്വരമായി സ്വീകരിച്ചു. എന്ത് സംഭവിച്ചാലും ഈ കുഞ്ഞിനെ നമുക്ക് വളർത്താം എന്ന തീരുമാനത്തോടെ അലറിക്കരഞ്ഞുകൊണ്ട് അബോർഷൻ ടേബിളിൽ നിന്നും ചാടിയിറങ്ങി പുറത്തേക്കോടി. ഇത് പറഞ്ഞതിനുശേഷം കാർലോസ് അച്ചൻ ഒരു ദീർഘനിശ്വാസം എടുത്തു. എന്നിട്ട് പറഞ്ഞു, പ്രിയപ്പെട്ട മോളെ അന്ന് ആ അമ്മ അബോർഷൻ ചെയ്യാൻ തീരുമാനിച്ചിരുന്ന കുഞ്ഞാണ് ഞാൻ. ദൈവം എന്നെ ഒരു വൈദികനാക്കി. എന്റെ ഓർഡിനേഷൻ ദിവസമാണ് എന്റെ അമ്മ എന്നോട് ഈ സംഭവം പറയുന്നത്.

ഗർഭധാരണം ആ അവസ്ഥയിൽ തന്നെ ഒത്തിരിയേറെ വിഷമതകളും ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നിറഞ്ഞതാണ്. പക്ഷേ, അത് ദൈവം തന്ന ദാനമായി സന്തോഷത്തോടെ സ്വീകരിക്കുമ്പോൾ ആ കുഞ്ഞുങ്ങൾ നാളെയുടെ നല്ല പ്രതീക്ഷകളാകുന്നു. എന്റെ അഞ്ചാമത്തെ പ്രസവത്തിന്റ ബുദ്ധിമുട്ടുകൾക്കും വിഷമതകൾക്കും ശേഷം, എന്റെ മനസ്സിൽ ആറാമത്തെ പ്രഗ്നൻസിയെക്കുറിച്ചുണ്ടായിരുന്ന അനേകം സംശയങ്ങൾക്കും ആകുലതകൾക്കും സങ്കടങ്ങൾക്കും ആ കുമ്പസാരക്കൂട്ടിൽ ഈശോ, കാർലോസ് അച്ചനിലൂടെ എന്നോട് സംസാരിച്ചു.

അഭിനവ ഫെമിനിസ്റ്റുകളും ബുദ്ധിജീവികളും ഗർഭധാരണത്തെയും കുഞ്ഞുങ്ങളെ സ്വീകരിക്കുന്നതിനെയുമെല്ലാം വളരെ എതിർപ്പോടെ കാണുന്ന ഒരു സമൂഹത്തിലാണ് നാമിന്ന് ജീവിക്കുന്നത്. അതിനുള്ള ഉത്തമ ഉദാഹരണമാണ് ഈ അടുത്ത കാലത്തിറങ്ങിയ 'സാറ' എന്ന സിനിമ. എന്റെ ജോലിക്കുവേണ്ടിയും എന്റെ ഉയർച്ചയ്ക്ക് വേണ്ടിയും എന്റെ ഉദരത്തിലുള്ള കുഞ്ഞിനെ വേണ്ടെന്നുവയ്ക്കാൻ എനിക്ക് പൂർണ സ്വാതന്ത്ര്യം ഉണ്ടെന്ന് പ്രഖ്യാപിക്കുന്ന വളരെ വികലവും തെറ്റായതും അധാർമികവുമായ ഒരു സന്ദേശമാണ് ഈ സിനിമ പ്രേക്ഷകരിലെത്തിക്കുന്നത്.

ഇതിന്റെ സംവിധായകനോടും അഭിനേതാക്കളോടും ഇത്ര മാത്രം പറഞ്ഞുകൊള്ളട്ടെ; കുഞ്ഞുങ്ങളെ സ്വീകരിക്കുകയും അവരെ സാമൂഹിക പ്രതിബദ്ധത ഉള്ളവരാക്കി വളർത്തുക എന്നതും മറ്റേതൊരു ജോലിയെകാൾ മഹത്തായ ഒരു കർമമാണ്. വൃദ്ധ എന്ന ലേബൽ ചാർത്തി കിട്ടിയിട്ടും ഗർഭധാരണത്തിന് പ്രായം അതിക്രമിച്ചിട്ടും ഭർത്താവായ അബ്രഹാമിലൂടെ ദൈവം തനിക്കൊരു പുത്രനെ നൽകുമെന്ന് വിശ്വസിച്ച് കാത്തിരുന്ന്, വാഗ്ദാനം പ്രാപിച്ച വിശ്വാസികളുടെ മാതാവായ പഴയനിയമത്തിലെ സാറയാണ് എന്റെ യഥാർഥ ഇഷ്ട കഥാപാത്രം. ഇനിയും ഒരുപാട് സ്വപ്നങ്ങൾ പൂർത്തീകരിക്കപ്പെടാൻ ഉണ്ട്... ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കാൻ ഉണ്ട്... ഇതൊക്കെയും ഉദരത്തിലുള്ള ആറാമത്തെ കുഞ്ഞിനെ വഹിച്ചുകൊണ്ടും മറ്റു കുഞ്ഞുങ്ങളെ കൈയിൽ പിടിച്ചു ചേർത്തുനടത്തിക്കൊണ്ടും നേടിയെടുക്കാൻ സാധിക്കും എന്നുറപ്പുണ്ട്. കാരണം,

'എന്റെ ദൈവം വാഗ്ദാനങ്ങളിൽ വിശ്വസ്തനാണ്.' നമ്മുടെ സമൂഹം പ്രോ ചോയ്സിനെയല്ല പ്രോ ലൈഫിനെ സപ്പോർട്ട് ചെയ്യുന്നവരാകട്ടെയെന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. "കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും" (സങ്കീ 127,3).




# ന്യൂസ് ഹൈലൈറ്റ്സ്

കഴിഞ്ഞ ദിവസങ്ങളിലെ വാർത്തകളുടെ പുനർവായനയ്ക്കായി ഈ കോളം നോക്കാം. മറ്റു പ്രസിദ്ധീകരണങ്ങളിലെ ശ്രദ്ധേയമായത് ശ്രീ. സണ്ണി കോക്കാപ്പിള്ളിൽ തെരഞ്ഞെടുത്ത് അവതരിപ്പിക്കുന്നു.



## അപ്പോളജറ്റിക്സുകളുടെ ഇന്നത്തെ പ്രസക്തി

ക്രിസ്ത്യൻ അപ്പോളജറ്റിക്സുകളുടെ സമകാലിക പ്രസക്തിയെപ്പറ്റി അനിൽകുമാർ വി. അയ്യപ്പനുമായുള്ള അഭിമുഖം ജനുവരി ആദ്യവാരം ഷെക്കെയ്ന ടെലിവിഷൻ പ്രക്ഷേപണം ചെയ്തു. ഇന്ന് അനേകം ക്രൈസ്തവർക്ക് തങ്ങളുടെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കാനും എതിർവാദങ്ങൾക്ക് കൃത്യമായി മറുപടി നൽകാനും അപ്പോളജറ്റിക്സുകൾക്കു കഴിഞ്ഞിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. ക്രൈസ്തവർ അഭിമുഖീകരിക്കുന്ന ചില പൊതു വിഷയങ്ങളിൽ സഭാവ്യത്യാസം മറന്ന് അപ്പോളജറ്റിക്സുകൾ ഒന്നിച്ചു വരുന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.




## ക്രിസ്തുവിലേക്ക് അടുക്കുന്ന യുവജനങ്ങൾ

ഡിജിറ്റൽ മീഡിയ വഴി യുവജനങ്ങളെ ക്രിസ്തുവിലേക്ക് അടുപ്പിക്കുന്ന പ്രേക്ഷിത സംഘടനയാണ് ഗ്രൗണ്ട്വയർ. ജീസസ്കെയേഴ്സ്.കോം പോലെയുള്ള സൈറ്റുകൾ വഴിയാണ് ഈ സംഘടന യുവജനങ്ങളെ വിശ്വാസത്തിലേക്കു നയിക്കുന്നത്. ഹോളിവുഡ് നിർമിത ചെറു വീഡിയോകൾ ഉപയോഗിച്ച് ഇത് നടപ്പിൽ വരുത്തുന്നു. യുവജനങ്ങൾ ഭൂരിപക്ഷവും ദൈവവിശ്വാസികളാണെങ്കിലും മാധ്യമങ്ങൾ അങ്ങനെ സമ്മതിക്കില്ല. പലവിധ പരിപാടികളിലൂടെ ദൈവത്തെ പരിഗണിക്കാനുള്ള പ്രലോഭനമാണ് മാധ്യമങ്ങൾ പലപ്പോഴും ചെയ്യുന്നത്. അനുദിനാവശ്യങ്ങളിൽ ദൈവം തങ്ങളുടെ കൂടെ ഉണ്ടെന്ന ബോധ്യമാണ് സംഘടന നൽകുന്നത്. 2021-ൽ മാത്രം 190,000-ലധികം യുവജനങ്ങളാണ് ക്രിസ്തുവിനെ രക്ഷകനും നാഥനും ആയി സ്വീകരിച്ചത്. ദൈവരാജ്യത്തിനു വേണ്ടി ആരു മുന്നിട്ടിറങ്ങിയാലും അതു ഫലം ചൂടുമെന്നാണ് ഈ പ്രവർത്തനങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നത്.

# നക്ഷത്രങ്ങൾ പിറന്ന നാളിൽ

വിദേശത്തു ജനിച്ചു പഠിച്ചിട്ടും നാട്ടിൻ പുറത്തു ജോലി ചെയ്യുന്ന ഡോക്ടർ ദമ്പതികളുടെ അനുഭവമാണ് ജനുവരി 12-ലെ സൺഡേ ശാലോമിൽ പ്രസിദ്ധീക രിച്ച നക്ഷത്രങ്ങൾ പിറന്ന നാളിൽ എന്ന ലേഖനം. ഏഴാമത്തെ കുഞ്ഞിനെ കാത്തിരിക്കുന്ന ഈ ദമ്പതികൾ ഒരത്ഭുത മാണ്. 11 കുട്ടികളെങ്കിലും വേണമെന്നാ ഗ്രഹിക്കുന്ന ഇവരുടെ അനുഭവങ്ങൾ വലിയ ബോധ്യങ്ങൾ നമുക്കു നൽകുന്നു.






# ഇന്ത്യൻ ഭരണഘടനയിലുള്ള ബൈബിളിന്റെ സ്വാധീനം

ഇന്ത്യയുടെ ഭരണഘടന മനുഷ്യാവകാശങ്ങൾക്ക് വളരെയധികം പ്രാധാന്യം നൽകുന്നുണ്ട്. ബൈബിൾ മൂല്യങ്ങൾ സ്വീകരിച്ച രാജ്യങ്ങളിലൊക്കെ ഇതു കാണാൻ കഴിയും. ഇന്ന് യുവ ജനങ്ങൾ ഏതെങ്കിലും രാജ്യത്തേക്കു കുടിയേറി പാർക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മിക്കവാറും അത് പാശ്ചാത്യ രാജ്യങ്ങളായിരിക്കും. അമേരിക്ക, കാനഡ, ബ്രിട്ടൻ, സ്കാൻഡി നേവ്യൻ രാജ്യങ്ങൾ, ജർമനി, ആസ്ട്രേലിയ തുടങ്ങിയ രാജ്യങ്ങളായിരിക്കും അവർ തെര ഞ്ഞെടുക്കുക. ഈ രാജ്യങ്ങളുടെയെല്ലാം ഭരണഘടനയിൽ ബൈബിൾ മൂല്യങ്ങൾ ഉണ്ടെന്ന താണ് അതിനു കാരണം. ട്രംപ്‌വോയ്സ് എന്ന യുട്യൂബ് ചാനലിൽ അഡ്വ. ജയകുമാർ ഇന്ത്യൻ ഭരണഘടനയിൽ ബൈബിളിനുള്ള സ്വാധീനത്തെപ്പറ്റി വിശദമായി പറയുന്നത് ഏവരും ശ്രദ്ധിക്കേണ്ടതാണ്.

---

അമേരിക്കൻ സ്വാതന്ത്ര്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രതീകങ്ങളിലൊന്നാണ് ലിബർട്ടി ബെൽ. ലേവ്യർ പുസ്തകം 25,10ൽ നിന്ന് എടുത്ത "ദേശവാസികൾക്കെല്ലാം സ്വാതന്ത്ര്യം പ്രഖ്യാപിക്കണം." എന്ന വാക്യം അതിൽ ആലേഖനം ചെയ്തിട്ടുണ്ട്.

***മാർക്ക് ഡേവിഡ് ഹാൾ***

---




*മാർക്ക് ഡേവിഡ് ഹാൾ - വിശിഷ്ട പൊളിറ്റിക്സ് പ്രൊഫസറും ജോർജ് ഫോക്സ് യൂണിവേഴ്സിറ്റിയിലെ ഓണേഴ്സ് പ്രോഗ്രാമിലെ ഫാക്കൽറ്റി ഫെല്ലോയു മാണ്. അമേരിക്കൻ ജീവിതത്തിൽ മതത്തെയും രാഷ്ട്രീയത്തെയും കുറിച്ചുള്ള നിരവധി പുസ്തകങ്ങ ളുടെ രചയിതാവാണ് ഇദ്ദേഹം.*




# ജന്നിഫർ - ഷോർട്ട് ഫിലിം

ബഥനി സിസ്റ്റേഴ്സ് ഇറക്കിയ ജന്നിഫർ എന്ന ഷോർട്ട് ഫിലിം വല്ലാത്തൊരനുഭവമാണ് അനുവാചകരിൽ സൃഷ്ടിക്കുന്നത്. തിരുവല്ല ബഥനി മഠത്തിലെ സിസ്റ്റേഴ്സ് ഒരുക്കിയ ഈ ചിത്രം ഒറ്റ മകൾ മാത്രമുള്ള കുടുംബത്തിൽ നിന്ന് ദൈവവിളിയെ തിരിച്ചറിയാനുള്ള വിവേചനബുദ്ധി നമുക്കു മുൻപിൽ വരച്ചു കാട്ടുന്നു. ഇത്തരം സംരംഭങ്ങൾ ബഥനി സിസ്റ്റേഴ്സിൽ നിന്നും ഇനിയും പ്രതീക്ഷിക്കുന്നു.


KAIROS
Buds
VOLUME 1 » ISSUE 14
A CATHOLIC MAGAZINE FOR CHILDREN
Conquer the World with
Good
WITHIN
Cologne Cathedral
How I know God Loves Me
Jesus Youth
A Missionary Movement at the Service of the Church



ജൂഹി എൽസ് ജോർജ്


സിന്റോ വി. വർഗീസ്



# ഡോ. ജെറോം ലെജ്യൂൺ

ഡോ. ജെറോം ലെജ്യൂൺ ഒരു ഫ്രഞ്ച് ശിശുരോഗ വിദഗ്ധനും ജനിതക ശാസ്ത്രജ്ഞനും പ്രോലൈഫ് പ്രവർത്തകനുമായിരുന്നു. ക്രോമസോം അസാധാരണതകളുമായുള്ള രോഗങ്ങളുടെ ബന്ധം കണ്ടെത്താനുള്ള പഠനങ്ങളും ഗർഭച്ഛിദ്രത്തിനെതിരായ നിലപാടുകളുമാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്. ഡൗൺ സിൻഡ്രോം ഉള്ള കുട്ടികളിൽ സാധാരണ 46 ഹ്യൂമൻ ക്രോമസോമുകൾക്ക് പകരം 47 ഉണ്ടെന്ന ട്രൈസോമി 21 എന്ന് വിളിക്കുന്ന അപകടത്തെ ലെജ്യൂണും സഹ ശാസ്ത്രജ്ഞൻ മാർത്ത ഗൗട്ടിയറും 1957നും 1958നും ഇടയിൽ തെളിയിച്ചു. ക്രോമസോം അസാധാരണത്വങ്ങളുടെ കണ്ടെത്തൽ മെഡിക്കൽ ജനിതക ശാസ്ത്രത്തിൽ വലിയ പുരോഗതിക്ക് കാരണമായി. രോഗികളോടുള്ള ഡോ. ജെറോമിന്റെ സ്നേഹവും അനുകമ്പയും അദ്ദേഹത്തെ അറിയുന്നവർ ഇന്നും സ്നേഹത്തോടെ ഓർക്കുന്നുണ്ട്. ഒരിക്കൽ അലൻ പ്രൈസ് നേടിയതിനു ശേഷം അദ്ദേഹം തന്റെ സഹപ്രവർത്തകരോട് നടത്തിയ ഒരു പ്രസംഗത്തിൽ ഗർഭച്ഛിദ്രത്തിനെതിരെ ശക്തമായി പ്രതികരിക്കുകയുണ്ടായി. തൊഴിലിടങ്ങളുമായി ബന്ധപ്പെട്ട് ഒട്ടും ജനപ്രിയമല്ലാത്ത കാഴ്ചപ്പാടായ ഗർഭച്ഛിദ്രത്തിന്റെ ധാർമികതയെ വളരെ വ്യക്തമായി ചോദ്യം ചെയ്തുകൊണ്ടായിരുന്നു ലെജ്യൂണിന്റെ പ്രസംഗം. 1994ൽ അദ്ദേഹം പൊന്തിഫിക്കൽ അക്കാദമി ഓഫ് ലൈഫിന്റെ ആദ്യത്തെ തലവനായി. 1997ൽ ഡോ. ജെറോം ലെജ്യൂണിനെ കത്തോലിക്കാ സഭ 'ദൈവദാസൻ' എന്ന് നാമകരണം ചെയ്തു.






*1997ൽ പാരീസിൽ നടന്ന ലോക യുവജന ദിനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഡോ. ജെറോം ലെജ്യൂണിന്റെ ശവകുടീരം സന്ദർശിക്കുന്നു.*



ചെറി പോൾ, ചങ്ങനാശേരി

# നീയെന്റെ പ്രാർഥന കേട്ടു

പൊതുവേ ഇൻട്രോവെർട്ടായ എനിക്ക് മറ്റുള്ളവരോട് സംസാരിക്കുവാനോ ഒരു ചെറു സമൂഹത്തിൽ പ്രാർഥിക്കുവാനോ വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രകൃതമായിരുന്നു. പെൺകുട്ടികൾ ഉൾപ്പെടുന്ന കൂട്ടായ്മകളിൽ ചിരിച്ച് നിശ്ശബ്ദനായി മാത്രം നില്ക്കുകയായിരുന്നു പതിവ്. മുതിർന്നവർ നമ്മൾ പറയുന്ന ഓരോ വാക്കും സസൂക്ഷ്മം നിരീക്ഷിക്കുമെന്ന ചിന്തകളും എന്നെ വല്ലാതെ അലട്ടിയിരുന്നു.

എന്നാൽ, ഈ കഴിഞ്ഞ വർഷങ്ങളിൽ ജീസസ് യൂത്ത് മൂവ്മെന്റിനൊപ്പമുള്ള യാത്ര എന്നിൽ ധാരാളം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ചിലപ്പോഴൊക്കെ വേറെ ഒരു നിർവാഹവുമില്ലാത്ത അവസരങ്ങളിൽ ഞാൻ മുന്നിട്ടിറങ്ങേണ്ട സാഹചര്യങ്ങൾ പലതുണ്ടായിട്ടുണ്ട്. ഇതേപ്പറ്റി പ്രാർഥനാപൂർവം ആലോചിക്കുമ്പോൾ ഇതൊക്കെ ദൈവം എനിക്കായി തയ്യാറാക്കുന്ന സന്ദർഭങ്ങളായി തോന്നാറുണ്ട്.

ബി.എസ്സി പഠിക്കുന്ന സമയത്ത് ഞാൻ മൂവ്മെന്റിന്റെ ഭാഗമാണെന്നറിഞ്ഞ് അച്ചന്മാരും ടീച്ചേഴ്സും എന്നെ സി.എസ്.എമ്മിന്റെ പ്രസിഡന്റാക്കി. എല്ലാ വർഷവും പ്രവർത്തനോദ്ഘാടനത്തിന്റെ സമയത്ത് പ്രസിഡന്റ് ഒരു ചെറുപ്രസംഗം നടത്തുന്നത് പതിവാണ്. പിന്നീടതോർത്ത് ടെൻഷനും. തന്മൂലം ഉറക്കമില്ലാത്ത രാത്രികളുമായിരുന്നു. ആ സമയത്ത് ഫ്രാൻസിസ് മാർപാപ്പ ലോക യുവജന സമ്മേളനത്തിൽ പറഞ്ഞ, "നമുക്ക് ആവശ്യമുണ്ട് ഈ കാലഘട്ടത്തിന്റെ വിശുദ്ധരെ..." എന്ന കാര്യമൊക്കെ ചേർത്ത് വളരെ ചെറിയ ഒരു പ്രസംഗം പറഞ്ഞ് ആ കടമ്പ ചാടിക്കടന്നു.

കലാലയ ജീവിതത്തിന്റെ അവസാനം, പഠിച്ചിറങ്ങുന്ന മികച്ച വിദ്യാർഥികളെ തെരഞ്ഞെടുക്കുന്ന ഒരു മത്സരത്തിന്റെ ഒരു വിഭാഗത്തിൽ പത്തു മിനിറ്റുകൊണ്ട് നിങ്ങളുടെ കലാപരമായ കഴിവ് പ്രകടിപ്പിക്കുക എന്നുള്ളതായിരുന്നു. ഡാൻസോ, പാട്ടോ എന്നല്ലാ, ഒരു സംഗീതോപകരണം പോലും കൈകാര്യം ചെയ്യാനറിയാത്ത ഞാൻ അവിടെയും പെട്ടു. ശുദ്ധ മലയാളത്തിലോ, ഇംഗ്ലീഷിലോ പത്ത് മിനിറ്റ് സംസാരിക്കാമെന്നു വച്ചാൽ അതിനുള്ള ആത്മവിശ്വാസവുമില്ല. ഒടുവിൽ ഇംഗ്ലീഷും മലയാളവുമൊക്കെ കൂട്ടിക്കലർത്തി ഏറെ പ്രശംസനീയമായ രീതിയിൽ തന്നെ കാണാതെ പഠിക്കാത്ത ഒരു ചെറുപ്രസംഗം കാഴ്ചവച്ചു.

ആയിടെ ഞങ്ങളുടെ സോണിൽ നടന്ന ഒരു ക്യാംപസ് മീറ്റിൽ ക്ലാസ്സെടുക്കുന്ന ആൾക്ക് എത്തിച്ചേരാൻ സാധിക്കില്ലായെന്ന് വളരെ വൈകിയാണ് ഞങ്ങൾക്ക് അറിയിപ്പ് ലഭിച്ചത്. അന്ന് കോ-ഓർഡിനേഷന്റെ ഉത്തരവാദിത്വം ഉള്ളതുകൊണ്ടും മറ്റ് നിർവാഹം ഇല്ലാത്തതുകൊണ്ടും ക്ലാസ്സെടുക്കാനുള്ള കുറി എനിക്ക് വീണു. ഹാളിന് സമീപത്തുള്ള മുറിയുടെ വാതിലിനടുത്ത് നിന്ന് ഞാൻ പ്രാർഥിച്ചു: 'കർത്താവേ' എനിക്കറിയില്ല എന്താണ് പറയേണ്ടതെന്ന്; ഞാൻ പറയാൻ പോകുന്ന ഓരോ വാക്കും ക്രമീകരിക്കണേ.. ഈ പ്രാർഥന വഴി എന്റെ പിന്നീടുള്ള ജീവിതത്തിലും കാര്യങ്ങൾ ക്രമീകരിക്കുന്നതായ അനുഭവങ്ങളുണ്ടായിട്ടുണ്ട്.

ഇതുപോലത്തെ ഒട്ടനവധി സാഹചര്യങ്ങളിലൂടെ ദൈവരാജ്യ വളർച്ചയ്ക്കായി ദൈവമെന്നെ ഒരുക്കുകയായിരുന്നു. ഒരു

> ക്ലാസ്സെടുക്കാനുള്ള കുറി എനിക്ക് വീണു. ഹാളിന് സമീപത്തുള്ള മുറിയുടെ വാതിലിനടുത്തുനിന്ന് ഞാൻ പ്രാർഥിച്ചു: 'കർത്താവേ' എനിക്കറിയില്ല എന്താണ് പറയേണ്ടതെന്ന്; ഞാൻ പറയാൻ പോകുന്ന ഓരോ വാക്കും ക്രമീകരിക്കണേ..

നല്ല കാര്യം അറിഞ്ഞാൽ അതു തന്റെ സുഹൃത്തുക്കളെല്ലാം അറിയണമെന്നും അവരെ സഹായിക്കുവാൻ അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്യുന്ന എന്റെ അപ്പന്റെ സ്വഭാവം എന്നെ വളരെ സ്വാധീനിച്ചിട്ടുണ്ട്. അതിനാൽത്തന്നെ എനിക്ക് ഏറ്റവും പ്രിയപ്പെട്ട വചനഭാഗം വി. മത്തായി 7,12 ആണ്, "മറ്റുള്ളവർ നിങ്ങൾക്കുചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്കു ചെയ്യുവിൻ. ഇതാണു നിയമവും പ്രവാചകൻമാരും." എനിക്കുണ്ടായ മാറ്റത്തിന്റെ ഏറ്റവും മനോഹരമായ ഉദാഹരണമാണ് ഈ അനുഭവം എഴുതാമെന്ന് പറയാനിടയായ സാഹചര്യം. ഈശോ തന്ന കൊച്ചു കൊച്ചു ബോധ്യങ്ങളും, ദൈവാനുഭവങ്ങളും അതിനാൽ തന്നെ കിട്ടുന്ന അവസരങ്ങളിൽ പങ്കുവയ്ക്കാൻ ശ്രമിക്കുന്നു. ദൈവം നമ്മളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.




Photo by Priscilla Du Preez on Unsplash

# സിനി ടോക്സ്



സിബിൻ ജോസ്, കോതമംഗലം








**ഭീമന്റെയും കൊസ്തേപ്പിന്റെയും നാട്ടുകാരുടെയും പൊതുവായ ആ ഇടുങ്ങിയ വഴിയിലൂടെ മനുഷ്യനിലുള്ള ഇടുങ്ങിയ ചിന്താഗതികളെയും പ്രേക്ഷകർക്ക് മുന്നിൽ ചിത്രം തുറന്നു വയ്ക്കുന്നുണ്ട്.**

വേറിട്ട അവതരണ രീതി കൊണ്ടും കഥാപശ്ചാത്തലം കൊണ്ടും വ്യത്യസ്തത പുലർത്തിയ ഈ ചിത്രം 2021ലെ ബോക്സോഫീസ് ഹിറ്റ് ചാർട്ടിൽ ഇടം പിടിച്ചിട്ടുണ്ട്. 'തമാശ' എന്ന ഹിറ്റ് ചിത്രത്തിന് ശേഷം അഷ്റഫ് ഹംസ, ചെമ്പൻ വിനോദ് ജോസിന്റെ തിരക്കഥയിൽ സംവിധാനം ചെയ്ത സിനിമയാണ് ഭീമന്റെ വഴി. കുഞ്ചാക്കോ ബോബൻ, ജിനു ജോസഫ്, സുരാജ് വെഞ്ഞാറമൂട്, മേഘ തോമസ്, ഭഗത് മാനുവൽ തുടങ്ങിയവരാണ് മുഖ്യ കഥാപാത്രങ്ങൾ.

ഭീമൻ എന്ന് പൊതുവേ അറിയപ്പെടുന്ന കുഞ്ചാക്കോ ബോബന്റെ കഥാപാത്രത്തെയും പേര് സൂചിപ്പിക്കുന്ന പോലെ ഭീമന്റെ വഴിയേയും ചുറ്റിപ്പറ്റിയാണ് കഥ നടക്കുന്നത്. ഒരു പ്രദേശത്തെ ദുർഘടമായ ഇടുങ്ങിയ വഴിയിലൂടെ വേണമായിരുന്നു ഭീമനും ചുറ്റുമുള്ള ആളുകൾക്കും പൊതുവായ ആവശ്യങ്ങൾക്ക് വേണ്ടി നഗരത്തിലെത്താൻ. ഈ വഴി വിശാലമാക്കി പ്രശ്നം പരിഹരിക്കാൻ തീരുമാനിക്കുകയും അതിനായി ഭീമൻ മുൻകൈ എടുക്കുകയും ചെയ്യുന്നു. കൗൺസിലർ റീത്തയുടെ സഹായം തേടിക്കൊണ്ടാണ് വഴി വലുതാക്കാൻ ശ്രമം തുടങ്ങുന്നത്. തുടർന്നു നടക്കുന്ന സംഭവങ്ങൾ വളരെ രസകരമായിട്ടാണ് ചിത്രം അവതരിപ്പിക്കുന്നത്.


ഒരു വഴി പ്രശ്നം എന്നതിനേക്കാളുപരി അത് പരിഹരിക്കാനുള്ള ഭീമന്റെ ചില കുറുക്കു വഴികളാണ് സിനിമ പറയുന്നത്. ഉദ്ദേശം നല്ലതാണെങ്കിലും ചിലരുടെ സ്വാർഥ താത്പര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് ഈയൊരു പ്രശ്നം ഭീമൻ പരിഹരിക്കുന്നത്. പണക്കാരനായ ഊതാംപിള്ളി കോസ്തേപ്പ് ആയിരുന്നു ഈ പ്രശ്നം പരിഹരിക്കുന്നതിൽ പ്രതിബന്ധമായി നിന്നത്. ആദ്യം വഴി കൊടുക്കാൻ സമ്മതിക്കുന്നെങ്കിലും പിന്നീട് അഭിപ്രായ വ്യത്യാസം വരുന്നതും പിന്നീട് അയാളോടുള്ള ഭീമന്റെയും നാട്ടുകാരുടെയും പോരാട്ടവുമാണ് സിനിമ പറയുന്നത്. പ്രതീക്ഷിക്കാത്ത രീതിയിലുള്ള ക്ലൈമാക്സും ഇതിന്റെ ഹൈലൈറ്റാണ്.

നമ്മുടെ നാട്ടിൽ സ്ഥിരം കേൾക്കുന്ന വിഷയം. പക്ഷേ, എങ്ങനെ അത് വ്യത്യസ്തമായി സിനിമയിൽ കൊണ്ടു വരാമെന്ന് കാണിച്ചു തരുകയായിരുന്നു തിരക്കഥാകൃത്തും നടനുമായ ചെമ്പൻ വിനോദ് ജോസ്. അദ്ദേഹത്തിന്റെ തന്നെ തൂലികയിൽ വിരിഞ്ഞ മറ്റു സിനിമകളെ അപേക്ഷിച്ച് കുടുംബ സദസ്സിനു ആസ്വദിക്കാൻ പറ്റുന്ന സിനിമയാണ് ഭീമന്റെ വഴി.

കഥാപാത്രങ്ങളെ അപേക്ഷിച്ച് എടുത്തു പറയേണ്ട രണ്ടു പേരാണ് ജിനു ജോസഫിന്റെ ഊതാംപിള്ളി കോസ്തേപ്പും സുരാജ് വെഞ്ഞാറമൂടിന്റെ  മഞ്ഞളി ടാർസൂസും. കോട്ടും സ്യൂട്ടും അഴിച്ചുവച്ച് ഒരു നാട്ടിൻ പ്രദേശത്തെ കൗശലക്കാരനായ പണക്കാരനായി വന്ന ജിനു ജോസഫ് തന്റെ വേഷം വ്യത്യസ്തമാക്കി. സീരിയസ് വേഷങ്ങളിൽ നിന്നും അല്പം ബ്രേക്കെടുത്ത് വീണ്ടും നർമ ഭാവത്തിൽ അഭിനയിക്കുന്ന സുരാജിനെ നമുക്കിതിൽ കാണാം.

ഒരു നുണ എങ്ങനെയാണ് സത്യമായി മാറുന്നതെന്ന് ഈ ചിത്രം കാണുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. പൊതുവേ മാന്യൻ എന്നറിയപ്പെടുന്ന ടാർസൂസിന്റെ അഭിപ്രായത്തോട് യോജിക്കുന്ന നാട്ടുകാർ അവസാനത്തെ അയാളുടെ നുണ പറച്ചിലും സത്യമായി തന്നെ വിശ്വസിക്കുന്നു. സിനിമയുടെ പ്രധാന വഴിത്തിരിവായി മാറുന്ന ഈ നുണ പറച്ചിൽ പിന്നീട് കോസ്തേപ്പിന് എതിരായി ഭവിക്കുന്നു. ചിത്രം അവസാനിക്കുമ്പോൾ ആരുടെ ഭാഗത്താണ് ശരിയും തെറ്റുമെന്ന് നമ്മൾ ചിന്തിച്ചു പോകും. ഭീമന്റെയും കോസ്തേപ്പിന്റെയും നാട്ടുകാരുടെയും പൊതുവായ ആ ഇടുങ്ങിയ വഴിയിലൂടെ മനുഷ്യനിലുള്ള ഇടുങ്ങിയ ചിന്താഗതികളെയും പ്രേക്ഷകർക്ക് മുന്നിൽ ചിത്രം തുറന്നു വയ്ക്കുന്നുണ്ട്. ഭീമന്റെ സ്ത്രീകളോടുള്ള മനോഭാവം, ചെമ്പന്റെ മഹർഷി എന്ന കഥാപാത്രത്തിന്റെ ഭാവി ജീവിതപങ്കാളിയിലേക്കുള്ള വഴി, എന്തും കൈയടക്കാനുള്ള കൊസ്തേപിന്റെ കൗശല ഭാവം എല്ലാംതന്നെ ചിത്രത്തിന്റെ രസച്ചരടുകളായി നിൽക്കുന്നുണ്ട്.

ചെറുതും വലുതുമായ എല്ലാ കഥാപാത്രങ്ങൾക്കും വേണ്ടരീതിയിൽ പ്രാധാന്യം കൊടുത്തുകൊണ്ടാണ് ചിത്രം മുന്നേറുന്നത്. ഒട്ടും ബോറടിക്കാതെ കണ്ടിരിക്കാവുന്ന, ഗ്രാമീണ പശ്ചാത്തലത്തിലുള്ള ഈ ചിത്രം ആമസോൺ പ്രൈമിൽ ലഭ്യമാണ്.



# വാർത്താവിചാരം



സണ്ണി കോക്കാപ്പിള്ളിൽ

## ഓഡിയോ ബൈബിൾ പ്ലയർ




കുറേ വർഷങ്ങൾക്കു മുൻപ് ഒരു മീറ്റിങ്ങിൽ ബൈബിൾ പാരായണത്തിന്റെ സമയത്ത് മൊബൈൽ ഫോണിലൂടെ വായിച്ചതു കണ്ടപ്പോൾ അന്നത് വലിയ അത്ഭുതമായിട്ടാണ് തോന്നിയത്. ഇപ്പോഴിതാ സ്വിച്ചിട്ടാൽ ഇഷ്ടമുള്ള ബൈബിൾ ഭാഗത്തിന്റെ ഓഡിയോ കേൾക്കാൻ സംവിധാനം ഉണ്ടായിരിക്കുന്നു. രക്ഷാവചനം എന്ന പേരിൽ സമ്പൂർണ ഓഡിയോ ബൈബിൾ പ്ലയർ ഇറക്കിയവർ ഏറെ അഭിനന്ദനമർഹിക്കുന്നു. ഒരു റേഡിയോ ഓൺ ചെയ്യുന്നതു പോലെ ഇതു പ്രവർത്തിപ്പിക്കാം. ദൈവവചനം ഉയരുന്നിടത്ത് ദൈവസാന്നിധ്യമുണ്ടാകും. നമ്മൾ ഭവനത്തിൽ എന്തെങ്കിലും ജോലി ചെയ്യുകയാണെന്നിരിക്കട്ടെ. അതിനിടയിൽ ദൈവവചനം കേൾക്കണമെന്നാഗ്രഹിക്കുന്നു. പെട്ടെന്ന് ഓഡിയോ പ്ലയർ ഓൺ ചെയ്താൽ നമുക്കാവശ്യമുള്ള ഭാഗം കേൾക്കാനുള്ള അവസരമുണ്ടാകുന്നു. ഏറ്റവും കൂടുതൽ വ്യക്തികൾ ചൊല്ലുന്ന 91-ാം സങ്കീർത്തനമൊക്കെ പലവുരു കേൾക്കാൻ നമുക്കു കഴിയുന്നു. വേണമെങ്കിൽ ഇതിനെ ബൈബിൾ റേഡിയോ എന്നു വിളിക്കാം. ഒരു റേഡിയോയിലൂടെ പലതും കേൾക്കാൻ കഴിയുന്നതു പോലെ ബൈബിൾ ഭാഗങ്ങൾ ശ്രവിക്കാനുള്ള അസുലഭ സന്ദർഭമാണ് നമ്മുടെ മുൻപിൽ തുറന്നു വച്ചിരിക്കുന്നത്. ഇന്റർനെറ്റോ, വൈഫൈയോ ഒന്നും ഇതിനാവശ്യമില്ല. നിലമ്പൂർ തേക്കിൽ തീർത്ത് ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഈ പ്ലയർ സ്വന്തമാക്കുന്നത് വളരെയേറെ പ്രയോജനപ്പെടും. രക്ഷാവചനം എന്ന പേരിലുള്ള ഈ ഓഡിയോ ബൈബിൾ പ്ലയർ വിവാഹം, ജന്മദിനം പോലെയുള്ള അവസരങ്ങളിൽ സമ്മാനമായി നൽകാനും ഉപകരിക്കും. നമ്മുടെ കുട്ടികൾ ബൈബിൾ വചനങ്ങൾ കേട്ടു വളരട്ടെ.

Visit: www.rakshavachanam.com

## ചരിത്രത്തെ വക്രീകരിക്കുമ്പോൾ



കേരളത്തിന്റെ നവോത്ഥാന ചരിത്രത്തിൽ സുപ്രധാന പങ്കു വഹിച്ച വ്യക്തിയാണ് ചാവറ കുര്യാക്കോസ് അച്ചൻ. പെൺകുട്ടികളുടെ പഠനം, താഴ്ന്ന ജാതിക്കാരുടെ പഠനം തുടങ്ങി സുപ്രധാനമായ പല ചുവടുവയ്പുകൾക്കും അടിസ്ഥാനമിട്ടത് ചാവറയച്ചനാണ്. എന്നാൽ, കേരള ചരിത്രകാരന്മാർ ബോധപൂർവം ഇതൊക്കെ തമസ്കരിച്ച മട്ടാണ്. ചാവറയച്ചന്റെ മാത്രമല്ല, കേരള സമൂഹത്തിൽ ക്രൈസ്തവർ വഹിച്ച സർവ പങ്കും തിരസ്കരിക്കപ്പെടുന്നു. ഭൂരിപക്ഷം ചരിത്രകാരന്മാരും ഇടതുപക്ഷത്തോടു ചേർന്നു നില്ക്കുന്നവരാണ്. വർഗസമരത്തിന്റെ കാഴ്ചപ്പാടിലാണ് അവർ ചരിത്ര രചന നിർവഹിച്ചിരിക്കുന്നത്. പിന്നെയുള്ളത് തീവ്ര വലതുപക്ഷക്കാരാണ്. അവർ സവർണ ജാതികളെ അടിസ്ഥാനപ്പെടുത്തിയുള്ള ചരിത്ര രചനക്കാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. നമ്മുടെ സ്കൂളുകളിലും കോളേജുകളിലും ഈ വിധത്തിൽ പഠിപ്പിക്കുമ്പോൾ ക്രൈസ്തവർ, ദളിതർ, ആദിവാസികൾ തുടങ്ങിയവരുടെ ചരിത്രം മറഞ്ഞു പോകുന്നു. നവോത്ഥാന ശില്പികളായി മറ്റു പലരെയും ഉയർത്തിക്കാട്ടുന്നു.

നമ്മുടെ കുട്ടികൾക്ക് നഷ്ടപ്പെടുന്ന ചരിത്ര ബോധത്തെപ്പറ്റി നാം ബോധവാന്മാരാകണം. യഥാർഥ ചരിത്രത്തെ മനസ്സിലാക്കാൻ അവർക്കവസരം നൽകണം. കേരളത്തെ ഇന്നത്തെ നിലയിൽ എത്തിച്ചതിൽ ചാവറയച്ചൻ തുടങ്ങിയ, ക്രൈസ്തവ ആത്മീയ നേതാക്കൾ വഹിച്ച പങ്കിനെ പുതുതലമുറയും മനസ്സിലാക്കണം. സഭ എന്നു കേൾക്കുമ്പോൾ പലർക്കും അഭിമാനം തോന്നാത്തതിനു കാരണം തെറ്റായ ചരിത്രാവബോധമാണ് എന്നതിൽ സംശയിക്കേണ്ടതില്ല.

# രക്ഷപെട്ടോടുന്ന യുവജനങ്ങൾ




ക്രൈസ്തവ യുവജനങ്ങളെ അന്വേഷിച്ചു കണ്ടെത്തേണ്ട അവസ്ഥ വരുന്നു. പ്ലസ്ടു അല്ലെങ്കിൽ ഡിഗ്രി കഴിഞ്ഞ് വിദേശത്തേക്കു ചേക്കേറുകയാണ് ഭൂരിപക്ഷം പേരും. കേരളത്തിൽ തുടർന്നാൽ ഭാവിയില്ലെന്നാണ് യുവജനങ്ങൾ അവകാശപ്പെടുന്നത്. നിലവാരമില്ലാത്ത യൂണിവേഴ്സിറ്റികൾ, ഏതെങ്കിലും തൊഴിൽ കിട്ടാനുള്ള സാധ്യതയില്ലായ്മ, വൃത്തിഹീനമായ തെരുവുകൾ, രാഷ്ട്രീയ, ഉദ്യോഗസ്ഥ ലോബിയുടെ അഴിമതികൾ എന്നിവയൊക്കെ പിറന്ന നാടിനെ മറക്കാൻ അവരെ പ്രേരിപ്പിക്കുന്നു.

വരുംകാലങ്ങളിൽ ഇതു സമൂഹത്തിൽ വരുത്തുന്ന മാറ്റങ്ങൾ ഏറെയാണ്. ആളില്ലാത്ത വീടുകളുടെ എണ്ണം കൂടി വരുന്നു. പരിപാടികളിൽ യുവജനങ്ങൾ കുറഞ്ഞു വരുന്നു. ഇടവകകളിലെ പല ചടങ്ങുകളിലും, ഇപ്പോൾ പ്രായം ചെന്നവരെയാണ് കൂടുതലായി കണ്ടുവരുന്നത്. പാശ്ചാത്യ ദേശങ്ങളിലേക്കു കുടിയേറുന്നവർ പി.ആർ. എടുത്ത് അവിടെ സ്ഥിരമാക്കുന്നതാണു കാണുന്നത്. ഇങ്ങനെ പോയാൽ ഇപ്പോഴത്തെ മുതിർന്ന തലമുറ അസ്തമിച്ചു കഴിഞ്ഞാൽ ഇവിടത്തെ സ്ഥിതി എന്തായിരിക്കുമെന്ന് ഊഹിച്ചാൽ മതി.

ഒരിക്കൽ, പതിനായിരങ്ങൾക്കു തൊഴിൽ കൊടുക്കുന്ന നിരവധി ഫാക്ടറികൾ സ്ഥിതി ചെയ്തിരുന്ന സ്ഥലമായിരുന്നു കേരളം. രാഷ്ട്രീയക്കാരുടെ ജനങ്ങളോടുള്ള 'പ്രതിബദ്ധത' വർധിച്ചപ്പോൾ അവയെല്ലാം നാടുവിട്ടു. ഇപ്പോൾ പുതുതലമുറയും രക്ഷപെടുന്നു. രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും തടിച്ചു കൊഴുത്തപ്പോൾ സാധാരണ ജനങ്ങൾ പ്രതീക്ഷ നഷ്ടപ്പെട്ട് ജീവിതം നിലനിറുത്താൻ പാടുപെടുന്നു. ചരിത്രത്തിലെ ഒരു ദശാസന്ധിയിലൂടെയാണ് കേരളമിപ്പോൾ കടന്നു പോകുന്നത്.

## റവ. സി. കരോളിനയെ ശ്രദ്ധിക്കുക



ഈയടുത്തകാലത്ത് വിദേശത്തുള്ള ഒരു കന്യാസ്ത്രീയുമായി വാട്ട്സ്ആപ്പിൽ സൗഹൃദമുണ്ടെന്ന് ഒരു സുഹൃത്ത് പറയുകയുണ്ടായി. സന്നദ്ധ പ്രവർത്തനത്തിനു വേണ്ടി വൻ തുക ഈ സിസ്റ്റർ സുഹൃത്തിനു വാഗ്ദാനം ചെയ്തു. അതിന്റെ പ്രോസ്സസിങ് ചെലവിനായി നല്ലൊരു തുക അയച്ചു കൊടുക്കണമെന്നും ആവശ്യപ്പെട്ടപ്പോഴാണ് ഇതിന്റെ പിന്നിലെ തട്ടിപ്പ് സുഹൃത്തിനു മനസ്സിലാകുന്നത്. ഇതുപോലെ മറ്റൊരു സുഹൃത്തിനും അനുഭവമുണ്ടായി. വിദേശത്തുള്ള സിസ്റ്റർ വിലപിടിച്ച ഒരു സമ്മാനമാണ് അയച്ചു കൊടുത്തത്. സമ്മാനം ഡൽഹിയിൽ എത്തിച്ചേർന്നു. അതിന്റെ നികുതിയും മറ്റു ചെലവുകളുമായി വൻതുകയാണ് ഈ സിസ്റ്റർ ആവശ്യപ്പെട്ടത്. എന്തോ ഭാഗ്യം തുണച്ചു. അദ്ദേഹവും അതിൽ നിന്നും രക്ഷപെട്ടു.

മരുന്നു വാങ്ങാൻ പണമില്ലെന്നു പറഞ്ഞ് സ്ഥിരമായി സ്ത്രീകളുടെ ശബ്ദത്തിൽ വോയ്സ് മെസേജ് അയക്കുന്നവരും ഉണ്ട്. ഇല്ലാത്ത സിസ്റ്ററിന്റെ പേരും പടവും ഉപയോഗിച്ച് തട്ടിപ്പിനിറങ്ങിയവരെ തിരിച്ചറിയാൻ നമുക്കു കഴിയണം. സിസ്റ്റർ കരോലിന എന്ന വ്യാജപേരിൽ ഉണ്ടാക്കിയിരിക്കുന്ന വാട്ട്സ്ആപ്പ് അക്കൗണ്ടിൽ നിന്നാണ് മിക്കവാറും ഈ സന്ദേശങ്ങളൊക്കെ വരുന്നത്. ഒരു സിസ്റ്ററിന്റെ പേരു കാണുമ്പോൾ യാഥാർഥ്യമാണെന്ന് പലരും തെറ്റിദ്ധരിക്കും. വൻതുക വാഗ്ദാനം ചെയ്ത് നമ്മുടെ വ്യക്തിഗത വിവരങ്ങൾ അവരാവശ്യപ്പെടും. ഈ വിധത്തിലാണ് പലരും തട്ടിപ്പിനിരയാകുന്നത്. ചിലപ്പോൾ ബൈബിൾ വാക്യങ്ങളും ഈ മെസേജുകളിൽ കാണാം. കന്യാസ്ത്രീ, ബൈബിൾ വാക്യം തുടങ്ങിയവ ഉപയോഗിക്കുമ്പോൾ സാധാരണക്കാർ വിശ്വസിച്ചു പോകും. തട്ടിപ്പുകൾ അരങ്ങേറുന്ന വിവിധ രീതികൾ വ്യക്തമാക്കാനാണ് ഇത്രയും വിവരിച്ചത്.



## സ്മാർട്ട് കിഡ്സ്



ചിത്രീകരണം: വെങ്കി

# കൂട്ട്

പപ്പയുടെയും അമ്മയുടെയും ഏകമകനാണ് കാൽവിൻ. അഞ്ചാം ക്ലാസിൽ പഠിക്കുന്നു. യാത്ര പോകുക എന്നത് അവന്റെ വലിയ ആഗ്രഹമാണ്. പക്ഷേ, സ്കൂളിൽ നിന്ന് ടൂർ പോകുമ്പോൾ കാൽവിന് പോകാൻ കഴിയാറില്ല. എന്തെങ്കിലുമൊക്കെ അപകടം പറ്റിയാലോ എന്നുള്ള ഭയമായിരുന്നു അവന്റെ പപ്പയ്ക്ക്. പലവട്ടം അത് പറഞ്ഞിട്ടുമുണ്ട്.

അങ്ങിനെയിരിക്കെ കാൽവിന്റെ ഒരങ്കിൾ അമേരിക്കയിൽ നിന്നും നാട്ടിലേക്ക് വരുന്നുണ്ടെന്ന വിവരം പപ്പാ പറഞ്ഞ് കാൽവിനറിഞ്ഞു. അങ്കിൾ അമേരിക്കയിലേക്ക് പോകുന്ന സമയത്ത് പറഞ്ഞിരുന്നതാണ് നാട്ടിൽ വരുമ്പോൾ നമുക്കൊരു ടൂർ പോവുകയോ ഏതെങ്കിലുമൊരു റൈഡിനു പോവുകയോ ചെയ്യാമെന്ന്. കാൽവിൻ ആ സമയത്ത് അതോർത്തു. എയർപോർട്ടിൽ അങ്കിളിനെ വിളിക്കാനായി പോകുമ്പോൾ കൂടെ വരുന്നുണ്ടോയെന്ന് പപ്പാ ചോദിച്ചപ്പോൾ അവനു വലിയ സന്തോഷമായി. പോകുന്നതിനിടയിൽ അങ്കിൾ പണ്ട് പറഞ്ഞ യാത്രയുടെ കാര്യം പപ്പയോട് അവൻ പറഞ്ഞു. ഒരു ഫാമിലി ടൂർ പോകാമെന്നാണ് അങ്കിൾ പറഞ്ഞിരിക്കുന്നതെന്ന് പപ്പാ അവനോട് പറഞ്ഞു. എന്തായാലും കുഴപ്പമില്ല ദൂരേക്ക് ഒരു യാത്ര പോകണം; എനിക്ക് അതാണ് സന്തോഷം.

അങ്ങനെ അവർ എയർപോർട്ടിൽ എത്തിയപ്പോൾ തന്റെ തൊട്ടടുത്തായി ഒരു പയ്യൻ ബൂട്ടും ജേഴ്സിയുമൊക്കെ ഇട്ടുകൊണ്ട് കൈയിലൊരു ഫുട്ബോളുമായി നിൽക്കുന്നത് കണ്ടു. കാൽവിൻ അവനോട് പേര് ചോദിച്ചു പരിചയപ്പെട്ടു. കെവിൻ എന്നായിരുന്നു അവന്റെ പേര്. ഫുട്ബോളിൽ ഹരമുള്ളയാളാണ് കെവിനെന്ന് അവനെ കാണുമ്പോഴേ മനസ്സിലാവും. അടിപൊളി വേഷത്തിൽ കണ്ട കെവിനുമായി കാൽവിൻ പെട്ടെന്നുതന്നെ കൂട്ടായി. അങ്കിൾ വന്നപ്പോൾ കെവിനോട് യാത്ര പറഞ്ഞ് പിരിഞ്ഞു. പിറ്റേന്ന് രാവിലെ അങ്കിളും പപ്പയും ടൂറിന്റെ കാര്യം സംസാരിക്കുന്നത് കേട്ട് കാൽവിൻ ഓടിച്ചെന്നു. ബാംഗ്ലൂരിലേക്കാണ് യാത്ര പോകുന്നതെന്നും പ്ലെയിനിലാണ് പോകുന്നതെന്നും അറിഞ്ഞപ്പോൾ കാൽവിന്റെ സന്തോഷം ഇരട്ടിയായി.

അന്ന് അവൻ സ്കൂളിൽ ചെല്ലുമ്പോൾ, എയർപോർട്ടിൽ വച്ചുകണ്ട കെവിൻ എന്ന ആ കുട്ടി ക്ലാസ്സിൽ ഇരിക്കുന്നത് കണ്ട് അവനമ്പരന്നു. കാൽവിൻ ഓടിച്ചെന്ന് വിശേഷമൊക്കെ തിരക്കി. അവൻ പറഞ്ഞു, ഈ സ്കൂളിൽ അവൻ പുതിയതായി വന്നുചേർന്നതാണെന്നും പപ്പയ്ക്ക് ജോലിമാറ്റം കിട്ടി ഇവിടെ വന്നതിനാൽ തൊട്ടടുത്ത് ഒരു വാടക വീട്ടിലാണ് താമസിക്കുന്നതെന്നും കെവിൻ പറഞ്ഞു. കാൽവിന്റെയും കെവിന്റെയും വർത്തമാനം കേട്ട് അവന്റെ മറ്റു കൂട്ടുകാർ അത്ഭുതപ്പെട്ടു. കെവിനെ നിനക്ക് പരിചയമുണ്ടോ. നിങ്ങൾ കൂട്ടുകാരാണോയെന്ന് അവർ ചോദിച്ചു. എയർപോർട്ടിൽ വച്ച് കണ്ടതും സംസാരിച്ചതും അവിടെവച്ച് കൂട്ടുകാരായതുമൊക്കെ കാൽവിൻ അവരോട് പറഞ്ഞു.

അങ്ങനെ ക്ലാസ്സൊക്കെ കഴിഞ്ഞ് കാൽവിൻ വീട്ടിലെത്തിയപ്പോൾ പപ്പാ അവനോട് യാത്രയ്ക്കുള്ള തടസ്സത്തെ പറ്റി പറഞ്ഞു. ഫ്ളൈറ്റ് ടിക്കറ്റ് എല്ലാവർക്കും ഓക്കെ ആയിട്ടില്ലാ. എന്ത് ചെയ്യണമെന്നറിയാതെ അവർ ആലോചനയിലായി. കാര്യം അറിഞ്ഞപ്പോൾ കാൽവിനു സങ്കടമായി. വലിയ പ്രതീക്ഷയോടെയാണ് അവൻ കൂട്ടുകാരോട് ഇതൊക്കെ പറഞ്ഞിരുന്നത്. ഉറപ്പായിട്ടും നമുക്ക് പിന്നീട് പോകാമെന്ന് അങ്കിൾ പറഞ്ഞെങ്കിലും കാൽവിന്റെ സങ്കടം മാറിയില്ല. എപ്പോ എവിടെ ടൂർ പ്ലാൻ ചെയ്താലും എനിക്ക് പോകാൻ പറ്റാറില്ല. പപ്പയാണെ





കഥ: സ്റ്റീവ് വർഗീസ്

ങ്കിൽ ഒരു സ്ഥലത്തും എന്നെ വിടുകയുമില്ല, അവൻ അതോർത്ത് സങ്കടപ്പെട്ടു. പിറ്റേന്ന് ശനിയാഴ്ച അവധി ദിവസം ആയതുകൊണ്ട് ഏറെ വൈകിയാണ് രാവിലെ ഉണർന്നത്. ഉണർന്നു കഴിഞ്ഞപ്പോൾ സ്കൂളിൽനിന്ന് കണക്ക് ടീച്ചർ പപ്പയെ വിളിച്ച കാര്യം പപ്പാ അവനോട് പറഞ്ഞു, കാൽവിൻ കണക്കിന് തീരെ മോശമാണെന്നും നന്നായി ശ്രദ്ധിക്കണമെന്നും ടീച്ചർ പറഞ്ഞു. ഇക്കാര്യം കാൽവിനോട് പപ്പ പറഞ്ഞ് അവനെ ഉപദേശിച്ചതിനുശേഷം അന്നുതന്നെ വൈകിട്ട് അടുത്തുള്ള ഒരു വീട്ടിൽ ട്യൂഷനായി ഏർപ്പാടാക്കുകയും ചെയ്തു. ട്യൂഷൻ ക്ലാസ്സിൽ ചെന്നപ്പോൾ അവിടെയും അവൻ കെവിനെ കണ്ടു. കെവിനെ കൂട്ടു കിട്ടിയപ്പോൾ ട്യൂഷൻ ക്ലാസ്സിൽ പോകാനും അവന് താത്പര്യമായി.

കെവിന്റെ ഫുട്ബോൾ കോച്ചിംഗ് സ്ഥലത്ത് ഇടയ്ക്കൊക്കെ അവന്റെ കൂടെ കാൽവിനും പോയിത്തുടങ്ങി. അങ്ങനെ അവനെ ഫുട്ബോൾ പഠിപ്പിക്കുന്ന സാറുമായും കാൽവിൻ പരിചയത്തിലായി. ഒരു ദിവസം കെവിനെ സ്കൂളിൽ കാണാതെ, അന്ന് വൈകിട്ട് അന്വേഷിച്ച് ട്യൂഷൻ ക്ലാസ്സിലെത്തിയപ്പോൾ അവിടെയും കണ്ടില്ല. അവൻ പിറ്റേന്ന് കോച്ചിംഗ് സ്ഥലത്ത് ചെന്ന് അന്വേഷിച്ചു. ഫുട്ബോൾ കോച്ചാണ് പറഞ്ഞത്, രണ്ടു ദിവസം മുൻപ് കളിക്കിടെ താഴെവീണ് ഇടതുകാലിൽ നേരിയ പൊട്ടലുള്ളതിനാൽ പ്ലാസ്റ്ററിട്ട് ഇപ്പോൾ അവൻ റെസ്റ്റിലാണെന്ന്.

ആ വർഷത്തെ സ്കൂൾ ടൂറിന്റെ കാര്യം അറിയച്ചത് ഈ ദിവസങ്ങളിലാണ്. പതിവുപോലെ കാൽവിൻ പപ്പയോട് ടൂറിനു പോകാൻ അനുവാദം ചോദിച്ചു. പ്രതീക്ഷയില്ലാതെയാണ് അവൻ ചോദിച്ചതെങ്കിലും ഈ വർഷം ടൂറിനു പൊയ്ക്കൊള്ളാൻ പപ്പാ അനുവദിച്ചു. അങ്കിളിനോടൊപ്പം പ്ലാൻ ചെയ്തിരുന്ന യാത്ര മുടങ്ങിയതിനാലാകണം ഇത്തവണ പൊയ്ക്കൊള്ളാൻ പപ്പ പറഞ്ഞത്. ഏറെ സന്തോഷത്തോടുകൂടി പപ്പയെ കെട്ടിപ്പിടിച്ചു അവൻ താങ്ക്സ് പറഞ്ഞു.

കാൽവിൻ ഇടയ്ക്ക് ഫോൺ ചെയ്തു കെവിനോട് വിവരങ്ങളൊക്കെ അന്വേഷിക്കാറുണ്ടായിരുന്നു. സ്കൂളിൽ നിന്നും ടൂർ പോകുന്ന കാര്യവും കാൽവിൻ കെവിനോട് പറഞ്ഞു. കാലൊടിഞ്ഞ് ഇരിക്കുന്നതിനാൽ വരാൻ പറ്റില്ലായെന്ന് കെവിൻ പറഞ്ഞു. അങ്ങനെ സ്കൂളിൽ നിന്നും ടൂർ പോകാനുള്ള ദിവസമെത്തി. കാൽവിൻ അമ്മയോട് പറഞ്ഞിട്ട് കെവിനെ കാണുവാനായി കെവിന്റെ വീട്ടിലെത്തി. അന്നൊരു ശനിയാഴ്ചയായിരുന്നു. തിങ്കളാഴ്ചയാണ് ടൂർ പോകുന്നത്. ടൂർ പോകുന്ന കാര്യങ്ങളൊക്കെ കാൽവിൻ കെവിനോട് പറഞ്ഞു. കാൽവിനൊപ്പം ടൂർ പോകാൻ സാധിക്കാത്തതിൽ കെവിന് സങ്കടമായി. കെവിൻ പറഞ്ഞു: “എടാ നാളെ എന്റെ കാലിന്റെ പാസ്റ്റർ വെട്ടും. ഞായറാഴ്ചയും തിങ്കളാഴ്ചയും സ്കൂളിന് അവധിയല്ലേ? തിങ്കളാഴ്ച ടൂർ ആയതിനാൽ അന്ന് ക്ലാസ്സില്ലല്ലോ.” ദിവസങ്ങളായി കളിക്കാൻ കാത്തിരിക്കുകയായിരുന്നു കെവിൻ. തന്നോടൊപ്പം കളിക്കാൻ വരാമോയെന്ന് കാൽവിനോട് കെവിൻ ചോദിച്ചപ്പോൾ ടൂർ പോകുന്ന കാര്യം പറഞ്ഞ് അവൻ ഒഴിവായി. കെവിൻ സങ്കടപ്പെട്ട് നിന്നപ്പോൾ കാൽവിൻ പറഞ്ഞു: സാരമില്ല, ഞാൻ ടൂർ കഴിഞ്ഞു വരുമ്പോൾ നമുക്ക് ഒരുമിച്ച് കളിക്കാം, വിശേഷങ്ങളൊക്കെ പറയാം. അത് കേട്ടിട്ടും കെവിന്റെ സങ്കടം മാറിയില്ല; അവന്റെ കണ്ണുകൾ നിറഞ്ഞു. ടൂർ പോകാനും പറ്റില്ല, കളിക്കാനും പറ്റില്ല, ആകെ സങ്കടത്തിലായ കെവിനെ നോക്കിനിന്ന കാൽവിനും സങ്കടമായി. ഒന്നും മിണ്ടാതെ നിന്ന കാൽവിനോട് കെവിൻ ചോദിച്ചു, എന്താ നീ ആലോചിക്കുന്നത് നിനക്ക് നാളെ ടൂർ പോകാൻ ഉള്ളതല്ലേ എന്തുപറ്റി. ആലോചിച്ചു നിന്നതിനുശേഷം കാൽവിൻ പറഞ്ഞു, എടാ സ്കൂളിൽ നിന്ന് ടൂറിന് അവർ പോയ്കൊള്ളട്ടെ ഞാൻ എന്തായാലും പോകുന്നില്ല. ഞാൻ നിന്നോടൊപ്പം കളിക്കാൻ വരാം. കുറേ ദിവസങ്ങളായില്ലേ പ്ലാസ്റ്ററിട്ട് വീട്ടിലിരിക്കുന്നത്. നിന്റെ കൂടെ വർത്തമാനം പറയാനും ഒരുമിച്ചു കളിക്കാനും ഞാൻ വരാം, എനിക്ക് ടൂർ പോകണമെന്നില്ല. നമുക്കൊരുമിച്ച് കളിക്കാമെന്നു പറഞ്ഞ് കാൽവിൻ യാത്രപറഞ്ഞു.

വീട്ടിലെത്തിയപ്പോൾ ഈ കാര്യമെല്ലാം കാൽവിൻ അമ്മയോട് പറഞ്ഞു. അമ്മയ്ക്ക് അത്ഭുതമായി. ടൂർ പോകാൻ നാളുകളായി ആഗ്രഹിച്ചിരുന്ന അവൻ അനുവാദം കിട്ടിയിട്ടും പോകാതെ കെവിനൊപ്പം കളിക്കാൻ തീരുമാനിച്ച കാര്യം കേട്ടപ്പോൾ അമ്മയുടെ കണ്ണുകൾ നിറഞ്ഞു. ആത്മാർഥ സുഹൃത്തുക്കളായി മാറിയ അവർ രണ്ടുപേരെയും ഓർത്ത് പപ്പയ്ക്കും അമ്മയ്ക്കും അഭിമാനം തോന്നി, അതിലേറെ സന്തോഷവും.






# ചിരിയും ചിന്തയും



കാർട്ടൂൺ: ജോയ്സ് കെ.ജോസ്



A CATHOLIC MAGAZINE FOR YOUTH AND YOUNG FAMILIES ▪ ISSUE 47

# KAIROS GLOBAL

PRIVATE CIRCULATION ONLY



ALSO ↓

*The Fragrance of Medjugorje*

JOFFIN CHOWALLOOR

**NOT ONE FOR STEREOTYPE**

ALINA ANN MATHEW

# WHY CATHOLICISM?

GEORGE K PAUL

Jesus Youth

A Missionary Movement At The Service Of The Church

Kairos Media, 8/174, Navodaya Studio Complex, Thengode P.O, Kochi 682 030, Kerala, India
kairosmag@jykairosmedia.org +91 484 2984327 91 62382 79115 | www.jykairosmedia.org

RNI No.KERMAL/2002/12027, Date of publication: 01/02/2022, ₹50.00

# WOO HOO!

## ഡിസൈനിൽ തട്ടിവീണത് താർ മരുഭൂമിയിൽ നിന്നുള്ള ഈറക്കുമതി ചരക്കിലേക്ക്!




പുത്തൻ കെയ്റോസ് വായിച്ചു. മനസ്സ് നിറഞ്ഞു. തുടക്കം മുതൽ അവസാനം വരെ ആർത്തിയോടെ വായിച്ചു. കട്ട വിശപ്പായിരുന്നു വായിക്കാൻ. സന്തോഷം ജിന്റോ ചേട്ടാ.. ചേട്ടനിങ്ങനെ രാജസ്ഥാൻ മരുഭൂമിയിൽ നിന്നും കേരളത്തിലേക്ക് ആത്മസന്തോഷം കെയ്റോസിലൂടെ കയറ്റി അയക്കുന്നതിന് സ്വർഗത്തിലെ അപ്പന്റെ കൈയിൽനിന്നും പ്രത്യേക പുരസ്കാരം കിട്ടട്ടെ. ഷാജി ചേട്ടന്റെ ഡിസൈൻ ആണ് ഇത്തവണത്തെ സെന്റർ ഓഫ് അട്രാക്ഷൻ. അതിൽ തട്ടി വീണിട്ടാണ് വായനയുടെ ഈ കെയ്റോസ് ലോകത്തിലേക്ക് ഇത്തവണ ഞാൻ കാൽവഴുതി വീണത്. നന്ദി; സുഖമുള്ള വീഴ്ചക്ക് കളമൊരുക്കിയത്തിന്. ജനുവരി ലക്കത്തിന് ഹൃദയം നിറഞ്ഞ കൈയടി.

Printed Published by Reji J. Karot on behalf of Kairos Trust Chevayur P.O., Kozhikode-673017, Kerala. Printed at Sterling Print House (P) Ltd. , Door No.49/1849, Ponekkara- Cheranalloor Road, AIMS, Ponekkara P.O, Kochi-682 041 Cell: 98479 00555. Place of Publication Kairos, 8/174, Navodaya Studio Complex, Thengod P.O, Kakkanad, Ernakulam – 682 030. Editor Adv. K.J. Johnson, Kunnathuparambil (H), P.O. Vellangallur, Thrissur 680 662